# ഷ്പാഞ്ജലി

കപടലോകത്തിലാത്മാർത്ഥമായൊരു
ഹൃദയമുണ്ടായതാണെൻ പരാജയം.

ചങ്ങമ്പുഴ

Digitized by Kerala Sahitya Akademi

# ബാഷ്പാഞ്ജലി

(നാലാംപതിപ്പ്)

ഗ്രന്ഥകാരൻ:

**ചങ്ങമ്പുഴ കൃഷ്ണപിള്ള, എം. എ.**

ഇടപ്പള്ളി.

**PUBLISHERS:**

**THE MANGALODAYAM LTD.,**

**TRICHUR.**

Digitized By Kerala Sahitya Akademi

First Impression in Kanni, 1110
(1000 Copies)
Reprinted in Makarom, 1119
(1000 Copies)
Reprinted in Medom, 1120
(1000 Copies)
Reprinted in Medom, 1121
(1000 Copies)

ALL RIGHTS STRICTLY RESERVED
AND KEPT BY
MRS. SREE DEVI CHANGAMPUZHA
"SREE DEVI MANDIRAM"
EDAPPALLY
(N. TRAVANCORE)

Price:
RUPEE ONE AND ANNAS EIGHT.

Printed at
The Mangalodayam Press
Trichur

Digitized By Kerala Sahitya Akademi

To

**Dr. & Mrs. M. GOPALAN NAIR.**

(BRITISH COCHIN)

THIS COLLECTION OF EARLY LYRICS
IS INSCRIBED BY THE AUTHOR
WITH EVERY SENTIMENT OF
RESPECT, ADMIRATION & AFFECTION

COCHIN
25—1—1944

**Changampuzha.**

Digitized By Kerala Sahitya Akademi

"Love that is flesh upon the spirit of man,
And spirit within the flesh when breath began,
Love that keeps all ahe choir of lives in chime,
Love that is blood within the veins of time."

SWINBURNE.

Digitized By Kerala Sahitya Akademi

# കവിതകൾ


| | ഭാഗം |
|---|---|
| I. രാമനക്കുട്ടൻ | |
| 1. ആ പൂമാല (1108 മേടം) | 1 |
| 2. നിരാശ (1110 കന്നി) | 8 |
| 3. ആവലാതി (1107 വൃശ്ചികം) | 9 |
| II. മാരവലി | |
| 1. അടുത്ത പ്രഭാതം (1108 മകരം) | 12 |
| 2. വിരഹി (1107 കന്നി) | 14 |
| 3. ദിവ്യാനുഭൂതി (1109 ചിങ്ങം) | 16 |
| 4. അതിഥി (1110 കന്നി) | 19 |
| 5. നഷ്ടഭാഗ്യസ്മൃതി (1107 മകരം) | 21 |
| 6. സങ്കേതം (1108 ചിങ്ങം) | 25 |
| 7. നിർവൃതി (1110 ചിങ്ങം) | 26 |
| III. തിരുവാതിര | |
| 1. കളിത്തോപ്പിൽ (1107 ധനു) | 29 |
| 2. വാടാവിളക്ക് (1108 വൃശ്ചികം) | 32 |
| 3. വിയോഗിനി (1108 കുംഭം) | 36 |
| IV. കുറത്തി | |
| 1. പ്രതിജ്ഞ (1109 ധനു) | 39 |
| V. ഗ്ലണമേരും | |
| 1. മധുവിധു (1108 മീനം) | 42 |
| 2. വഷ്ളു! (1109 മേടം) | 45 |
| 3. മാപ്പ് (1109 മേടം) | 49 |
| VI. കല്യാണികളവാണി | |
| 1. ആത്മരഹസ്യം (1109 വൃശ്ചികം) | 52 |


Digitized By Kerala Sahitya Akademi

VII. ഉപസർപ്പിണി

1. മൂകതക (1108 കന്നി) 55
2. എനിക്കു വേണ്ടതു് (1110 ചിങ്ങം) 56
3. ഇരുളിൽ (1110 ചിങ്ങം) 58
4. പ്രതീക്ഷ (1109 തുലാം) 65
5. ചരിതാർത്ഥതന്നെ ഞാൻ (1108 വൃശ്ചികം) 66
6. എന്റെ സഖി (1109 മകരം) 69
7. അന്നും ഇന്നും (1109 ധനു) 72
8. അന്ത്യസമാധാനം (1110 കന്നി) 76
9. ആവോ! (1108 മകരം) 81

VIII. മധുരമൊഴി

1. എന്റെ ചോദ്യം (1110 കന്നി) 82

IX. മാകന്ദമഞ്ജരി

1. നിഗൂഢദർശനം (1108 കുംഭം) 83
2. സ്വപ്നം (1108 ഇടവം) 86
3. വിഫലനൃത്തം (1110 ചിങ്ങം) 87
4. പരാജയം (1110 കന്നി) 90
5. ശിഥില ചിന്ത (1110 കന്നി) 93

X. കാകളി

1. നിർവ്വാണരംഗം (1110 കന്നി) 96
2. രാഗിണി (1108 മേടം) 98
3. മുഗ്ദ്ധരാഗം (1108 ചിങ്ങം) 100

XI. പാന

1. ശൂന്യതയിൽ (1108 വൃശ്ചികം) 102

XII. മലർമതിൻകാന്തൻ

1. പാരവശ്യം (1109 മേടം) 103
2. പരിതൃപ്തി (1109 ധനു) 106

Digitized By Kerala Sahitya Akademi

XIII. താരാട്ട്

1. പ്രഭാതബാഷ്പം (1109 ധനു) 107

XIV. കേക

1. കാമുകനെ കാത്ത് (1109 മകരം) 111
2. രാഗവ്യഥ (1109 വൃശ്ചികം) 112
3. ആശ (1109 ധനു) 113
4. തുഷാരഗീതി (1109 കന്നി) 114
5. ഹേമ (1108 കുംഭം) 116
6. സല്ലാപം (1108 ചിങ്ങം) 118
7. സൌന്ദര്യലഹരി (1108 തുലാം) 120
8. ആത്മക്ഷതം (1109 മിഥുനം) 122

XV. കല്യാണരൂപി

1. വനബാല (1107 മകരം) 125

XVI. അന്നനട

1. വിശ്രാന്തി (1108 ചിങ്ങം) 127
2. പ്രണിതഹൃദയം (1108 കന്നി) 130

ഈ കൃതികളെല്ലാം പതിനേഴു വയസ്സുമുതൽ ഇരുപത്തിയൊന്നു വയസ്സുവരെയുള്ള കാലത്തിനിടയിൽ രചിക്കപ്പെട്ടിട്ടുള്ളവയാണ്.

Digitized By Kerala Sahitya Akademi

—my sad life is doomed to be, alas,
Ruined and sere like sorrow-trodden grass,
My heart hath grown, plucked by the wind of grief,
Akin to fallen flower and faded leaf,
Akin to every lone and withered thing
that hath foregone the kisses of the spring

SAROJINI NAIDU

Digitized By Kerala Sahitya Akademi

## ഒന്നാംപതിപ്പിന്റെ പ്രസാധകന്റെ

# മുഖവുര

ഒരുപക്ഷേ, ഇതിനകം ശ്രീമാൻ ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ കവിതയെക്കുറിച്ച് എനിക്കുള്ള മതിപ്പിനെപ്പററി സാഹിത്യാഭിമാനികളായ പലരും അറിഞ്ഞിരിക്കാം. അതുകൊണ്ട് ഈ മുഖവുരയിൽ, ഇതിനകത്തടങ്ങിയിരിക്കുന്ന കാവ്യഖണ്ഡങ്ങളുടെ മാഹാത്മ്യത്തെപ്പററി യാതൊന്നും പറയേണ്ടതായ ആവശ്യമില്ലല്ലോ.

മലയാളത്തിലെ പല ഉൽകൃഷ്ടപത്രഗ്രന്ഥങ്ങളിലും നിരന്തരമായി കാണപ്പെട്ടുവന്ന ഇദ്ദേഹത്തിന്റെ കവിതകൾ, കുറെ കഴിഞ്ഞപ്പോൾ, പല സാഹിത്യരസികന്മാരും എന്നപോലെ ഞാനും കൂടുതൽ ശ്രദ്ധയോടെ വായിച്ചുതുടങ്ങി. അതിന്റെ ഫലമായി മലയാളസാഹിത്യത്തിന് ഒരു മഹാസമ്പൽക്കാരകൻ ആകുവാൻ പോകുന്നതോ, ആയിത്തീൎന്നിരിക്കുന്നതോ, ആയ ഒരാളാണ് ഈ പുതിയ പേരുകാരൻ എന്നുള്ള ബോധം പലക്കും എന്നപോലെ എനിക്കും ഉണ്ടായി. ആൾ ആരെന്നും സ്ഥിതികൾ എന്തെന്നും അറിയുവാനുള്ള ഉൽക്കണ്ഠയും വദ്ധിച്ചു.

ഈപ്രകാരം ഒരു ജിജ്ഞാസ ഉദിക്കുന്നതിനു വിശേഷിച്ചൊരു കാരണവും ഉണ്ടായിരുന്നു. അഹ്റിക്കാത്ത നിരാശയിലും ജീവിതക്ലേശങ്ങളിലും അമൎന്ന് അതിദയനീയമായി വിലപിക്കുന്ന ഒരു പരമാൎദ്രഹൃദയത്തിന്റെ നിഷ്കളങ്കധ്വനികളാണ് ഈ കവിതകളിൽ മുഴങ്ങുന്നതെന്ന് ആൎക്കും കാണാവുന്നതാണ്. കപടതകൾ നിറഞ്ഞ ലോകം, ദുഷ്ടന്മാരെ വിട്ടുമാറാത്ത ജീവിതവിജയം, സമസൃഷ്ടികളുടെ ദാരുണാവസ്ഥയിൽ

Digitized By Kerala Sahitya Akademi

ഒരു തുള്ളി കണ്ണുനീർപോലും പൊഴിക്കാത്ത മനുഷ്യസമുദായം, സാധുക്കളുടെ ജീവരക്തം പാനംചെയ്തു സംപുഷ്ടമാകുന്ന ധനപ്രമത്തത, പ്രതികൂലശക്തികളുടെ ഉഗ്രതാണ്ഡവം കണ്ടു ചകിതയായി നില്ക്കുന്ന നീതി എന്നിങ്ങനെയുള്ള വൈഷമ്യങ്ങളെപ്പററിമാത്രം ആയിരുന്നു, ഈ കവി എഴുതിയിരുന്നതെങ്കിൽ, നിസർഗ്ഗസുന്ദരങ്ങളായ ബാഹ്യരൂപങ്ങൾകൊണ്ടു് ഈ മാതിരി ആശയങ്ങൾക്കു പരമാകർഷകത്വം നൽകുന്ന അദ്ദേഹത്തിൻെറ കവിതകൾ ഇന്നത്തെ കേരളീയകാവ്യകാരന്മാരുടെ പംക്തിയിൽ അദ്ദേഹത്തെ അദ്വിതീയമായ ഒരു സ്ഥാനത്തു പ്രവേശിപ്പിച്ചിരിക്കുന്നു എന്നു കണ്ടു്, പലജോലിക്കാരനായ ഞാൻ മൗനം ഭജിക്കുമായിരുന്നു.

എന്നാൽ ശ്രീമാൻ ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ കവിതകളിൽ ഇത്രമാത്രമല്ല കാണുവാനുള്ളതു്. നാം എല്ലാവരും ഏററവും കൂടുതലായി പേടിക്കുകയും വെറുക്കുകയും ചെയ്യുന്ന മരണത്തെ അദ്ദേഹം അതികോമളനായി, ആർദ്രമനസ്കനായി പ്രത്യക്ഷപ്പെടുത്തുന്നു.

കവിയുടെ ഭാവനയെ ഇപ്രകാരം ഇതിലടങ്ങിയിരിക്കുന്ന കവിതകളിൽനിന്നു നമുക്കു വ്യാഖ്യാനിക്കാം:—

മനുഷ്യൻെറ ജീവിതചൈതന്യം ലോലഹൃദയയായ ഒരു ബാലികയാണു്. അവൾ പ്രായപൂർത്തിയുടെ പ്രാരംഭത്തിൽ പ്രണയശീതളമായ ഒരാലംബകേന്ദ്രം തേടുന്നു. അന്തസ്സാരവിഹീനനും, സുഖലോലുപനും, ആയ ജീവിതം അവളുടെ ഹൃദയം അപഹരിക്കുന്നു. അവളിൽ നിസ്തുലാനുരാഗം വർഷിച്ചു് അവളുടെ ശാശ്വതവിശ്രമത്തിനായി അങ്കതലം ഒരുക്കി അവളെത്തന്നെ ഉററുനോക്കിക്കൊണ്ടിരിക്കുന്ന മരണം എന്ന മഹാനുഭാവനെപ്പററി ഒരു നിമിഷനേരം ശ്രദ്ധിക്കുവാൻപോലും ഈ ചപലകാമുകൻ അനുവദിക്കുന്നില്ല. ദിനാന്തത്തിൻെറ പ്രശാന്തതയിൽ ചിലപ്പോൾ വിജനതയിലുള്ള ധ്യാന

Digitized By Kerala Sahitya Akademi

ത്തിൽ ഇവൾ യഥാർത്ഥകാമുകൻെറ സുകുമാരരൂപം നേരിയ മേഘങ്ങളോടിടചേർന്ന് അവ്യക്തമായി അതിദൂരത്തിൽ കണ്ടേന്നു വരാം. അവളുടെ ഹൃദയം പെട്ടെന്നു വികസിച്ചു മുന്നോട്ടാഞ്ഞെന്നും വരാം. പക്ഷേ വിഹാരപടുവായ സഹചാരി അവളുടെ മുഖം പിടിച്ചു തിരിച്ചിട്ട്, "അങ്ങോട്ടു നോക്കരുത്; അവൻ ഭയങ്കരനാണ്; അതിക്രൂരനാണ്; അത്യന്തം വിലക്ഷണനുമാണ്. വരൂ! എഴുന്നേൽക്കൂ! നമുക്കു കൂടുതൽ സുഖാനുഭവങ്ങളിലേയ്ക്കിറങ്ങാം" എന്നു പറയുന്നു. അവിവേകിയായ പെൺകുട്ടി അതനുസരിക്കുന്നു. പക്ഷേ ഇവൻെറ വലയിൽ അവൾ ദീർഘകാലം ബദ്ധയാകുന്നില്ല. അഥവാ അവൻ ഈ വേഴ്ച അനേകകാലം തുടരണമെന്നു മോഹിക്കുന്നില്ല. അവളുടെ ആകാരചേതോഹാരിത നശിച്ച് അവൾ നിസ്തേജയാകുമ്പോൾ അവൻ ദൂരെ വെടിഞ്ഞിട്ടു കടന്നുകളയുന്നു. നിരാലംബയായ വനിത നിരാശാഭാരത്തോടെ അന്തർനേത്രങ്ങൾ തുറന്നുനോക്കുമ്പോൾ കാണുന്നത്, നമ്മുടെ കവിയുടെ ഭാഷയിൽ,

"മദിരോത്സവം നിനക്കോമലേ, മതിയായോ?
മതിയായെങ്കിലൊന്നു തല ചായ്ക്കണ്ടേ?—പനീർ-
മലർചിന്നിയൊരെൻെറ മാർത്തടം പോരേ?—പോരൂ!
അവശേ, നീയിന്നെന്തിനിത്രമേൽപരുങ്ങുന്ന-
തവിടെക്കിടന്നോട്ടേ, ശൂന്യമത്തങ്കക്കിണ്ണം.
മേദുരാമോദം നിന്നെ, നിശ്ശബ്ദമോരോ പാട്ടു
സാദരം പാടിപ്പാടിയുമ്മവച്ചുറക്കാം, ഞാൻ!
പരിചോടെന്നും നിനക്കത്യനർഘമാമോരോ
പരമാനന്ദസ്വപ്നം കണ്ടുകണ്ടുറങ്ങിടാം.
കാലത്തിൻ ചിറകടിയൊച്ച കേട്ടുണരാതെ
ലോല നീയെൻമാറത്തു പൂവുപോൽ കിടക്കുമ്പോൾ,

Digitized By Kerala Sahitya Akademi

പുളകോൽഗമകാരിയായ നിന്നംഗസ്പർശം
മിളിതോത്സവം ഞാനുമാസ്വദിച്ചാനന്ദിക്കാം.
അങ്ങനെയന്യോന്യസംസിക്തമാമനുരാഗ-
മംഗളമലർവല്ലി പുഷ്പിച്ചു ലസിക്കട്ടെ.

പോരികെൻ മാറത്തു, ഞങ്ങനോമനയല്ലേ? ബാഷ്പ-
ധാര ഞാൻ തുടച്ചേക്കാം, നാണമെന്തയ്യോ! പോരൂ!! ''

എന്നുള്ള നിഃശ്ലപ്രണയസല്ലാപഗീതങ്ങളോടെ മുൻപിൽ നില്ക്കുന്ന അതികമനീയാംഗനായ മരണത്തേയാണ്.

ഈ വ്യാഖ്യാനത്തിനു നിദാനമായി ഈ ഗ്രന്ഥത്തിൽ കാണുന്ന കവിതകളാണ് ശ്രീമാൻ ചങ്ങമ്പുഴ കൃഷ്ണപിള്ളയെ പ്പററി കൂലങ്കഷമായി അന്വേഷിക്കുന്നതിനു് എന്നെ പ്രേരിപ്പിച്ചതു്. നേരിട്ടുള്ള കത്തിടപാടുകൾ മാത്രമായും, മററു പല പരിചയക്കാർമുഖാന്തിരവും കവിയെക്കുറിച്ച് എനിക്കു പല കാര്യങ്ങളും അറിയുവാനിടയായി. അനാഗതശ്മശ്രുവായ ഈ യുവാവ് മാതൃഭാഷാഭിമാനികളോ സമസ്തഷ്ടസ്നേഹികളോ ആയ ആരുടേയും വാത്സല്യപൂർവ്വമായ പരിചരണത്തെ അർഹിച്ചും ആശിച്ചും ജീവിതവൈഷമ്യങ്ങളിൽ വലയുന്ന ഒരാളാണെന്നു ഞാൻ അറിഞ്ഞു.

മലയാളസാഹിത്യത്തിൻെറ അഭിനവപരിവർത്തനത്തെ ക്കുറിച്ച് എനിക്കുള്ള സുദൃഢാഭിപ്രായങ്ങൾ പുരസ്കരിച്ച് ഉണ്ടായിട്ടുള്ള സാഹചര്യങ്ങൾനിമിത്തം മിക്കപ്പോഴും നടക്കുന്ന സുഹൃൽസംഭാഷണങ്ങളിലെല്ലാം ശ്രീമാൻ കൃഷ്ണപിള്ളയുടെ അനന്യസാധാരണമായ കാവ്യരചനാസൗകുമാര്യത്തെപ്പററി പലരിൽനിന്നും നിഷ്പക്ഷങ്ങളായ അഭിപ്രായങ്ങൾ കേട്ടുതുടങ്ങി. വിലക്ഷണങ്ങളായ ശാരീരികബന്ധങ്ങളിലേയ്ക്ക് ഒരിക്കലും താഴാതെ പ്രൗഢമധുരമായി നില്ക്കുന്ന പ്രണയപ്രതിപാദ

Digitized By Kerala Sahitya Akademi

നങ്ങൾ, യാതൊരു ഹൃദയത്തിനും നോവു തട്ടാതെ ആരേയും ആകർഷിക്കുമാറുള്ള ലോകചര്യാനിരൂപണങ്ങൾ, പതിതമെങ്കിലും നൈസർഗ്ഗികബന്ധംകൊണ്ടു ദൈവികതത്വത്തോടു സംഘടിതമായ മനുഷ്യത്വത്തിൻെറ അന്തർല്ലീനമാഹാത്മ്യത്തെക്കുറിച്ചുള്ള പരിദേവനങ്ങൾ, സകല കഷ്ടതകൾക്കും പരമപരിഹാരം നല്കുന്ന സാക്ഷാൽ കാവ്യസ്വരൂപിണിയോടുള്ള ദയനീയാർത്ഥനകൾ, അപ്രമേയവും എന്നാൽ അതിമോഹനവും ആയ ചിൽപ്രകാശത്തിൻെറ പരിപൂർണ്ണാനുഗ്രഹത്തിനുവേണ്ടിയുള്ള ആക്രന്ദനങ്ങൾ, ഇവയെല്ലാം രമണീയതമമാക്കുന്ന കോമളപദാവലികൾ—ഇതാണു് ഇതുവരെ വെളിയിൽ വന്നിട്ടുള്ള ചങ്ങമ്പുഴക്കൃതികളുടെ പ്രധാനസ്വഭാവങ്ങളെന്നു കാവ്യനിർമ്മാണത്തിൽ എന്നെപ്പോലെ വിദൂരരല്ലാത്ത പല സാഹിത്യപ്രണയികളും നിരന്തരം പറഞ്ഞുവന്നു. ഈ കാവ്യഖണ്ഡങ്ങൾ അങ്ങിങ്ങായി ചിതറി, കാലാന്തരത്തിൽ നഷ്ടപ്പെട്ടുപോകാതെ, ഗ്രന്ഥരൂപത്തിൽ പരിരക്ഷിക്കേണ്ടതു്, ഭാഷാസാഹിത്യത്തോടു തെല്ലെങ്കിലും ഭക്തിയുള്ള ആരുടേയും കടമയാണെന്നും അപ്രകാരം ചെയ്യുന്നതിനു നിവൃത്തിയില്ലാത്ത കവിക്കു് ഈ പ്രസിദ്ധീകരണത്തിൽനിന്നും ഉണ്ടാകുന്ന സകല ആദായങ്ങളും നൽകേണ്ടതാണെന്നും ആയിരുന്നു പ്രസ്തുത മിത്രങ്ങളുടെ നിർദ്ദേശം.

വിവരം ഞാൻ കവിയെ അറിയിക്കുകയും അദ്ദേഹം ചാരിതാർത്ഥ്യവാഗ്ദ്യോടും ആശാപ്രകർഷത്തോടുംകൂടി ഈ അഭിപ്രായം ആദരിക്കുകയും ചെയ്തു. അതിൻെറ ഫലമാണു് 'ബാഷ്പാഞ്ജലി' എന്ന ഈ പ്രസിദ്ധീകരണം.

"ഞെരിയുമൊരാത്മാവിൻദീനനാദം
സ്വരപഥത്തോളം ചെന്നെത്തിയാലും,
ബധിരമീ ലോകം........................"

എന്നു വിലപിച്ചു്,

Digitized By Kerala Sahitya Akademi

"വിജയലക്ഷ്മിവന്നെന്നെത്തലോടുവാൻ
ഭജനലോലനായെത്രനാൾ കാത്തു ഞാൻ?
അവളനുകൂലയല്ലെനി,ക്കാകയാ-
ലവനതാസ്യനായ് പിൻമടങ്ങട്ടെ, ഞാൻ."

*　　　　*　　　　*

"ഒരു മരതകപ്പച്ചിലക്കാട്ടിലെൻ
മരണശയ്യ വിരിക്കൂ സഖാക്കളേ!
വസുധയോടൊരു വാക്കുചൊന്നി,ട്ടിതാ
വരികയായി ഞാൻ! — അല്പം ക്ഷമിക്കണേ!...."

എന്നു തന്റെ സന്തപ്തജീവിതം അവസാനിപ്പിക്കുവാൻ മുതിന്നു്,

"കാമനേ, മടിക്കേണ്ട പോരികെന്നെന്നെ സ്വയം
പ്രേമസല്ലാപത്തിനായ് ക്ഷണിക്കും മരണത്തെ,
ഞാനനാദരിച്ചാലോ? — പാടില്ല, വേഗം ചെന്നെൻ
പാനഭാജനം കൈയിൽ കൊടുപ്പതത്രേ കാമ്യം!"

എന്നു തീച്ചപ്പെട്ടിരിക്കുന്ന ഈ യുവാവിനോടു് നമുക്കുള്ള കടമയെ അനുസ്മരിപ്പിച്ചുകൊണ്ടു്,

തിരുവനന്തപുരം,
2—3—1110.
ഇ. വി. കൃഷ്ണപിള്ള ബി. എ. ബി. എൽ.
(ഒപ്പ്)

Digitized By Kerala Sahitya Akademi

# ഒന്നാംപതിപ്പിൻെറ പ്രസ്താവന

ശരിയായിരിയ്ക്കാം — ഈ ലോകമേററം
നിരുപമാനന്ദദമായിരിയ്ക്കാം;
പ്രബലപ്രതാപാദിജീവിതമാം
നറുപാൽക്കടലിൻതരംഗമാകാം; —
ഹതഭാഗ്യൻ ഞാൻ പക്ഷേ കണ്ടതെല്ലാം
പരിതാപാപ്ലാദിതമായിരുന്നു! —
സതതമെൻ കാതിൽ പതിച്ചതെല്ലാം
കരുണതൻ രോദനമായിരുന്നു! —
എരിയുമെന്നാത്മാവിലേററതെല്ലാം
ചുടുനെടുവീർപ്പുകളായിരുന്നു.

പരമാത്മസ്നേഹത്തിനായൊരെൻെറ
പരിദേവനങ്ങളും പാഴിലായി.
ഇനിയും വെളിച്ചം വരാത്ത മട്ടി-
ലിരുളിൽക്കിടന്നു ഞാൻ വീർപ്പുമുട്ടി.
എവിടേയ്ക്കു പോകും, ഞാനെന്തുചെയ്യും?
അവനിയിലാരെന്നെയുദ്ധരിയ്ക്കും?
ഇതുവിധമോരോരോ ചിന്തകളോ-
ടൊരുമിച്ചിരുന്നെൻ വിജനതയിൽ,
അതികദനാകലിതാത്മനായ് ഞാ-
നറിയാതെ പൊട്ടിക്കരഞ്ഞുപോയി!
ഒരു യുവമാനസമെങ്കിലുമെൻ
മിഴിനീരിലല്പമലിഞ്ഞുവെങ്കിൽ,
അതുമാത്രമാണെൻ പരമഭാഗ്യം
അതുമാത്രമാണെൻെറ ചാരിതാർത്ഥ്യം!!

ഇടപ്പള്ളി,
10—2—1110

ചങ്ങമ്പുഴ കൃഷ്ണപിള്ള

Digitized By Kerala Sahitya Akademi

ജ്ഞാനതൃഷ്ണ്ണ്നാമെൻറ
നീടുററ നിത്യാഭിധപാനം
പാനപാത്രത്തിൽ വെറും
കണ്ണുനീർ നിറപ്പാനാം!

ഇടപ്പള്ളി രാഘവൻപിള്ള

Digitized By Kerala Sahitya Akademi

കണിക 1

## ആ പൂമാല

"ആരു വാങ്ങു,മിന്നാരു വാങ്ങു,മീ-
യാരാമത്തിന്റെ രോമാഞ്ചം?.........."

അപ്രമേയവിലാസലോലയാം
സുപ്രഭാതത്തിൻ സുസ്മിതം,
പൂർവ്വദിങ്മുഖത്തിങ്കലൊക്കയും
പൂവിതളൊളി പൂശുമ്പോൾ;
നിദ്രയെന്നോടു യാത്രയുംചൊല്ലി
നിർദ്ദയം വിട്ടുപോകയാൽ,
മന്ദചേഷ്ടനായ് നിന്നിരുന്നു, ഞാൻ
മന്ദിരാങ്കണവീഥിയിൽ.
എത്തിയെൻകാതി,ലപ്പോഴ,തൊരു
മുഗ്ദ്ധസംഗീതകന്ദളം..........

"ആരു വാങ്ങു,മിന്നാരു വാങ്ങു,മീ-
യാരാമത്തിന്റെ രോമാഞ്ചം?.........."

*　　　*　　　*

Digitized By Kerala Sahitya Akademi

പച്ചപ്പുൽക്കൊടിത്തുഞ്ചിൽത്തഞ്ചുന്ന
കൊച്ചുമാണിക്യക്കല്ലുകളേ,
ഞാനറിഞ്ഞതില്ലെന്തുകൊണ്ടെ,ന്നെൻ
മാനസം കവർന്നീലൊട്ടും.
അല്ലെങ്കിൽ ചിത്തമെ,ങ്ങതാ ഗാന-
കല്ലോലത്തിലലിഞ്ഞല്ലോ!
ഗാനമാലികേ, വെൽക, വെൽക നീ,
മാനസോല്ലാസദായികേ!
ഇത്രനാളും നുകർന്നതില്ല ഞാ-
നിത്തരമൊരു പീയൂഷം.
പിന്നെയു,മതാ, തെന്നലിലൂടെ
വന്നിടുന്നുണ്ടെന്നാനന്ദം.......

"ആരു വാങ്ങു,മിന്നാരു വാങ്ങുമീ-
യാരാമത്തിൻെറ രോമാഞ്ചം?........"

* * *

നന്മലരായ് വിരിഞ്ഞിട്ടില്ലാത്ത
പൊന്നുകുഡ്മളമേ, ധന്യ നീ!
തിന്മതൻ നിഴൽ തീണ്ടിടാതുള്ള
നിർമ്മലതളമേ, ധന്യ നീ!
പുഞ്ചിരിക്കൊള്ളും വാസന്തശ്രീ നിൻ
പിഞ്ചുകൈയിലൊതുങ്ങിയോ?
മാനവന്മാർ നിൻ ചുററുമായുടൻ
മാലികകളായ് വന്നെത്തിടാം.



Digitized By Kerala Sahitya Akademi

ഉത്തമേ, നിൻമുഖത്തുനോക്കുമ്പോ-
ളെത്ര ചിത്തം തുടിച്ചിടാ!

ഹാ, മലീമസമാനസർപോലു-
മോമനേ, നിന്നെക്കാണുമ്പോൾ,
പൂതചിത്തരായ്ത്തീരുമാറുള്ളോ-
രേതു ശക്തി നീ നിർമ്മലേ?
നില്ക്കൂ, നില്ക്കൂ, ഞാൻ കാണട്ടേ നിന്നെ
നിഷ്കളങ്കസൗന്ദര്യമേ!

*  *

"ആരു വാങ്ങു,മിന്നാരു വാങ്ങു,മീ-
യാരാമത്തിന്റെ രോമാഞ്ചം...

രാജപാതയിൽ, പൊന്നുഷസ്സുപോൽ
രാജിച്ചീടിനാൾ ബാലിക.
സംഖ്യയില്ലാതെ കൂടിനാർ ചുറ്റും
തങ്കനാണയം തങ്ങുവോർ.
ആശയുൾത്താരിലേവനുമുണ്ടാ-
പ്പേശലമാല്യം വാങ്ങുവാൻ.
എന്തതിൻവിലയാകട്ടെ വാങ്ങാൻ
സന്തോഷം ചെറ്റല്ലേവനും!

സുന്ദരാധരപല്ലവങ്ങളിൽ
മന്ദഹാസം വിരിയവെ;
നീലലോലാളകങ്ങൾ നന്ദ്യദ്ര-
ഫാലകത്തിലിളകവേ;



Digitized By Kerala Sahitya Akademi

മന്ദവായുവിലംശുകാഞ്ചലം
മന്ദമന്ദമിളകവെ;
വിണ്ണിനുള്ള വിശുദ്ധകാന്തി,യാ-
ക്കണ്ണിണയിൽ വഴിയവെ;
മാലികയുമായ് മംഗലാംഗിയാൾ
ലാലസിച്ചിതാപ്പാതയിൽ!

താരുണ്യ,മല്പനാളിനുള്ളി,ലാ-
ത്താരെതിരടൽ പുൽകിടാം.
ഇന്നൊരാനന്ദസാരമാമിളം
കുന്ദകോരകംതാനവൾ!
രാജപാതയിൽത്തിങ്ങിക്കൂടിയോ-
രാ ജനാവലിയൊന്നുപോൽ,
ആനന്ദസ്തബ്ധമായി, സുന്ദര-
ഗാനമീവിധം കേൾക്കവേ......

"ആരു വാങ്ങു,മിന്നാരു വാങ്ങു,മീ-
യാരാമത്തിൻെറ രോമാഞ്ചം?........"

*　　　*　　　*

ചേലെഴന്നൊരത്തുമലർമാല്യ-
മാളില്ലേ, വാങ്ങാ,നാരുമേ?
തങ്കനാണ്യങ്ങളായതിന്നവർ
ശങ്കിയാതെത്ര നല്കീല!
പൊന്നു നല്കുന്നു പൂവിനായിക്കൊ-
ണ്ടെന്നാലും മതി വന്നീലേ?



Digitized By Kerala Sahitya Akademi

കാമമേ, നിൻധനാഭിലാഷത്തിൻ
സീമ നീപോലും കാൺമീലേ?
അന്തരീക്ഷാന്തരം പിളൎന്നും, നീ
ഹന്ത, പായുന്നു മോഹമേ!

*    *    *

"ആരു വാങ്ങു,മിന്നാരു വാങ്ങു,മീ-
യാരാമത്തിൻെറ രോമാഞ്ചം?........"

പൊൻപുലരിയെത്തെല്ലിടമുൻപു
ചുംബനം ചെയ്ത ഭാനുമാൻ,
നീലവാനിൻ നടുവിൽനി,ന്നതാ
തീയെതിർവെയിൽ തൂകുന്നു.
പച്ചിലച്ചാത്തിനുള്ളിലായോരോ
പക്ഷികൾ കൊൾവൂ വിശ്രമം.
ചൂടുകൊണ്ടു വരണ്ട വായുവി-
ലാടിടുന്നു ലതാളികൾ.
—ആരും വാങ്ങിയിട്ടില്ലെന്നോ, ഹാ, നി-
ന്നാരാമശ്രീതൻ സൗഭാഗ്യം?......

II

കാട്ടിലാ മരച്ചോട്ടിലാ,യുണ്ടൊ-
രാട്ടിടയകുമാരകൻ,
ഉച്ചവെയ്ലേല്ക്കാതുല്ലസിക്കുന്നു
പച്ചപ്പുൽത്തട്ടി,ലേകനായ്!
മുൻപിലായിതാ, മോഹനാംഗിയാം
വെമ്പലാൎന്നോരു ബാലിക:



Digitized By Kerala Sahitya Akademi

ഇപ്പൊഴമുണ്ടപ്പിഞ്ചുകൈയി,ല-
പ്പൊൽപ്പൂത്തുമലർമാലിക!.........

ആനതാനനയായി നിന്നവ-
ളാദരാൽ, മന്ദമോതിനാൾ:—
"ബാല, മത്തുച്ഛസമ്മാനമാകും
മാല—നീയിതു വാങ്ങുമോ?"

വിസ്മയസ്തബ്ധനായതില്ലവൻ
വിസ്തരിച്ചതില്ലൊന്നുമേ.
സ്വീയമാം ശാന്തഭാവത്തിൽ, സ്മിത-
പീയൂഷംതൂകിയോതിനാൻ:—
'ഇല്ലല്ലോ നിനക്കേകുവാനൊരു
ചില്ലിക്കാശു,മെൻ കൈവശം!.........'

അസ്സുമാംഗിതന്നക്ഷികളി,ലി-
തശ്രുബിന്ദുക്കൾ ചേർന്നുപോയ്!
അഗ്ഗളനാളത്തിങ്കൽനിന്നിദം
നിർഗ്ഗളിച്ചു സഗദ്ഗദം:—
"ഒന്നുരണ്ടല്ല തങ്കനാണയം
മുന്നിൽവെച്ചതാ മാനുഷർ;
ആയവക്കാക്കും വിററീല, ഞാനീ-
യാരാമത്തിൻെറ രോമാഞ്ചം!—"

'ഓമനേ, മാപ്പിരന്നിടുന്നു ഞാ-
നാമലർമാല്യം വാങ്ങിയാൽ,
എന്തു നൽകേണ്ടു പിന്നെ ഞാ,നെൻെറ
സന്തോഷത്തിൻെറ മുദ്രയായ്?.........'



Digitized By Kerala Sahitya Akademi

പുഞ്ചിരിയിൽക്കുളിത്ത, നൽക്കിളി-
ക്കൊഞ്ചൽ തൂകിനാൾ കൺമണി:—
"ആ മുരളിയിൽനിന്നൊരു വെറും
കോമളഗാനം പോരുമേ!!………"

6—9—1108

—*—

പൂവിനെ നോക്കിച്ചിരിക്കും ചിലപ്പോൾ ഞാൻ
ദ്യോവിനെ നോക്കി ഞാൻ വിസ്മയിക്കും;
ആശിക്കും ചന്ദ്രനെ മാറോടുചേർക്കുവാ-
നാമ്പൽപ്പൂവൊന്നിനാൽത്തൃപ്തിനേടും!

17—4—1109



Digitized By Kerala Sahitya Akademi

# നിരാശ

ശാരദാംബരം ചാരുചന്ദ്രികാ-
ധാരയിൽ മുഴുകീടവേ,
പ്രാണനായക, താവകാഗമ-
പ്രാർത്ഥിനിയായിരിപ്പു ഞാൻ!
എൻമണിയറസ്സുള്ളിലുള്ളൊരീ
നിർമ്മലരാഗസൗരഭം,
ഇങ്ങുനിന്നു പോം മന്ദവായുവു-
മങ്ങു വന്നരുളീലെന്നോ!
കഷ്ടമെന്തിനു പിന്നെ,യീവിധം
വ്യർത്ഥസന്ദേശമേകി ഞാൻ?—

*　　　*　　　*

ഇന്നു രാത്രിയിലെങ്കിലും, ഭവാൻ
വന്നിടുമെന്നൊരാശയാൽ,
ഉൾപ്പുളകമാർന്നത്യുദാരമി-
പ്പുഷ്പതല്പമൊരുക്കി ഞാൻ!
മഞ്ജുതാംബൂലതാലവുമേന്തി
മന്മഥോപമ, ഞാനിദം,
തല്പന്യാസദത്തകണ്ണയാ-
യെത്ര കാക്കണമിന്നിയും?......

പ്രാണനാഥ, ഞാൻ പോകട്ടെയിനി
പ്പാതിരാപ്പൂ വിരികയായ്!!..........

19--2--1110

—*—



Digitized By Kerala Sahitya Akademi

സുരഭില:—

ശ്യാമളേ, സഖി, ഞാനൊരു വെറും
കാനനത്തിലെപ്പൂവല്ലേ?
മാനമാളുന്ന സോമനുണ്ടാമോ
കാണുവാനതിൽക്കൗതുകം?
ചേലിയലും കുമുദയോടൊത്തു
ലാലസിയ്ക്കട്ടെ ഭാഗ്യവാൻ!
എൻനെടുവീർപ്പുകൊണ്ടിനിക്കഷ്ട-
മെന്തുകാര്യമീ ലോകത്തിൽ?
കണ്ണുനീർകൊണ്ടു തീർത്തുകൊള്ളാം ഞാ-
നെണ്ണിയെണ്ണിയെൻ നാളുകൾ!

"കാമനേ!",യെന്ന വാക്കുളാൽത്തീർത്ത
പ്രേമലേഖനമാലകൾ,
ഒന്നുരണ്ടല്ല സമ്മാനിച്ചതാ
വന്ദനീയനെനിയ്ക്കന്നാൾ.
ഒന്നുമേ വാടാതായവയെല്ലാ-
മിന്നുമുണ്ടെൻെറ കൈവശം.
ഞാനവ നോക്കി ശ്യാമളേ, വീണ്ടു-
മാനന്ദാശ്രുക്കൾ തൂകട്ടേ!

പുഞ്ചിരിതൂകിപ്പൊന്നുഷസ്സില-
പ്പിച്ചുമോലങ്ങളെത്തുമ്പോൾ,



Digitized By Kerala Sahitya Akademi

ആരു ശങ്കിച്ചുമായവസ്തുള്ളിൽ-
ക്കുരിരുൾപ്പടപ്പുണ്ടെന്നായ്?

ഞാനാശരണ, പൂജിച്ചേൻ മന-
സ്സുനങ്ങളാലെൻ ദേവനെ;
ലോകമെന്തെന്നറിഞ്ഞിട്ടില്ലാത്ത
ചാതകിയായ ഞാനേവം,
ചെയ്തുപോയതെൻ സാഹസമായി-
ച്ചൊല്ലുകയാണിന്നേവരും.
ഹന്ത, സന്തപ്തചിത്ത ഞാൻ, കഷ്ട-
മെന്തതിനോതുമുത്തരം?
സ്നേഹമെന്നതി ലോകത്തിലൊരു
സാഹസത്തിൻെറ നാമമായ്,
നിർണ്ണയമെൻ മനസ്സിലിന്നോള-
മെണ്ണിയില്ല ഞാൻ, സോദരി!
പ്രേമനൈരാശ്യമാർന്നിടമൊരു
കാമിനിയുടെ ജീവിതം,
ആഴിയാൽ പരിത്യക്തയായൊരു
ചോലയേക്കാളും ദാരുണം!

ആരെനിക്കുണ്ടെന്നന്തരംഗത്തി-
ലാളും തീയല്പമാററുവാൻ?
ഓമനേ, നിന്നോടല്ലാതാരോടെൻ
ഭീമതാപം ഞാനോതേണ്ടൂ?
തമ്മിൽ നമ്മൾ മറച്ചുവെച്ചിട്ടി-
ല്ലിന്നോളമേതുമൊന്നുമേ!...



Digitized By Kerala Sahitya Akademi

ചെമ്പകഗന്ധമെത്തിടുമ്പോൾ, ഞാൻ
കമ്പിതാംഗിയായ്ത്തീരുന്നു.
പൂനിലാവു പൊഴിയുമ്പോ,ളയ്യോ,
മാനസം ദ്രവിയ്ക്കുന്നു മേ!
വന്നിടുന്നുണ്ടു വാസന്തരാത്രി-
യെന്നെത്തേങ്ങിക്കരയിയ്ക്കാൻ!
എങ്ങു പോയി, ഹാ, കഷ്ട,മെന്നെവി-
ട്ടെൻമനോരഥനായകൻ?
അല്പകാലമെൻ കൺ കുളൂപ്പിച്ച
സ്വപ്നവുമെൻേറതല്ലാതായ്!

ശ്യാമളേ, സഖി, ഞാനൊരു വെറും
കാനനത്തിലെപ്പൂവല്ലേ?...

11—4—1107

—*—

അവനെച്ചവിട്ടി നീ താഴ്ത്തിടൊല്ലേ!
അവനും നിൻസോദരനേകനല്ലേ?

3—7—1108



Digitized By Kerala Sahitya Akademi

## മാറ്റത്ത പ്രഭാതം

കാണുന്നതെന്താണെൻ ചുററു,മയ്യോ
പ്രേമനിശ്ശൂന്യമാമന്തരീക്ഷം!
ഈ വിഷവായുവേററെത്ര നേരം
ജീവചൈതന്യമേ, നീയിരിയ്ക്കും?

പുഞ്ചിരികൊണ്ടു പൊതിഞ്ഞ വക്ത്രം
വഞ്ചനകൊണ്ടു നിറഞ്ഞ ചിത്തം;
ഭിന്ന'വർണ്ണ'ങ്ങളിലിപ്രകാര-
മൊന്നിനും കൊള്ളാത്ത മർത്ത്യചിത്രം,
എണ്ണമില്ലാതെന്നുമേററുവാങ്ങാ-
നെന്തു സന്നദ്ധമീ വിശാലഹസ്തം!

കഷ്ടം, പുരോഗതിയെന്നിതിനെ
മിത്ഥ്യാഭിമാനമേ, നീ വിളിപ്പൂ!
എത്ര വിദൂരസ്ഥമാണു പാർത്താൽ
സത്യം!—ഇന്നയ്യോ, നീയെന്തറിഞ്ഞു?

* * *

മണ്ണിലും വിണ്ണിൻവിശുദ്ധി ചേർക്കും
കണ്ണീരൊഴുകും കവിൾത്തടങ്ങൾ—
പട്ടുറുമാലുകളൊന്നുപോലും
തൊട്ടുനോക്കാത്ത കവിൾത്തടങ്ങൾ—
പാടത്തെച്ചൂടിൽ വിയർത്തൊലിച്ചു
വാടിത്തളർന്ന കവിൾത്തടങ്ങൾ—



Digitized By Kerala Sahitya Akademi

വാരിവിതറുമവയിലെന്നും
ഞാനെന്റെ സങ്കല്പപുഷ്പാഞ്ജലി!

ഹാ, വിത്തവല്ലരി വേരുറയ്ക്കാൻ
പാവങ്ങൾ തൂകുമക്കണ്ണുനീരിൽ,
ഞാനെന്റെ ശോകവിവർണ്ണമാകും
മാനസസൂനം തെളിഞ്ഞു കാൺമൂ.
ലോകസിംഹാസനമൊത്തു താങ്ങും
സാധുഗളങ്ങൾതൻ ഗദ്ഗദത്തിൽ.
ഞാനിത്ര നാളും തിരഞ്ഞിരുന്ന
ഗാനശകലം തെളിഞ്ഞു കേൾപ്പൂ.
ആയതിനോടൊത്തു പാടാനാണെ-
ന്നാന്തരാത്മാവിനുള്ള ഭ്യസനം!

ക്ഷുത്തിൻ ദയനീയദീനനാദം
വിത്തത്തിൻ ഘോരമാമട്ടഹാസം,
ഈ രണ്ടും നീങ്ങിയിട്ടാർദ്രമാകും
ചാരുസംഗീതമുയരുമെങ്കിൽ—
അന്നതു കേൾക്കുവാനീവിധം ഞാൻ
മന്നിൽ മരിയ്ക്കാതിരിയ്ക്കുമെങ്കിൽ—
അന്നു, ഞാൻ, ലോകമേ, നിന്നെ നോക്കി
"വന്ദ്യ നീ!"യന്നു നമിച്ചു വാഴ്ത്താം.
സുന്ദരമാരംഗമാത്തഹർഷം
മന്ദസ്മിതം പെയ്തണഞ്ഞിതെങ്കിൽ!!

—*—



Digitized By Kerala Sahitya Akademi

# വിരഹി

കാർമുകിൽ മാലയാലംബരാന്തം
കാളായവർണ്ണമായ് മാറിടുമ്പോൾ,
എന്തിനാണാവോ, വിഫലമായെൻ
ചിന്താശലഭം ചിറകടിപ്പൂ!

ദൂരത്താക്കുന്നിൻെറ പിന്നിൽനിന്നു-
മോരോ മേഘങ്ങളുയരുമ്പോഴും,
സുന്ദരരാഗാർദ്രമാകുമേതോ
സന്ദേശലബ്ധിയ്ക്കായ് ഞാൻ കൊതിപ്പൂ!
അക്ഷയകാവ്യമാണായ,തെന്നാൽ
അക്ഷമനാമെനിയ്ക്കജ്ഞതമല്ലോ!

ഏതോ ലോകത്തിൽവെച്ചെപ്പൊഴോ ഞാ-
നാരെയോ വിട്ടുപിരിഞ്ഞിരുന്നു.
മാമകജീവൻ തിരഞ്ഞുഴലു-
മാ, മനോമോഹിനിയെങ്ങിരിപ്പൂ?
ആരാണെന്നാരോമലാരറിഞ്ഞു
ഞാനൊന്നാലിന്നും വിരഹിതന്നെ!

എത്ര സങ്കേതത്തിലാത്തരാഗ
മുത്തമേ, നിന്നെത്തിരഞ്ഞുപോയ്, ഞാൻ?
രാവിലെ തൊട്ടു ഞാനന്തിയോളം
പൂവനംതോറുമലഞ്ഞുപോയി.
ദ്യോവിൽ നിൻകാലടിപ്പാടു നോക്കി—
രാവിൽ ഞാൻ പിന്നെയും സഞ്ചരിച്ചു.



Digitized By Kerala Sahitya Akademi

"കണ്ടില്ല കണ്ടില്ലെ",ന്നൊന്നൊടോരോ
ചെണ്ടും ചിരിച്ചു തല കുലുക്കി.
അക്ഷമനായൊരെൻ ചോദ്യം കേട്ടാ
നക്ഷത്രമൊക്കയും കണ്ണുചിമ്മി.
"കഷ്ട!",മെന്നെന്നെപ്പരിഹസിച്ചു
പക്ഷികളെല്ലാം പറന്നുപോയി.
"കാണില്ല, കാണില്ലെ,"ന്നോതിയോതി-
ക്കാനനച്ചോല കുണുങ്ങിയോടി.
ആരോമലേ, ഹാ നീയെങ്ങുപോ,യെൻ
തീരാവിരഹമിതെന്നു തീരും?

*　　*　　*

നീയെന്നിൽത്തന്നെ ലയിച്ചിരിക്കെ
ഞാനെന്തേ നിന്നെത്തിരഞ്ഞുപോവാൻ?
എന്നെ ഞാനാദ്യം മറന്നുവെങ്കിൽ
നിന്നടുത്തെന്നേ ഞാനെത്തിയേനേ!
എന്നിലെ ഞാനില്ലാതാവതെന്നാ-
ണന്നു, നിൻ ചുംബനമേല്പവൻ ഞാൻ!
മായികേ, മാമകതപ്തചിത്ത-
നായികേ, നിന്നെ ഞാനെന്നു കാണും?

16—6—1108

—*—



Digitized By Kerala Sahitya Akademi

# ദിവ്യാനുഭൂതി

എങ്ങുനി,ന്നെങ്ങുനി,ന്നെങ്ങുനിന്നീ
മഞ്ജീരശിഞ്ജിതമുത്ഭവിപ്പൂ?
മംഗളമാധുരി വാർന്നിടുമി-
സ്സംഗീതസങ്കേതമേതു രംഗം?
കാലത്തിൻ കൈവിരൽസ്പർശമേല്ക്കാ-
തീ നമ്മസല്ലാപമിത്രനാളും,
ഓമനിച്ചേവമൊളിച്ചുവെച്ച-
തേതു വൃന്ദാവനമായിരുന്നു?

ഞാനെന്നെത്തന്നെ മറന്നേപോയി
ഞാനെന്നിൽത്തന്നെ ലയിച്ചുപോയി
ഞാനൊരു സംഗീതനാളമായി
വാനോളം പെട്ടെന്നുയർന്നുപോയി.
പുൽക്കൊടിതൊട്ടുവിയത്തിൽ മിന്നും
നക്ഷത്രംപോലുമിന്നെൻേറതായി.
കർമ്മങ്ങൾ കന്ദുകക്രീഡയാടും
ബ്രഹ്മാണ്ഡംപോലുമെൻ സ്വന്തമായി.
ഭാവനാമോഹനചുംബനംപോൽ
ജീവനു പേർത്തും പുളകമേകി;
എങ്ങുനി,ന്നെങ്ങുനി,ന്നെങ്ങുനിന്നീ
മഞ്ജീരശിഞ്ജിതമുത്ഭവിപ്പൂ?

*　　*　　*

എത്ര ശാകുന്തളത്തിങ്കളൂടെൻ
സ്വപ്നസരിത്തു തളർന്നൊഴുകി!



Digitized By Kerala Sahitya Akademi

എത്രയോ രാധകളെന്നിലോരോ
നൃത്തം നടത്തിപ്പിരിഞ്ഞുപോയി!
പ്രേമം തുളുമ്പിത്തുളുമ്പിവീഴും
മാമകസങ്കല്പവേണുഗാനം,
കാനനപ്പച്ചപ്പുതച്ചോരെത്ര
കാളിന്ദീതീരം കടന്നുപോയി!
ഓരോ നിമേഷമെൻപ്രാണനെത്ര
രാസലീലയ്ക്കു വിധേയമായി!
മത്സഖിമാരെനിയ്ക്കേകിടുന്നോ-
രുത്സവങ്ങൾക്കെല്ലാം സാക്ഷിനില്ക്കാൻ
എത്തിയില്ലെന്നടുത്തെത്രയെത്ര
നിസ്തുലഹേമന്തയാമിനികൾ!

എന്നാലുമായവയൊക്കെയെന്നെ-
ക്കണ്ണീരിൽ മുക്കുകയായിരുന്നു.
ആ മന്ദഹാസങ്ങളൊക്കെ,യേതോ
ധൂമികകൊണ്ടുപൊതിഞ്ഞിരുന്നു.
അന്നവയിങ്കൽനിന്നാകമാന-
മെന്നെ ഞാൻ വേറിട്ടുകണ്ടിരുന്നു.

ഇന്നെനിയ്ക്കെന്നെ മറക്കുവാനായ്;
എന്നിലേയ്ക്കെന്നും ലയിക്കുവാനായ്,
ഈ ദിവ്യസംഗീത,മീ വെളിച്ചം
ഏതു ലോകത്തുനിന്നാഗമിപ്പൂ?

അത്യന്തശൂന്യതയിങ്കലേതോ
സത്യം കറങ്ങുന്ന സൗരയൂഥം,



Digitized By Kerala Sahitya Akademi

കമ്രപ്രവാഹത്തിലാകമാനം
ബിംബിച്ചുകാണുന്നതുറ്റുനോക്കി,
ഒന്നുമറിഞ്ഞിടാതമ്പരപ്പിൽ
ഖിന്നനായ്ത്തേങ്ങിക്കരയുമെന്നെ,
അത്ഭുതമാന്ത്രികസ്പർശനത്താൽ
തട്ടിയുണർത്തുവാനെന്നപോലെ,
എങ്ങുനി,ന്നെങ്ങുനി,ന്നെങ്ങുനിന്നീ
മഞ്ജീരശിഞ്ജിതമാഗമിപ്പൂ?

* * *

ആനന്ദംകൊണ്ടു തളർന്നല്ലോ ഞാൻ!
ആരു നീ,യാരു നീ,യോമലാളേ?.........

7—1—1109

—*—

ശോകമേ, ഹാ, തകർന്ന ഹൃദയത്തെ
ലോകതത്വം പഠിപ്പിപ്പു നീ സ്വയം!

6—6—1108.



Digitized By Kerala Sahitya Akademi

# അതിഥി

ആരാണിച്ചുംബനനിർവൃതിയിൽ
ഞാനറിയാതെന്നെ മുക്കിടുവോൻ?
ആരമ്യസുസ്മിതം തൂകിയെത്തു-
മാതിഥേ, നീയെൻമരണമല്ലേ?
കൂരിരുളിങ്കലിരുന്നു നിന്നെ
ഞാനിത്രനാളും ഭജിച്ചിരുന്നു.
തീരാനിരാശയിൽക്കൂടി നിൻെറ
വേണുസംഗീതം ഞാൻ കേട്ടിരുന്നു.

ഊഷ്മാവുയർന്നു പരന്നു തിങ്ങും
ഗ്രീഷ്മകാലാന്തനിശീഥിനികൾ,
ഏകാന്തതകളോടൊത്തുചേർന്നെൻ
ശോകാർദ്രശയ്യയിലെത്തിടുമ്പോൾ,
മന്ദലത്തോപ്പിൽനിന്നാഗമിക്കും
മർമ്മരാരാവത്തിലാകമാനം,
ഭാവനാപൂർണ്ണസുരമ്യമാം നി-
ന്നേതോ രഹസ്യം നിറഞ്ഞിരുന്നു.

ഹേമന്തം വന്നു ജഗത്തിലെല്ലാം
നീഹാരപൂരം പൊഴിഞ്ഞിടുമ്പോൾ;
ഞാനെൻസുഷുപ്തിയെനിസ്തുതന്നോ-
രാനന്ദസ്വപ്നത്തിൽ മുങ്ങിമുങ്ങി
മൂടിപ്പുതച്ചു കിടന്നു, കാല്യ-
ചാരുപ്രഭയേറ്റുണർന്നിടുമ്പോൾ,



Digitized By Kerala Sahitya Akademi

ജാലകമാർഗ്ഗമായുള്ളിലെത്തു-
മാലോലശീതമന്ദാനിലനിൽ,
ദൂരെനിന്നവ്യക്തം നീ പൊഴിച്ചു-
മോരോ സന്ദേശം വഴിഞ്ഞിരുന്നു.
അന്നെല്ലാമാസന്നഭാവിയിൽ നീ
വന്നെത്തുമെന്നു ഞാനോർത്തിരുന്നു!

ഹാ, ദിവ്യസാന്ത്വനമോതിയെത്തു-
മാതിഥേ, നീയെൻമരണമല്ലേ?

12—2—1110.

—*—

ക്ഷണികമീ ലോകം കപടമിതെങ്ങും
കണികാണാനില്ല പരമാർത്ഥം.
ഇവിടെയെന്തിനാണമലസന്ധ്യകൾ?
ഇവിടെയെന്തിനിപ്പൂലരികൾ?
മറിമായം തിങ്ങിനിറയുമീ മന്നിൽ
മതിയല്ലോ വെറുമിരുൾമാത്രം!

13—5—1108.



Digitized By Kerala Sahitya Akademi

## നഷ്ടഭാഗ്യസ്മൃതി

മഞ്ജുകരങ്ങളാൽ മന്നിലെങ്ങും
പൊന്നലുക്കിട്ടിടും സുപ്രഭാതം
ആനന്ദനിദ്രയിൽനിന്നു മന്ദ-
മാലിംഗനംചെയ്തുണർത്തിയെന്നെ!
ചന്ദനത്തോപ്പിലെപ്പൂങ്കുയിലിൻ
സംഗീതധാരയിൽ മുങ്ങിമുങ്ങി,
മന്മനോഭൃംഗം ക്ഷണത്തിലേതോ
വിൺമലർ തേടിപ്പറന്നുപോയി!
മഞ്ജരീപുഞ്ജങ്ങളുമ്മവെച്ചും
മന്ത്രഗാനരസംപൊഴിച്ചും,
മന്ദസമീരൻമദാലസനായ്
മന്ദിരവാടിയിൽ സഞ്ചരിച്ചു.

കണ്ണീർക്കണങ്ങൾ തുളുമ്പിവീഴും
കണ്ണിണ പിന്നെയുമൊപ്പിയൊപ്പി,
ആരബ്ധഖേദനായ് നില്ക്കുമെന്നെ-
യോരോ കുസുമവുമുററുനോക്കി!

*　　　*　　　*

ജീവിതഭാരം ശിരസ്സിലേന്തി-
ക്കേവലം ചിന്താപരവശനായ്,
ഹാ, മമ സങ്കേതരംഗമെത്താൻ
ഞാനിനിപ്പോകണമെത്ര ദൂരം?



Digitized By Kerala Sahitya Akademi

രാവുംപകലുമിടകലർത്തി
ലോകം രചിക്കും ചലനചിത്രം,
മന്ദസ്മിതംതൂകി മന്ദമന്ദ-
മെന്നെൻമിഴികളിൽനിന്നകലും?

എൻമനം നീറുന്നു, സന്തതം ഞാ-
നെന്തിനെന്നില്ലാതെ കേണിടുന്നു.
കാലമേ, നിൻെറ യവനികയാൽ
ചേലിലൊന്നെന്നെയും മൂടുമോ നീ?

എത്ര പുലരികളിപ്രകാര-
മുദ്രസം വന്നെന്നെത്തൊട്ടുണർത്തി?
എന്നിട്ടുമെന്തായി?—നിഷ്ഫലം ഞാ-
നിന്നുമിരുളിലിരിക്കയല്ലേ?
മാമകമാനസം ദീനദീനം
പ്രേമത്തെപ്പേർത്തും തിരഞ്ഞു കേണാൽ—
അന്ധകാരത്തിൽ ഞാനാഞ്ഞടിഞ്ഞാൽ—
എന്താണോ ചേതം ജഗത്തിനാവോ!

ആയിരം രാഗാർദ്രമാനസങ്ങ-
ളാഴക്കു ചാമ്പലായ് മാറിയാലും,
ആദിത്യൻ നാളെയും വന്നുദിക്കും
ആനന്ദം വീണ്ടും തിരയടിക്കും!
ഇന്നോളമെത്രയോ പിഞ്ചുപൂക്കൾ
മണ്ണായി മണ്ണിലടിഞ്ഞുപോയി?
ഇന്നോളമെത്ര വസന്തമാസം
കണ്ണീരിൽ മുങ്ങി മറഞ്ഞുപോയി?



Digitized By Kerala Sahitya Akademi

കോകില,മെന്നിട്ടും,പാടുന്നില്ലേ?
കോരകം, വീണ്ടും, വിരിയുന്നില്ലേ?
വിസ്മൃതി, വിസ്മൃതി!—സർവ്വവും,മാ-
നിശ്ശൂന്യഗർത്തത്തിൽത്താണുപോണം!
ദീനഹൃദയനായ്ച്ചെന്നൊരുനാൾ
ഞാനതിൽത്താഴുമ്പോളാരു കേഴും?

*　　　*　　　*

സാന്ത്വനശീതളച്ഛായയി,ലെൻ
താന്തഹൃദയംപോയ് വിശ്രമിക്കും,
മാമകാത്മാവിൻെറ മൗനഗാന-
മോമനേ, നിന്നെയുണർത്തിയില്ലേ?
അന്നെൻെറ ചുംബനം നിന്നെയാരാ-
ലംബരത്തോളമുയർത്തിയില്ലേ?
ആനന്ദതുന്ദിലനായി ഞാന-
ന്നാകാശപ്പൂക്കളാൽ മാല കോർക്കെ;
നീയൊരു മോഹനസ്വപ്നമായെൻ
ഭാവനയിങ്കൽത്തെളിഞ്ഞിരുന്നു.
നീയെൻെറ നിർമ്മലമാനസത്തിൽ
നീലനിലാവായലിഞ്ഞിരുന്നു.
ഇന്നേവം തേങ്ങിക്കരഞ്ഞിടും ഞാ-
നന്നൊരു സംഗീതമായിരുന്നു!

ഹാ, മരണത്തിൻ തണുത്ത ഹസ്തം
മാമകസുസ്മിതം മാച്ചുവോളം,



Digitized By Kerala Sahitya Akademi

ധന്യേ, നിനക്കുള്ള ചുംബനാങ്ക-
മെന്നധരത്തിൽത്തുളുമ്പിനില്ക്കും.
നിസ്സാരജീവി ഞാനിപ്രകാരം
ദുസ്സഹവേദനം ദീനദീനം,
എത്ര നാൾ കണ്ണീർപൊഴിച്ചിടേണം
നിസ്തുലേ, നിന്നടുത്തെത്തുവാനായ്?... .....

* * *

എൻമനം നീറുന്നു, സന്തതം ഞാ-
നെന്തിനെന്നില്ലാതെ കേണിടുന്നു.
കാലമേ, നിൻെറ യവനികയാൽ
ചേലിലൊന്നെന്നെയും മൂടുമോ, നീ?

9-6-1107

—*—

വാടുന്ന പുഞ്ചിരിപ്പൂവൊന്നുമെൻമുഖ-
വാടിയിൽ വന്നുവിടരേണ്ടൊരിക്കലും;
ചാരിതാർത്ഥ്യത്തെപ്പുലർത്താൻ, മിഴിയിണ
തോരാതിരുന്നാൽ മതി, മരിപ്പോളവും!!

14-2-1108



Digitized By Kerala Sahitya Akademi

# സങ്കേതം

അല്ലെങ്കിൽവേണ്ട;—ഞാനെന്നുമെന്നു-
മല്ലലിൽത്തന്നെ കഴിച്ചുകൊള്ളാം.
ലോകവും ഞാനുമായുള്ള ബന്ധ-
മാസന്നഭാവിയിൽ നഷ്ടമായാൽ,
ആലംബമില്ലാഞ്ഞോരെന്നെയോർത്ത-
ന്നാരുമൊരാളും കരഞ്ഞിടേണ്ട!
എന്നന്ത്യവിശ്രമരംഗമാരും
പൊന്നലർകൊണ്ടു പൊതിഞ്ഞിടേണ്ട!

മാനവപാദസമ്പർക്കമററ
കാനനാന്തത്തിങ്കൽ വല്ലിടത്തും,
തിങ്ങിടും പച്ചപ്പടർപ്പിനുള്ളിൽ
നിങ്ങളെൻ കല്ലറ തീർക്കമെങ്കിൽ,
പോരും!—മലിനമാ,മീയുലകിൽ,
ചാരിതാർത്ഥ്യമെനിയ്ക്കില്ല വേറെ!
ഞാനുമെൻമൂകപ്രണയവുമൊ-
ത്താ വനാന്തത്തിലടിഞ്ഞുകൊള്ളാം!!

—*—

17-1-1108



Digitized By Kerala Sahitya Akademi

# നിർവൃതി

തിങ്ങിനിറയുന്ന കൂരിരുളിൽ
നിന്നുഞാൻ തേങ്ങിക്കരഞ്ഞിരുന്നു.
ആനന്ദച്ഛായയിലുല്ലസിക്കും
മാമകസങ്കേതമെത്തുവാനായ്,
ആരുമില്ലെന്നെ നയിച്ചുകൊൾവാ-
നാതങ്കഭീരു ഞാനെന്തുചെയ്യും?

താന്തനായ് നില്ക്കുമൊരെന്നെ നോക്കി-
ത്താരാകുമാരികൾ കണ്ണുചിമ്മി
ഞാനുമൊരിക്കലാ മാനനീയ-
സ്ഥാനത്തിരുന്നവനായിരുന്നു.
കണ്ണുനീരെന്തെന്നറിയുവാനായ്
വിണ്ണിൽനിന്നും ഞാനിറങ്ങിപ്പോന്നു.
താഴെവന്നെത്തിയോരെന്നെ, മോദാൽ
സ്വാഗതംചെയ്തു നിരാശ വേഗം.
പിന്നെയും, കഷ്ടം;-മവിടെയൊന്നു
ചെന്നുചേർന്നീടുവാൻ ഞാൻ കൊതിപ്പൂ!

* * *

ആശയാം നൂലിൽപ്പിടിച്ചുതൂങ്ങി-
യാകാശത്തോളമിഴഞ്ഞുകേറി.
എന്നാൽ ഞാനങ്ങെങ്ങുമെത്തിയി,ല്ലെൻ
കണ്ണുനീരല്പവും വററിയില്ല.



Digitized By Kerala Sahitya Akademi

വാനിലേക്കെന്നെവലിച്ചുയർത്ത-
മാനുലിടക്കു മുറിഞ്ഞുപോയി.
മുന്നേപ്പോൽത്താഴത്തെക്കൂരിരുളിൽ
പിന്നെയും ഞാനതാ വന്നടിഞ്ഞു.

കല്ലിന്മേലൊന്നിലലച്ചുവീണെ-
ന്നെല്ലുകളൊക്കെത്തകർന്നിരുന്നു.
മാമകാത്മാവിൻ മുറിവിലെല്ലാം
ജീവരക്തം വാർന്നൊലിച്ചിരുന്നു.
ആവിധം ഘോരവിജനതയിൽ
ബോധരഹിതനായ് ഞാൻ കിടന്നു.
അന്നിമേഷത്തിലുമശ്രുപോലും
കൺമുന നിന്നോടിടഞ്ഞിരുന്നു.
സത്യപ്രകാശമേ, നിന്നെയോർത്തെൻ
ചിത്തമപ്പോഴും മിടിച്ചിരുന്നു.

*　　　*　　　*

സ്വർണ്ണസിംഹാസനം വിട്ടു വേഗ-
മെന്നരികത്തു നീ വന്നണഞ്ഞു;
ആനന്ദദായിനിയായിട്ടും നിൻ
വേണുഗാനം കേട്ടു ഞാനുണർന്നു.
എന്തൊരു വിസ്മയം!—ചുറ്റുമാന്നോ-
രന്ധതാമിസ്രമതെങ്ങു പോയി?
ഇത്രയും വേഗത്തിലെങ്ങുനിന്നി-
ങ്ങെത്തി,യിദ്ദിവ്യമാം വിൺവെളിച്ചം?
മാമകമേനിയിലാകമാനം
രോമാഞ്ചപൂരമിതാരു ചാർത്തി?



Digitized By Kerala Sahitya Akademi

ആ നിമേഷംവരെ, മന്നിലയ്യോ
ഞാനൊരു പാഴ്നിഴലായിരുന്നു;
ഏതോ കരാംഗുലിസ്പർശനത്തിൻ
മായയാൽ, ഞാനൊരു ദീപമായി!
തഞ്ചുമെൻ കണ്ണീർക്കണങ്ങളെല്ലാം
പുഞ്ചിരിപ്പൂവുകളായി മാറി!

* * *

സുന്ദരമായിട്ടമാവെളിച്ച-
മെന്നെയെടുത്തൊരു ദേവനാക്കി.
മാനവദൃഷ്ടിസ്സ്പൃതീതമാകു-
മോമൽച്ചിറകു വിടർത്തി മന്ദം,
മന്നിൽനിന്നിഷ്ടംപോൽ വിണ്ണിലേക്കും
വിണ്ണിൽനിന്നിഷ്ടംപോൽ മന്നിലേക്കും,
ആരുമൊരാളുമറിഞ്ഞിടാതെ
പാറിപ്പറന്നിന്നു ഞാൻ കളിപ്പൂ!!

24-1-1110

—*—



Digitized By Kerala Sahitya Akademi

## കളിത്തോപ്പിൽ

ശോഭ

—കഴിയട്ടെ പറഞ്ഞുതാ,നതിനു മുൻപേ
കളിയാക്കുന്നെന്തിനെൻ തോഴിമാരേ?

കല

മണിവിളക്കിന്നലെക്കെടുത്തിയപ്പോൾ
മഴവില്ലാക്കവിളത്തു മിന്നിയില്ലേ?—

കാന്തി

മണിയറവാതിലടച്ചനേരം
തരിവളയല്പം കിലുങ്ങിയില്ലേ?—

രാധ

പുലരിയിൽപ്പൂങ്കോഴി കൂകിയപ്പോൾ
പരിഭവിച്ചേറെപ്പഴിച്ചതില്ലേ?—

ശോഭ

പറഞ്ഞോളൂ സഖികളേ, വേണ്ടുവോളം
പരമാർത്ഥമെനിയ്ക്കല്ലേയറിഞ്ഞുകൂടൂ?.........

* * *

പരിമള

ഇനിയു,മാപ്പുസ്തകം പാതിപോലും
സുഷമേ, നീ വായിച്ചുകഴിഞ്ഞതില്ലേ?—



Digitized By Kerala Sahitya Akademi

സുഷമ

പ്രണയലിഖിതങ്ങളെഴുതിടേണ്ടേ
പരിമളേ, സമയം പിന്നെനിയ്ക്കെവിടെ?—

കുസുമ

ഒരു മുല്ലമലർമാല കൊരുത്തുവെയ്ക്കാൻ
സരളേ, ഞാൻ തീരെ മറന്നുപോയി!—

സരള

കുസുമേ, നിനക്കേവം മറവിയൊന്നും
കണ്ടിട്ടില്ലല്ലോ ഞാനിതിനുമുൻപിൽ!—

കുസുമ

അതു കൊള്ളാം, സരളേ, ഞാൻ പണ്ടു കണ്ട
കുസുമയല്ലിപ്പോളെന്നറിഞ്ഞുകൂടേ?—

സരള

ഒരു ചിത്രശലഭം നിന്നരികിലെത്തി
ശരി, ശരി, ഞാനതു മറന്നേ പോയി!—

ശോഭ

സഖികളേ, നേരമിന്നതിർ കടന്നു
സരസിജപ്പൊയ്കയിൽ വെയിലു വന്നു;—
സരളയ്ക്കും, കുസുമയ്ക്കും, കളിയാണെല്ലാം
സലിലകേളിയ്ക്കിനിസ്സമയമുണ്ടോ?

*　　　*　　　*

കല

വരു, വരു!—വിലയുള്ള സമയമല്ലേ?
വെറുതേ നാമതു തീർത്താൽ കഷ്ടമല്ലേ?—



Digitized By Kerala Sahitya Akademi

സുധ

പരിമളമിളിതമാം സ്വപ്നമോരോ-
ന്നിളകിടും രോമാഞ്ചകാലമല്ലേ?—

കുസുമ

മലർവല്ലിക്കുടിലിലെപ്പൂങ്കുയിലേ,
മധുമാസം വന്നതറിഞ്ഞില്ലേ, നീ?—

ശോഭ

പറയാതിരുന്നാൽ പറയിപ്പിയ്ക്കും
പറഞ്ഞാലോ?—പിന്നെ,പ്പൊറുതിമുട്ടി!
ഒരു തരത്തിലുംമേല കഴിഞ്ഞുകൂടാൻ
വിഷമിച്ചു ഞാനിന്നെൻ തോഴിമാരേ!—

(സഖികൾ എല്ലാവരും ഒന്നിച്ച്)

അല്ലല്ലാ, പിണങ്ങിയോ?—
നേരമ്പോക്കായി ഞങ്ങൾ
ചൊല്ലിയതല്ലേ, വേണ്ട
പിണക്കം ശോഭേ!!

19—5—1107

—*—

അഞ്ചിതമാമൊരച്ചെമ്പനീർത്താരിനൊ-
രഞ്ചാറുനാൾക്കൂടി നിന്നുകൂടേ?

4—8—1108



Digitized By Kerala Sahitya Akademi

# വാടാമലരുകൾ

കുസുമ:—

കനലൊളിയെഴുമൊരു കനകദീപം
കാണുന്നില്ലേ, നീയാപ്പച്ചക്കാട്ടിൽ?
അവിടെയാണവിടെയാണറിക തോഴി
മാമകസ്വപ്നം കിടപ്പതിന്നും.
ഒരു കണ്ണീർക്കണംകൂടിത്തുടച്ചശേഷം
ഓതാമതിൻകഥയൊക്കയും ഞാൻ!.........

നിരവധിമൃതദിനയവനികകൾ
നീക്കി ഞാൻ പിന്നോട്ടു പോകുമെങ്കിൽ
മമ ബാല്യമധുമയമലർത്തൊടിതൻ
മാധവമാസം തെളിഞ്ഞു കാണാം.
കളരുചികിളർന്നോരക്കഴിഞ്ഞ കാലം
കാമദകോമളമായിരുന്നു.
ഒരുമിച്ചെന്നോട്ടുകളിച്ചിരിപ്പാനന്നാ-
ളോമനത്തോഴനൊന്നുല്ലസിച്ചു.
ഒരുവിനാഴികനേരം പിരിഞ്ഞീടാത-
ന്നാനന്ദചിത്തരായ് വാണു ഞങ്ങൾ.

സ്മരണയിലനവധി മധുരചിത്രം
മാനസനേത്രങ്ങളിന്നും കാൺമൂ.
മതിമോദമണസ്സുമാറൊരിസ്സുലന്നാൾ
മാവുകൾ പൂത്തു മണം പരന്നു.



Digitized By Kerala Sahitya Akademi

മധുകരകുലഗീതമുഖരിതമായ്
മാമരത്തോപ്പുകളാകമാനം.
പരഭൃതതതിയതികുതുകപൂർവ്വം
പാടിപ്പറക്കയായങ്ങുമിങ്ങും!

ഒരു കുളിർമ്പകുളത്തിൻ തണലിൽ ഞങ്ങൾ
കാടക്കഴലുതിയുല്ലസിച്ചു.
ചലചിത്രശലഭങ്ങൾ പരിവേഷംപോൽ
പാറിക്കളിച്ചു തലസ്സു ചുറ്റും.
ദിനകരമൃദുകരഞെറിയുലയെ-
പ്പൂങ്കുല തെന്നലിലൂഞ്ഞാലാടി.
കുരവകതരുനിര തല കുലുക്കി-
പ്പുളകം കുരുവികൾക്കുള്ളണത്തി.

കുതുകദമിവ നോക്കിക്കരൾകുളുത്തെൻ
കൂട്ടുകാരൻ തിരിഞ്ഞെന്നോടോതി:—
"കുസുമമേ, നാമിതുവിധം മരിയ്ക്കുവോളം
കൂട്ടുകാരായിക്കഴിഞ്ഞുവെങ്കിൽ!

* * *

പഴകിയ കടങ്കഥയിനിയുമീ ഞാൻ
പാരം ദീർഘിപ്പിച്ചിട്ടെന്തു കാര്യം?
ഇരുചിറകുകളെഴും മദീയബാല്യം
വേഗത്തിലെങ്ങോ പറന്നുപോയി.
അയി, സഖി, യതുവിധം സുഖിച്ചോരെന്നെ-
ത്താരുണ്യലക്ഷ്മിയണച്ചു പുൽകി.



Digitized By Kerala Sahitya Akademi

അതുവരെക്കഴിഞ്ഞുള്ള കഥകളെല്ലാം
നീരിൽ വരച്ച വരകളായി!
സരസങ്ങളുവയിലെസ്സുഖങ്ങളെല്ലാം
സായന്തനാംബരരാഗമായി!

കരിമുകിൽ കരളിലെ രജതരേഖ
കാണിച്ചിടാത്തതു കുററമെങ്കിൽ,
ശരി, ശരി,യനുരാഗം മറച്ചമൂലം
ഘോരാപരാധിനിതന്നെ ഞാനും!
മലർ പക്ഷേ വിനോദമായടുത്തുകൂടും
മാലേയമരുത്തിനെത്തട്ടിമാററാം
അതുമൂലം,മനുകൂലയല്ലവളെ-
ന്നാശങ്കയേന്തുമെന്നാരറിയും?

മമ ചപലത കണ്ടു നിരാശനായി-
ട്ടോതാനരുതെ നിഷ്ഠുരാത്മനാഥൻ.......

കനലൊളിയെഴുമൊരു കനകദീപം
കാണുന്നില്ലേ, നീയാപ്പച്ചക്കാട്ടിൽ?
അവിടെയാ,ണവിടെയാ,ണറിക തോഴി
മാമകസ്വപ്നം കിടപ്പതിന്നും!

അനുരാഗപരവശഹൃദയമേകം
ആറടിമണ്ണിൽ ഞാൻ ശൂന്യമാക്കി.
പ്രണയവഞ്ചകിയായിട്ടിവളെയെണ്ണി-
പ്രാണേശൻ..........നില്ക്കുകെൻകണ്ണുനീരേ!
ഒരു വാടാവിളക്ക ഞാനവിടെക്കത്തി-
ച്ചാദരാൽ വെച്ചു ഭജിപ്പൂ, തോഴി!



Digitized By Kerala Sahitya Akademi

അററംദിനം രജനിയിലതിനെ നോക്കി-
യാതങ്കസിന്ധുവിൽ മുങ്ങി മുങ്ങി,
അനുശയമയബാഷ്പകണങ്ങൾ തൂകി-
യായുരാന്ത്യം നോക്കി വാഴ്‌വു ഞാനും!
നിയതിതൻ വീർപ്പിൽ വേഗമുലഞ്ഞുലഞ്ഞീ
നീർപ്പോളക്കൂടിത്തകർന്നിടാവൂ!!.........

18—4—1108

—*—

അടുത്തടുത്തു ഞാനണഞ്ഞിടുംതോറു-
മകന്നകന്നേവമൊളിപ്പതെന്തു നീ?

15—7—1108



Digitized By Kerala Sahitya Akademi

# വിയോഗിനി

മന്ദഹസിതാർദ്രമാം വിൺമുഖത്തിൽ
ചന്ദ്രകല മിന്നിത്തെളിഞ്ഞിരുന്നു.
തങ്കരുചി തങ്ങിന താരകകൾ
പുഞ്ചിരിയിട്ടങ്ങിങ്ങു നിന്നിരുന്നു.
സഞ്ജനിത സൗരഭസാന്ദ്രമാകും
തെന്നലല തല്ലിത്തളർന്നിരുന്നു.
അമ്മധുരരംഗത്തിൽപ്പോലും,മന്നെൻ
കൺമുനകൾ രണ്ടും നനഞ്ഞിരുന്നു!

അന്നു ഭവാനേകിയ രാഗലേഖ-
മുൺമയിലെൻമാറോടണച്ചു പുൽകി,
ഉൾപ്പുളകമാർന്നു ഞാ,നാ നിശയൊ-
രുത്സവമായ്ത്തന്നെ കഴിച്ചുകൂട്ടി.
സ്നേഹമയചിന്തതൻ നിർവൃതി, വ-
ന്നോമനയെക്കണ്ണീരിൽ മുക്കി മന്ദം.
ഭൂവിതി,ലാവർത്തനകാമ്യമാകു-
മീ,മധുരശോകാർദ്രമായ ജന്മം,
ആ മരണം മോദാലടുത്തണഞ്ഞൊ-
രാവരണംകൊണ്ടു പൊതിഞ്ഞീടുമ്പോൾ—
ശൂന്യതയിൽത്തങ്ങുമെൻ പ്രേമഗാനം
മൂകതയിൽ മാറെറാലിക്കൊണ്ടിടുമ്പോൾ—
ആ നിമിഷംപോലും ഭവത്സ്വരൂപ-
ധ്യാനപരമാകിൽ കൃതാർത്ഥയായ് ഞാൻ

* * *



Digitized By Kerala Sahitya Akademi

സുന്ദരമീ രാഗോദയത്തിൽ, ഞാനി-
ന്നെന്തു നിരാഘാനന്ദമാസ്വദിപ്പൂ!
എത്ര യുഗം മുൻപേ തന്നിവിധ,മെൻ
ചിത്തമിതിനായിക്കൊതിച്ചിരുന്നു!
ക്രൂരിരുളിൽ ഘോരവിജനതയിൽ
ജീവനുണന്നെത്ര വാവിട്ടുകേണു!
മൽക്ഷണികസ്വപ്നങ്ങളൊക്കെയു,മീ-
യക്ഷയനിർവ്വാണത്തെ ലക്ഷ്യമാക്കി,
ഭൂവിൽ ബഹുജന്മങ്ങൾ താണ്ടിവന്ന-
തീ വിരഹയാതനയ്ക്കായിരുന്നോ!

*                    *                    *

ഉന്നതകൗതുഹലമങ്ങൊരുനാ-
ളെന്നരികിലെത്തുമെന്നോർത്തു, കഷ്ടം,
ഇന്നുവരെയെത്ര നിശീഥിനികൾ
കണ്ണിണ ചൂട്ടാതെ ഞാൻ കാത്തിരുന്നു!
നിഷ്ഫലമായ് നിത്യവുമെന്തിനോ ഞാൻ
പുഷ്പസുഖതല്പങ്ങൾ സജ്ജമാക്കി.
ഹാ, നിമിഷംതോറും ഞാൻ മാറി മാറി-
ക്കോമളമാം സാരിയെടുത്തു ചാർത്തി.
അല്ലെതിർവാർകുന്തലഴിച്ചുകെട്ടി
മുല്ലമലർമാല കൊരുത്തു ചൂടി.
മഞ്ജുതരസിന്ദൂരചിത്രകത്താ-
ലെൻമുഖലലാടം സുരമ്യമാക്കി.



Digitized By Kerala Sahitya Akademi

നൽക്കനകഭൂഷതൻ കാന്തിയിങ്കൽ-
മൽത്തനു ഞാൻ മുക്കിയൊരുങ്ങിനില്പായ്
—ഹന്ത, ഭവദാഗമമില്ലയെങ്കി-
ലെന്തിനു ഞാനീവിധം പാടുപെട്ടു!!
എങ്കിലു,മസ്സാന്നിദ്ധ്യശൂന്യതയു-
മെൻകരളിനാശ്വാസമായിരുന്നു.
എന്നൊരുനാളെങ്കിലു,മെന്നരികിൽ
വന്നിടുകി,ലന്നെൻ വസന്തമായി!
ആ മഹിതരംഗമണയുവോളം
ഞാനിനിയുമീവിധം കാത്തിരിക്കും.
അന്നുവരെക്കൊച്ചുകിടാവിളക്കൊ-
ന്നെൻ മുറിയിൽക്കൂട്ടിനു കാത്തിരിക്കും!!

11—7—1108

—*—

മമജീവമാധുരിക്കെന്നൊടൊട്ടും
പരിഭവം തോന്നുവാനില്ല മാർഗ്ഗം,
അനഘനിർവ്വാണദമാണെനിക്കി-
ന്നവളെക്കുറിച്ചുള്ള ചിന്തപോലും!

24—4—1108



Digitized By Kerala Sahitya Akademi

# പ്രതിജ്ഞ

പ്രണയലോലനാ,യമലേ, നിന്നടു-
ത്തിരവിലിന്നു ഞാനെത്തും;
മണിയറവാതിലടച്ചിരുന്നാലു-
മകത്തുവന്നു ഞാൻ നില്ക്കും;
അധരമല്ലവുമനങ്ങിടാതെ, ഞാൻ
വിളിച്ചുനിന്നെയുണർത്തും;
അതുലേ, നീപോലു മറിയാതെ നിന്നെ-
പ്പുണർന്നു ഞാനുടൻ പോരും!

സാനുമോദം, നിദ്രയിലീ—ലോകമാകമാനം
പൂനിലാവോടൊത്തുചേർന്നു—ലാലസിക്കും നേരം;
പാതിരാക്കിളിയുണർന്നു —പാടിയതിൻശേഷം
പാല പൂത്തു പരിമളം—താവിനില്ക്കും നേരം;
ശാരദശശാങ്കബിംബം — മാഞ്ഞുമാഞ്ഞൊടുവിൽ
താരകകൾപോലുമൊന്നു—കണ്ണടയ്ക്കും നേരം—

പ്രണയലോലനാ,യമലേ, നിന്നടു-
ത്തിരവിലിന്നു ഞാനെത്തും;
മണിയറവാതിലടച്ചിരുന്നാലു-
മകത്തുവന്നു ഞാൻ നില്ക്കും;
അധരമല്ലവുമനങ്ങിടാതെ, ഞാൻ
വിളിച്ചു നിന്നെയുണർത്തും;



Digitized By Kerala Sahitya Akademi

അത്തലേ, നീപോലുമറിയാതെ നിന്നെ-
പ്പുണന്നു ഞാനുടൻ പോരും!

പുഷ്പമയതല്പകത്തിൽ—പട്ടണിവിരിപ്പിൽ
നിഷ്ക്രമിതദീപികത—ന്നല്പരുചിയിങ്കൽ;
നീലമുകിൽച്ചുരുൾമുടി—ലോലമായഴിഞ്ഞും;
നീളെയതിൽ ചൂടിയ പൂ—മാലികയഴിഞ്ഞും;
ജാലകത്തിലൂടകത്തു—ചേലിലലഞ്ഞെത്തും
ലോലവായുവേററളക—രാജികളുലഞ്ഞും.
മാനസം കവൎന്നൊട്ടുക്കും—മാതിരിയിലേവം
മാമകസൗഭാഗ്യമേ, നീ—നിദ്രചെയ്യും നേരം,—

പ്രണയലോലനായമലേ, നിന്നട-
ത്തിരവിലിന്നു ഞാനെത്തും;
മണിയറവാതിലടച്ചിരുന്നാലു-
മകത്തുവന്നു ഞാൻ നില്ക്കും
അധരമല്പവുമനങ്ങിടാതെ, ഞാൻ
വിളിച്ചു നിന്നെയുണത്തും;
അത്തലേ,നീപോലുമറിയാതെ, നിന്നെ-
പ്പുണന്നു ഞാനുടൻപോരും!

അത്യുദാരമിന്നൊരോമൽ—സ്വപ്നമായ് ഞാൻ മാറു
ന്നത്തനം ചെയ്തൊട്ടുവിൽ നിൻ—മെത്തയിലണയും
പ്രേമസുധയൂറിനില്ക്കും—മാമകാത്മസൂന-
മോമലേ, നിൻചേവടിയിൽ—കാഴ്ചവെയ്ക്കും നേരം
സ്വാഗതോക്തിമൂലമെന്നെ—സ്വീകരിക്കുവാനായ്
ഭാഗധേയവല്ലികേ, നിൻ—ഭാവനകൾപോരും.



Digitized By Kerala Sahitya Akademi

നാമിരുവരകലത്തിൽ—വാഴ്കയാണെന്നാലും
ഈ വിരഹമോർത്തു നമ്മൾ—മാഴ്കയാണെന്നാലും.

പ്രണയലോലനായമലേ, നിന്നട-
ത്തിരവിലിന്നു ഞാനെത്തും;
മണിയറവാതിലടച്ചിരുന്നാലു-
മകത്തുവന്നു ഞാൻ നില്ക്കും.
അധരമല്ലവുമനങ്ങിടാതെ, ഞാൻ
വിളിച്ചു നിന്നെയുണർത്തും;
അതുലേ, നീപോലുമറിയാതെ നിന്നെ-
പ്പുണർന്നു ഞാനുടൻ പോരും!

21—5—1109

—*—



Digitized By Kerala Sahitya Akademi

കണിക 5.

കളകളകോകിലാലാപലോലം
കമനീയകാമദപുഷ്പകാലം;
മധുപാനമത്തമധുപഗീതം
മധുരസുരഭിയാം മന്ദവാതം;
മലർനിര മേളിച്ച മഞ്ജുവാടം
മരതകപ്പച്ച വിരിച്ച പാടം;
വിജനവിലാസലതാനികുഞ്ജം
[illegible]നവിലോലയെൻ പുണ്യപുഞ്ജം;
പരിമളകല്ലോലമല്പമല്പം
പരിചിലിളകീടും പുഷ്പതല്പം;
മിളിതനിർവ്വാണസുഖപ്രണയം
ലളിതവികാരമയഹൃദയം;
അരികി,ലാത്മാവിലമൃതസാരം
ചൊരിയുമെൻ നിസ്തുലഭാഗ്യതാരം;
ഒരുവാക്കിനോമനയ്ക്കുള്ള നാണം
ഇനിവേറൊരുത്സവമെന്തു വേണം?

ഇരുവരുമന്യോന്യചിന്തമൂലം
കരയലാൽത്തന്നെ കഴിച്ച കാലം
ശിഥിലാഭിലാഷങ്ങളാകമാനം
തിരതല്ലുമന്നത്തെയാത്മഗാനം,



Digitized By Kerala Sahitya Akademi

കളിവിലന്യോന്യം പകർന്നു നൽകി
കലിതാനുമോദമണഞ്ഞു പുൽകി,
വിരഹ,കലഹ,സമാഗമങ്ങൾ
വിഫലസങ്കല്പത്തിലാർന്നു ഞങ്ങൾ!
സദയമന്യോന്യമൊളിഞ്ഞു നോക്കി-
സ്സമയം സരസമായെത്ര പോക്കി!
പരഭൃതയുഗമകം പാട്ടുപാടി-
പ്പരിലസിച്ചീടും വനിക തേടി,
അഴലാർന്നാരതം ഞങ്ങൾ പോയി
മിഴിനീരൊഴുക്കുവാൻ മാത്രമായി!
അനഘവസന്തമണഞ്ഞതില്ല
അനുരാഗപ്പൂവല്ലി പൂത്തുമില്ല.
അനുദിനം വായുവിൽക്കോട്ടകെട്ടി-
യനുതപിച്ചേവം കഴിച്ചുകൂട്ടി.

* * *

ചിരകാലപ്രാർത്ഥിതമീ വസന്തം
തരളിതമാക്കുന്നിതെൻ ഹൃദന്തം!
മമജീവനായികയ്ക്കെന്നൊടേവം
മതിയിൽ വളരുന്ന രാഗഭാവം,
മതി,യതിൽ മാമകഭാവിയെന്നും
മഹിതാഭ താവിത്തെളിഞ്ഞു മിന്നും!

വഴിയുമാ മന്ദാക്ഷമന്ദഹാസം
വദനാരവിന്ദപ്രഭാവിലാസം,



Digitized By Kerala Sahitya Akademi

ഇവ രണ്ടും പോരും,മെൻ ജീവിതത്തിൽ
പരിതൃപ്തിയേകുവാനീ ജഗത്തിൽ!
മധുവിധുകാലമിതെത്ര രമ്യം!
മഹിയിലിതൊന്നല്ലാതെന്തു കാമ്യം!!

13_8_1108

—*—



Digitized By Kerala Sahitya Akademi

## ഹാ!

പല പല വല്ലികൾ പൂത്തു പൂത്തു
പരിമളം തിങ്ങിയ പൂനിലാവിൽ,
ഒരു കൊച്ചരുവിതൻ തീരഭൂവി-
ലൊരു നല്ല നീലശിലാതലത്തിൽ,
തിരകളിളകുന്ന ചിന്തകളാൽ
തരളിതചിത്തനായ് ഞാനിരിപ്പൂ!

രണ്ട്

സുഖദസുഷുപ്തി പകർന്നു നല്കും
സുരസുധാസ്വാദനലോലുപരായ്,
മതിമറന്നാനന്ദതുന്ദിലരായ്
മരുവുന്നു മാലോകരാകമാനം.
പരിമിതമാമൊരു ശാന്തതയെൻ
പരിസരമെല്ലാം നിറഞ്ഞു കാൺമൂ!

മൂന്ന്

ഇളകുമിലകൾക്കിടയിലൂടെ-
ത്തെളുതെളെച്ചോരുന്ന ചന്ദ്രികയാൽ,
നിഴലും വെളിച്ചവുമൊത്തുചേർന്നു
നിറയുമീ രമ്യനിശീഥരംഗം,
അലിയിക്കയാണെന്നെ മന്ദമന്ദ-
മനുപമാനന്ദസരസ്സിലൊന്നിൽ!

നാല്

പരിചിലൊരേകാന്തസ്വപ്നംപോലീ-
യരുവിയെൻ മുന്നിലൊലിച്ചിടുന്നു.



Digitized By Kerala Sahitya Akademi

വളർവെള്ളിമേഘങ്ങളുങ്ങുമിങ്ങു-
മലയുന്ന നിർമ്മലനീലവാനിൽ,
വിലസുന്ന സുന്ദരതാരകളാ-
യനുരാഗചിന്തതന്നങ്കുരങ്ങൾ!

അഞ്ച്

അകതാരിൽ വന്നു തുളുമ്പുമേതോ
പരമാനന്ദത്തിലെപ്പാതിയോളം,
ഒരു നീണ്ട നേരിയ ഗാനമായി-
പ്പുതരും സ്വരത്തിൽ പകർന്നശേഷം,
അകലെയപ്പാതിരാപ്പക്ഷിപോലും
ചിറകുമൊതുക്കിയുറക്കമായി!

ആറ്

അവിടെ,യക്ഷേത്രത്തിൻ മുന്നിൽ, നില്ക്കു-
മരയാലിൻ കൊമ്പത്തു മാറി മാറി,
തുരുതുരെത്തൂങ്ങിപ്പിടഞ്ഞു, കൂകി-
ച്ചിറകടിച്ചാർത്തു പറന്നു പാറി,
സമയംകഴിപ്പൂ സരസമായി-
ട്ടമിതകൗതൂഹലമാവലുകൾ!

ഏഴ്

ഇവയോരോന്നായി ഞാൻ നോക്കി നോക്കി
യവികലാനന്ദമനുഭവിപ്പൂ.
അരികി,ലെന്നാൽ, കഷ്ടം,മാരുമില്ലെൻ
ഹൃദയോത്സവത്തിനു സാക്ഷി നില്ക്കാൻ!



Digitized By Kerala Sahitya Akademi

ഉലകിടമെല്ലാമുറക്കമായി
തരുനിരപോലുമനങ്ങാതായി!

എട്ട്

ഇവിടെ,യീ ഞാൻ മാത്രമേകനായി-
ട്ടിതുവിധം നിന്നിദ്രനായിരിപ്പൂ.
സകലചരാചരമൊന്നുപോലി-
സ്സമുദിതശാന്തിയിൽ വിശ്രമിപ്പൂ,
നിഹതനാമെന്നെയതിങ്കൽനിന്നു-
മകലത്തു നിർത്തുന്ന ശക്തിയേതോ!!

ഒമ്പതു്

സഹതാപശൂന്യമീ മന്നിടത്തിൽ
സകലതുമിപ്പോളുതീവ ശാന്തം:
ശരി,യെന്നാൽ,ത്തെല്ലിടസ്സുള്ളി,ലിന്നീ
സ്ഫുരദിന്ദു മാഞ്ഞു മറയുകില്ലേ?
ഉദയം, കിഴക്കു കരങ്ങൾ നീട്ടി-
ക്ഷിതിയെക്കുലുക്കിയുണർത്തുകില്ലേ?

പത്തു്

മനുജരെല്ലാരുമുണരുമല്ലോ!
മമ മനം വീണ്ടും തകരുമല്ലോ!
പരിഭവത്തിൻെറ ശരങ്ങൾ വീണ്ടും
തുരുതുരെയെന്നിൽത്തറയ്ക്കുമല്ലോ!
പരുഷമാം രാത്രിയാണെന്തുകൊണ്ടും
പകലിനെക്കാളെനിയ്ക്കേറെയിഷ്ടം!!

* * *



Digitized By Kerala Sahitya Akademi

പതിനൊന്ന്

ഉദയമില്ലാത്തോരു നീണ്ട രാവു-
മുണരേണ്ടാത്തോരു സുഷുപ്തിയുമായ്;
ഒരു മനസ്സുല്യവും വന്നു ചേരാ-
ത്തൊരു നിത്യവിശ്രമം ഞാൻ കൊതിപ്പൂ!
ധരയി,ലിജ്ജീവിതഭാരമൊട്ടു-
മരുതയ്യോ, താങ്ങാനെനിയ്ക്കിനിയും

10—9—1109

—*—

പ്രണയസർവ്വമേ, പോരും പരിഭവം!
ഹൃദയഗദ്ഗദം കേൾക്കാത്തതെന്തു നീ?

14—6—1109



Digitized By Kerala Sahitya Akademi

# മാപ്പ്!

സഹതാപം—അല്ലെങ്കിൽ വേണ്ട, ഞാനി–
ന്നറിയാതതൊന്നു പറഞ്ഞുപോയി.
അപരാധമാണ,തെനിക്കതിനാൽ
സദയം നീ ലോകമേ, മാപ്പുനൽക!
കരുതിടാതാണതു ചൊന്നതു ഞാൻ
പരിഭവമല്പവും തോന്നരുതേ!

ശിഥിലമായ്ത്തീരുമൊരാർദ്രചിത്തം
പലമട്ടു പിച്ചുപുലമ്പിയേക്കാം;
അവയിലെല്ലാററിനുമിപ്രകാരം
ചെവികൊടുത്തീടൊല്ലേ, നിങ്ങളാരും!

ഞെരിയുമൊരാത്മാവിൻ ദീനനാദം
സുരപഥത്തോളം ചെന്നെത്തിയാലും,
ബധിരമീ ലോകം;—ഇതിനകത്തെൻ
പ്രണയംകൊ,ണ്ടയ്യോ, പിന്നെന്തു കാര്യം?

മിഴിനീരിൽമുങ്ങി നനഞ്ഞുതിരും
മൊഴികളിലോലുന്ന മാർദ്ദവവും;
കദനംനിറഞ്ഞു തുളുമ്പിനില്ക്കും
കരളിൻ നിരഘമധുരിമയും;
പറയാതറിയുകയില്ലയെങ്കിൽ
പറയാം;—എന്നാലുമിതെന്തു മൗനം?
മതിമതി—പണ്ടേ,മെൻലോകമേ, നീ–
യിതുവിധം കർക്കശമായിരുന്നോ?



Digitized By Kerala Sahitya Akademi

ദയനീയഗദ്ഗദം തിങ്ങിവിങ്ങും
ഗളനാദം ഞെക്കി ഞെരിയ്ക്കുവാനും,
ഇടറാത്ത കൈകളിലുല്ലസിപ്പൂ
വിജയമേ, നിൻെറ വരണമാല്യം!

കനകാംഗിയാകുമക്കാല്യലക്ഷ്മി
കലിതാനുരാഗം കരങ്ങൾനീട്ടി,
തഴുകുവാൻ പോയാലും, സമ്മതിയ്ക്കാ-
തിരുളൊന്നിച്ചോടുന്നു താരകങ്ങൾ!
പരിപൂർണ്ണതയിങ്കലേയ്ക്കു നമ്മെ-
യൊരു ദിവ്യശക്തിയെടുത്തുയർത്തും;
അനുസരിയ്ക്കാതെ കുടഞ്ഞുനോക്ക-
മതിലുമടിയിലേയ്ക്കാഞ്ഞെടിയും.
അറിയുന്നീലെന്നാലിതൊന്നും,മയ്യോ
മറിമായംതന്നെയീ മന്നിലെന്തും!
ഭുവനമേ, മാനവദൃഷ്ടിയിങ്കൽ
വെറുതേയോ നീയൊരു മായയായി?
കളവേതു, സത്യമേ,താരു കണ്ടു?
—ശിവനേ,യിതെല്ലാമെന്തിന്ദ്രജാലം!...

* * *

കഥയെന്തായാലും, കണ്ടുനിന്നു
കരയുവാൻമാത്രമെനിയ്ക്കറിയാം.
ക്ഷണികസൗന്ദര്യങ്ങൾ നോക്കിനോക്കി-
ത്തകരുന്നു ഹാ, മനം മാമകീനം.



Digitized By Kerala Sahitya Akademi

ഒരു പുഷ്പം വാടിക്കൊഴിഞ്ഞീടുമ്പോ-
ളൊരു നെടുവീർപ്പെന്നിലങ്കുരിപ്പൂ!

ഇവയെല്ലാം മൂഢതയായിരിക്കാം
സദയം നീ ലോകമേ, മാപ്പുനൽകു!!

22—9—1109

—*—

നിഴലും വെളിച്ചവും മാറിമാറി
നിഴലിക്കും ജീവിതദർപ്പണത്തിൽ,
ഒരു സത്യം മാത്രം നിലയ്ക്കുമെന്നും—
പരമാത്മസ്നേഹത്തിൻ മന്ദഹാസം!

5—7—1108

—*—



Digitized By Kerala Sahitya Akademi

# ആത്മരഹസ്യം

ആ രാവിൽനിന്നോടു ഞാനോതിയ രഹസ്യങ്ങ-
ളാരോടുമരുളരുതോമലേ, നീ!

താരകാകീർണ്ണമായ നീലാംബരത്തിലന്നു
ശാരദശശിലേഖ സമുല്ലസിയ്ക്കേ;
തുള്ളിയുലഞ്ഞുയർന്നു തള്ളിവരുന്ന മുഗ്ദ്ധ-
വെള്ളിവലാഹകകൾ നിരന്നുനില്ക്കേ;
നർത്തനനിരതകൾ, പുഷ്പിതലതികകൾ
നൽത്തളിർകളാൽ നമ്മെത്തഴുകീടവേ;
ആലോലപരിമളധോരണിയിങ്കൽ മുങ്ങി-
മാലേയാനിലൻ മന്ദമലഞ്ഞു പോകെ;
നാണിച്ചുനാണിച്ചെന്റെ മാറത്തു തല ചായ്ച്ചു
പ്രാണനായികേ, നീയെന്നരികിൽനില്ക്കേ;
രോമാഞ്ചമിളകും നിൻ ഹേമാംഗകങ്ങൾതോറും
മാമകകരപുടം വിഹരിയ്ക്കവെ;
പുഞ്ചിരിപൊടിയാതെ, നിൻ ചെഞ്ചൊടിത്തളിരി-
(ലെൻ
ചുംബനമിടയ്ക്കിടയ്ക്കമർന്നീടവെ;
നാമിരുവരുമൊരു നീലശിലാതലത്തിൽ
നാകനിർവൃതി നേടിപ്പരിലസിയ്ക്കേ:—

ആരാവിൽ നിന്നോടു ഞാനോതിയരഹസ്യങ്ങ-
ളാരോടുമരുളരുതോമലേ, നീ!......



Digitized By Kerala Sahitya Akademi

വേദന സഹിയാത്ത രോദനം തുളുമ്പീടും
മാമകഹൃദയത്തിൻ ക്ഷതങ്ങൾതോറും,
ആദരസമന്വിതമാരുമറിയാതൊരു
ശീതളസുഖാസവം പുരട്ടി മന്ദം,
നീയെന്നെത്തഴുകവേ, ഞാനൊരു ഗാനമായി
നീലാംബരാന്തത്തോളമുയർന്നുപോയി!
സങ്കല്പസുഖത്തിനും മീതെയായ്മിന്നും, ദിവ്യ-
മംഗളസ്വപ്നമേ, നിന്നരികിലെത്താൻ,
യാതൊരു കഴിവുമില്ലാതെ, ഞാനെത്രകാല-
മാതുരഹൃദയനായുഴന്നിരുന്നു!
കൂരിരുൾനിറഞ്ഞൊരെൻജീവിതം പൊടുന്നനെ-
ത്താരകാവൃതമായിച്ചമഞ്ഞനേരം,
ആ വെളിച്ചത്തിൽ നിന്നെക്കണ്ടുഞാൻ, ദിവ്യ മാമാ-
രാനന്ദരശ്മിയായെന്നരികിൽത്തന്നെ!
മായാത്ത കാന്തി വീശും മംഗളകിരണമേ,
നീയൊരു നിഴലാണെന്നാരു ചൊല്ലി?
അല്ലിലെ വെളിച്ചമേ, നിന്നെ ഞാനറിയാതി-
ല്ലല്ലലിൽ മൂടിനില്ക്കുമാനന്ദമേ!
യാതൊന്നും മറയ്ക്കാതെ, നിന്നോടു സമസ്തവു-
മോതുവാൻ കൊതിച്ചുനിന്നരികിലെത്തി,
കണ്ണുനീർക്കണികകൾവീണു നനഞ്ഞതാം, നിൻ
പൊന്നലർക്കവിൾക്കൂമ്പു തുടച്ചു, മന്ദം,
ആ രാവിൽനിന്നോടുഞാനോതിയ രഹസ്യങ്ങ-
ളാരോടുമരുളരുതോമലേ, നീ!...

* * *



Digitized By Kerala Sahitya Akademi

എന്നാത്മരഹസ്യങ്ങളെന്തും ഞാൻനിന്നോടോതും
മന്നിനായതു കേട്ടിട്ടെന്തു കാര്യം?
ഭൂലോകമൂഢരായി നമ്മെയിന്നപരന്മാർ
പൂരിതപരിഹാസം കരുതിയേക്കാം.
സാരമില്ലവയൊന്നും—സന്തതം, മമ ഭാഗ്യ-
സാരസർവ്വസ്വമേ, നീയുഴന്നിടേണ്ട!
മാമകഹൃദയത്തിൽ സ്പന്ദനം നില്ക്കുവോളം
പ്രേമവുമതിൽത്തിരയടിച്ചുകൊള്ളും!
കല്പാന്തകാലംവന്നു ഭൂലോകമാകെ,യൊരു
കക്ഷസമുദ്രമായ് മാറിയാലും,
അന്നതിൻമീതെയലതല്ലിയിരച്ചുവന്നു
പൊങ്ങിടുമോരോ കൊച്ചുകുമിളപോലും,
ഇന്നു മന്മാനസത്തിൽത്തുള്ളിത്തുളുമ്പിനില്ക്കും
നിന്നോടുള്ളനുരാഗമായിരിക്കും!
രണ്ടല്ല നീയുംഞാനു,മൊന്നായിക്കഴിഞ്ഞല്ലോ!...
വിണ്ടലം നമുക്കിനി വേറെ വേണോ?
ആരെല്ലാം ചോദിച്ചാലു,മാരെല്ലാം മുഷിഞ്ഞാലു-
മാരെല്ലാം പരിഭവം കരുതിയാലും,

ആ രാവിൽനിന്നോടുഞാനോതിയ രഹസ്യങ്ങ-
ളാരോടുമരുളരുതോമലേ, നീ!

19—4—1109.

Digitized By Kerala Sahitya Akademi

## മുകരുക!

പരിഭവസഞ്ചരം മാത്രം നിറഞ്ഞൊരി-
പ്പരമശൂന്യമാം ലോകത്തിലൊക്കെയും,
വിഫലമോമലേ, നിന്നെത്തിരഞ്ഞുകൊ-
ണ്ടിതുവരേയുമലഞ്ഞു നടന്നു ഞാൻ.
ഒളിവിൽ, നാണിച്ചു നാണിച്ചു നാരത-
മവനതാസ്യയായെങ്ങിരിക്കുന്നു നീ?
ഇരുളിലുമിത്ര ലജ്ജയായ്? — മന്ദമാ
മുഖപടമൊന്നു മാറ്റൂ മനോരമേ!

ഗഗനസീമയ്ക്കുമപ്പുറമെപ്പൊഴും
ചിറകടിച്ചു പറക്കുമെൻ ചിന്തകൾ,
തവ സുശോഭനസൈകതരംഗമാ-
ണവിടെയെങ്ങും തിരഞ്ഞതിന്നോളവും!

മഹിതനിർവ്വാണദായിനിയായിടും
മധുരദർശന, നിന്നാഗമോത്സവം,
കലിതകൗതുകം ഘോഷിക്കുമെന്നു,മെൻ
ഹൃദയരക്തം പുരണ്ട പതാകകൾ!

* * *

ഇരുളിൽനിന്നു കരയുകയാണു ഞാൻ
വരിക വേഗ,മെൻ ജീവിതാനന്ദമേ!
തകരുമീ ജീവനാശ്വസിക്കട്ടെ, നീ
മുകരുകെന്നെ,യെൻ ദിവ്യപ്രണയമേ!! —



Digitized By Kerala Sahitya Akademi

# എനിക്കു വേണ്ടതു്

മരതകാഭ വഴിഞ്ഞൊഴുകീടുമി-
ത്തൃണസമാകുലമൈതാനഭൂമിയിൽ,
മലരണിവളർവല്ലികൾ ചൂഴുമീ
മലയജാമലശീതളച്ഛായയിൽ,
കലിതകൗതുകമാടുമേച്ചീവിധം
കഴിയുവാനെന്നു ഭാഗ്യം ലഭിച്ചിടും?

വിജനതകൾക്കു ജീവൻ കൊടുക്കുമെൻ
മുരളികാനന്ദഗാനലഹരിയിൽ,
മതിമറന്നെത്ര കാനനവല്ലികൾ
തല കുലുക്കി രസിക്കയില്ലപ്പൊഴും!

ഉദയകൗതുകം കാണുവാനായ് സ്വയം
മിഴി തുറക്കും മുകുളമുഗ്ദ്ധാംഗിമാർ,
ഭരിതമോദമെൻ മുന്നിലാത്താദരം
ചൊരിയുകില്ലെത്ര രാഗപരിമളം!

മൃദുലമംഗളസംഗീതലോലയാ-
യൊഴുകിടുന്നൊരിക്കൊച്ചുപൂഞ്ചോലയിൽ,
സമയമെത്ര കഴിക്കില്ല നിത്യവും
സലിലകേളിയിൽ ഞാനും സഖാക്കളും!

അകലെ നീന്തിക്കളിച്ചിടും സുന്ദര-
വിഭവറാണിമാർ, കാനനദേവിമാർ,
ഒളിവി,ലെൻ നേർക്കെറിയും പലപ്പൊ,ഴാ
ലളിതലജ്ജ പുരണ്ട കൺകോണുകൾ!



Digitized By Kerala Sahitya Akademi

സുഖസുഷുപ്തി പുലരും സുശീതള-
സുമവിരാജിതസുന്ദരശയ്യയിൽ,
മധുരചിന്താലഹരിയിൽ മഗ്നനാ-
യമരുമാച്ചുടുമദ്ധ്യാഹ്നവേളയിൽ,
വയലിൽനിന്നും മടങ്ങുമൊരോമലാ-
ളണയുമെൻ മുന്നിലാനതമൗലിയായ്!
ചുരുൾമുടിക്കെട്ടഴിച്ചുവിതുർത്തുകൊ-
ണ്ടരികിൽനില്ക്കുമവളോടു സസ്നേഹം,
ഹരിതദീപ്രമക്കാനനമണ്ഡല-
ചരിതമോരോന്നു ചോദിച്ചനാകുലം,
കരിപിടിക്കാത്ത കന്യാഹൃദന്തര-
കവനഭംഗി നുകർന്നു ഞാൻ വാണിടും!

കുളിരണിഞ്ഞ നിലാവിൽക്കുളിച്ചിടും
ലളിതമോഹനഹേമന്തരാത്രിയിൽ,
പൊഴിയുമെൻ മൂളിപ്പാട്ടുകൾ കേട്ടുകേ-
ട്ടലിയുമോരോരോ വെൺമണൽത്തിട്ടുകൾ!

മലയമാരുതനേറ്റേറ്റു, കോകില-
മധുരപഞ്ചമം കേട്ടുകേട്ടങ്ങനെ,
മലരണിവളർവല്ലികൾ ചൂഴുമീ
മലയജാമലശീതളച്ഛായയിൽ,
കലിതകൗതുകമാടുമേച്ചീവിധം
കഴിയുവാനൊന്നിനിക്കാകിൽ ഞാൻ ഭാഗ്യവാൻ!!

4—2—1108



Digitized By Kerala Sahitya Akademi

## ഇരുളിൽ

ഇനിയൊരിക്കലും കിട്ടാത്ത മട്ടി,ലെൻ
പിടിയിൽനിന്നും വഴുതിയ ഭാഗ്യമേ!—
വിവിധചിന്തയാൽ വാടിക്കരിഞ്ഞൊരെൻ
വിമഥിതമായ മാനസവാടിയിൽ,
നവനവോന്മേഷദോക്തികളാ,ലിളം-
തളിർ പൊടിപ്പിച്ച ദിവ്യസൗഹാർദ്ദമേ!—
എവിടെ,യെങ്ങു നീ?—നിന്നെയോർത്തോർത്തിതാ
വിവശചിത്തനായ് നിന്നു കേഴുന്നു ഞാൻ!

കരളു നൊന്തുനൊന്തത്യന്തദൂനനായ്
കഴിയുമിക്കൊച്ചുനിസ്സാരജീവിയെ,
ഇവിടെ,യിക്കൊടുംക്കൂരിരുൾപ്പാതയി-
ലിതുവിധം വെടിഞ്ഞെങ്ങെങ്ങൊളിച്ചു, നീ?
വിജനഭീമ ജ്ഞാനത്യുഗ്രമാകമീ
വിരഹ,മയ്യോ, സഹിപ്പതെങ്ങനെ?

*　　　　*　　　　*

സിരകളെല്ലാം തളരുന്നു, ശൂന്യമാ-
മിരുളിലേയ്ക്കിതാ താഴുന്നു ഭൂതലം
ഉഡുനിരകൾ നുറുങ്ങിവീഴുന്നു, ഹാ
തരിതരിയായ്ത്തെറിക്കുന്നു വിണ്ടലം.
ഇടിമുഴങ്ങിക്കൊടുംകാററടിച്ചടി-
ച്ചുഖിലവും വീണടിയുന്നു മേല്ക്കുമേൽ.
കടലിരച്ചിരച്ചേറുന്നു, കൊള്ളിമീ-
നിടറിയോടുന്നു വാനിലെല്ലാടവും.



Digitized By Kerala Sahitya Akademi

ഇതിനു സാക്ഷ്യംവഹിച്ചനില്ക്കാനെനി-
ക്കരുതിതെന്തൊരു വേതാളതാണ്ഡവം!
പരമഘോര,മിതുററുനോക്കാനെനി-
ക്കരുതിതെന്തൊരു കല്പാന്തസംഭവം!
അടിയുറയ്ക്കുന്നതില്ല—ഞാൻ വേച്ചുവേ-
ച്ചടനിവിടത്തിൽ മൂർച്ഛിച്ചു വീണുപോം!
എവിടെ,യയ്യോ,വെളിച്ചം,വെളിച്ചം,മി-
ത്തിമിരമെന്നെ വിഴുങ്ങുന്നു നിർദ്ദയം!

*　　*　　*

ചതവുപററിയ ജീവൻെറ ഗദ്ഗദ-
ശ്രുതിയിലും, ഹന്ത, താളം പിടിക്കിലും,
മനമുരുകിയുതിരുന്ന കണ്ണുനീർ-
ക്കണികകൾകൊണ്ടു ദാഹമടക്കലും;
സ്ഥിതിയിതുതന്നെ പണ്ടു,മിപ്പൊഴുമി-
ക്ഷിതിയിതുവിധംതന്നെയാം മേലിലും!
വിഫലമെന്തിനു പിന്നെ, ഞാനീവിധം
വികൃതഭാഷയിൽത്തേങ്ങിക്കരയണം?
പ്രണയതുന്ദിലമാണെന്നിരിക്കിലും
മമ മൊഴികളിന്നാളില്ല കേൾക്കുവാൻ!

ഫലരഹിതമാം വാഗ്വാദകോലാഹലവും
പരിഭവങ്ങളും, പാഴ്ക്കലഹങ്ങളും,
ചതിയു,മീർഷ്യയും, വൻപു,മസൂയയും
ഹൃദയശൂന്യമാം പുഞ്ചിരികളും,



Digitized By Kerala Sahitya Akademi

പരപരിഹാസവാഞ്ഛയും, വൈരവും,
പരമനീചമായോരഹങ്കാരവും,
—മതി,യിതല്ലല്ലി, സാഭിമാനം സദാ
മഹി പുകഴ്ത്തുന്ന മാനവജീവിതം?
അതു,മതു വെറും പാഴ്ക്കിനാവാണതാ-
ണതിലുമേററം ദയനീയമോക്കിൽ!

ക്ഷണികതയ്ക്കൊരു പര്യായമാം, ഹിമ-
കണികമാത്രമാണീ ലോകജീവിതം.
അതിസുശക്തമാമായസഹസ്തവു-
മടിയുമന്ത്യത്തിലാഴക്കു ചാമ്പലായ്!
വെറുതെയെന്തിനു പിന്നെയീ വ്യർത്ഥമാം
പരിഭവവും, കലഹവും, കോപവും?
അരിയ സൗഹാർദ്ദകല്പകച്ഛായയി-
ലണയുകല്ലല്ലി, നമ്മൾക്കൊരുത്സവം?—
കലിതസൗഹൃദം, തങ്ങളിൽത്തങ്ങളിൽ-
ക്കരളു കൈമാറിയാശ്വസിച്ചങ്ങനെ,
സതതമൊന്നിച്ചു തോളോടുതോളുചേ-
ർന്നമരുകല്ലല്ലി,നമ്മൾക്കൊരുത്സവം?
മരണമെത്തി വിളിയ്ക്കും വരേയ്ക്കു, നാം
മഹിയിലെന്തിനു വേറിട്ടു നില്ക്കണം?

വെറുതെ, മർത്ത്യ, മദിയ്ക്കുന്നതെന്തിനാ-
ണൊരുപിടി വെറും പാഴ്മണലല്ലി,നീ?
കരുദിനം നിൻെറ കണ്ണൊന്നടയുകി-
ലതു മതി, ലോകം നിന്നെ മറക്കുവാൻ!



Digitized By Kerala Sahitya Akademi

ഭുവനശാന്തി ഭജിക്ക നീ, സോദര-
ഹൃദയരക്തം കൊതിക്കാതിരിക്കു നീ!
നിഹത, നീയു,മീ ഞാനു,മവനു,മി-
ന്നൊരുപോ,ലാലംബറ്റുന്നവരാം ജീവികൾ!—
വിധിവിഹിതപ്രവാഹത്തി,ലൊന്നുപോ-
ലൊഴുകിടും, വെറുമോലത്തുരുമ്പുകൾ!—
കഴികയില്ല നമുക്കാർക്കു,മായതി-
നാടിയൊഴുക്കിന്നെതിരിട്ടു നീന്തുവാൻ!
എവിടെയെങ്കിലുമെത്തട്ടെ,യാകയാ-
ലതിനൊരുപോൽ വിധേയരായ്ത്തീരുക!

പരമനിർമ്മലസ്നേഹമേ, നിന്നുടെ
പരിധിയില്ലാത്ത നിർവ്വാണമണ്ഡലം,
സുലളിതോജ്ജ്വലം, സുപ്രഭാസങ്കുലം
സുഖദസുന്ദരചിന്താസുരഭിലം!—
മഹിതമാകുമവിടമായീടണം
മഹിയിൽ നമ്മൾതന്നാത്മലീലാങ്കണം!

*　　　*　　　*

ഇതുവരേയും തലചായ്ച്ചുറങ്ങിയ
തണലിലെൻ സുഖസ്വപ്നങ്ങളൊക്കെയും,
ഉലകിൽ നാകം രചിച്ചു, പൊടുന്നനെ-
ച്ചിറകടിച്ചു പറന്നു മറഞ്ഞുപോയ്!
ചില വിശേഷനിമേഷത്തിലെങ്കിലും
പരമനഗ്നമായ്ക്കാൺമൂ നാം മായയെ!



Digitized By Kerala Sahitya Akademi

അവനിയിലില്ലറിയാനൊരാളു,മെ-
ന്നസഹനീയമാം നിശ്ശബ്ദസങ്കടം!
അമിതവാഞ്ഛകളില്ലെനിയ്ക്കെങ്കിലു-
മശ്രുതാവിഷ്കൂടിമയായ്ത്തീർന്നു ഞാൻ!
കപടലോകത്തിലാത്മാർത്ഥമായൊരു
ഹൃദയമുണ്ടായതാണെൻ പരാജയം!
വിമലസൗഹാർദ്ദമാത്രം ത്യജിക്കുകിൽ
വിജയലക്ഷ്മിതൻ കാമുകനായി ഞാൻ!

ഉദിതരോഷനിഷേധസ്വരങ്ങളിൽ
മുദിതമാനസരെത്ര പഴിയ്ക്കിലും,
നിരവധികനിരംഘ്ഗുണങ്ങളാൽ
നിരുപമം, ഹാ, നിരാശതേ, നിൻമുഖം!
മൂകരുകെന്നെ നീ മേലിലുമീവിധം
വിഗതഗർവ്വനായുല്ലസിയ്ക്കട്ടെ ഞാൻ!

* * *

ഹൃദയഭാഷകൾപോലും ഗ്രഹിയ്ക്കുവാൻ
കഴിവെഴുന്നൊരെന്നോമൽസഖാക്കളേ,
പറവതെന്തിനി പ്രത്യേക,മെന്നിലും
പരമഭിജ്ഞരാം നിങ്ങളോടൊക്കെ, ഞാൻ?
ഒരു യഥാർത്ഥസുഹൃത്തിനേക്കാളു,മീ-
യുലകി,ലില്ലെനിയ്ക്കൊന്നുമുപരിയായ്;
മടിയെഴാതവനായിസ്സുകൗതുകം
വെടിയുവേനെൻ്റെ ജീവിതംകൂടി,ഞാൻ!
ചിറകെനിയ്ക്കില്ല, ദേവനുമല്ല, ഞാ-
നൊരു വെറും തുച്ഛമാനവകീടകം:



Digitized By Kerala Sahitya Akademi

അറിവതുണ്ടു ഞാനെങ്കിലും സ്പഷ്ടമായ്
പരമനിർമ്മലസ്നേഹമഹിമയെ!!

* * *

മരണരംഗമായ് മാറിയ മജ്ജഘം
മറവുചെയ്യുന്ന കല്ലറയിങ്കലായ്,
നിഹതനെന്നെയോർത്തോമൽസഖാക്കളേ,
സദയമീവിധമാരചിക്കേണമേ! —

"ഇതിനകത്തു കിടക്കുന്നതു,ണ്ടൊരു
ശിഥിലരാഗസുരഭിലമാനസം
അതു പലപ്പൊഴും മന്ത്രിച്ചു:—'നിർമ്മല-
പ്രണയശൂന്യമീ ലോകം,തമോമയം!
ഇവിടെയില്ലാ വെളിച്ചം, മലിനമാ-
മിവിടെയില്ലാ സഹതാപമർമ്മരം!'
അതിനുവേണ്ടിക്കരഞ്ഞുകരഞ്ഞൊരു
കണികപോലും ലഭിച്ചിടാതാകുലം,
പരമഘോരനിരാശയിലെപ്പൊഴു-
മെരിപൊരിക്കൊണ്ടടിഞ്ഞതതാണാ മനം!
പഥിക, നീയൊരു കണ്ണുനീർത്തുള്ളി,യീ
മഥിതചിത്തത്തിനായുതിർക്കേണമേ!
അതു സമാശ്വസിക്കട്ടെ തെല്ലെങ്കിലു-
മിവിടെ വന്നൊന്നിരുന്നിട്ടു പോക, നീ!!"

* * *

വരിക വീണ്ടു,മിച്ചന്ദനച്ഛായയിൽ
ചരിചിൽ നമ്മൾക്കൊരുമിച്ചിരുന്നിടാം!



Digitized By Kerala Sahitya Akademi

പരിഭവങ്ങളഖിലം മറന്നിടാം
പല കഥകൾ പറഞ്ഞു രസിച്ചിടാം!
ഹൃദയബാഷ്പത്തിനുള്ളോരനഘമാം
മധുരിമ നമുക്കൊന്നിച്ചശിച്ചിടാം!

ഭുവനജീവിതവാഹിനിയെപ്പൊഴും
ദ്രുതഗതിയിൽക്കുതിക്കുകയല്ലയോ?
വരിക,യെന്തും ക്ഷണികമാ,ണൊക്കയും
മറയു,മീ നമ്മളെല്ലാം പിരിഞ്ഞിടും!
അതിനുമുൻപു, പറയേണ്ടതൊക്കയു-
മതിമധുരം പറഞ്ഞു നാം തീർക്കുക!
മരണ,മയ്യോ, മരണം!— വരു, നമു-
ക്കിനിയുമുണ്ടെത്ര കാര്യങ്ങളോതുവാൻ!...

17—1—1110

—*—

അതിഘോരശൂന്യത വാപിളർത്തി-
ബ്ഭുവനം വിഴുങ്ങുവാൻ കാത്തിരിക്കെ;
അതിലൊരുമൺതരിക്കെത്ര നേരം
പൊഴിയാൻ കഴിയും തൻ മൗനഗീതം?

12—3—1109



Digitized By Kerala Sahitya Akademi

# പ്രതീക്ഷ

കരിമുകിൽമാല മൂടിയ വാനി,ലെൻ
കനകതാരയെക്കാത്തിരിക്കുന്നു, ഞാൻ.
പ്രണയഗാനം മറന്ന മുരളി,യെൻ
മടിയി,ലയ്യോ, കിടക്കുന്നു മൂകമായ്!
ക്ഷണികകാന്തി പൊഴിഞ്ഞു പൊലിഞ്ഞി,തെൻ
മണിവിളക്കിലെ സ്വർണ്ണദീപാങ്കുരം!

കലിതഗദ്ഗദമാമൊരു ദാരുണ-
കദനസന്ദേശമേകിയേകി, സ്വയം
ഇരുളിലേകാന്തബാഷ്പാഭിഷിക്തമാം
നിമിഷകങ്ങളെ യാത്രയാക്കുന്നു, ഞാൻ!
വ്രണിതജീവൻ പിടഞ്ഞുണർന്നാരെയോ
വിജനഭീരുവായ്, ചോദിപ്പൂ, പിന്നെയും:—

"എവിടെ?—യെന്നെ,വിളിപ്പതാരെങ്ങുനീ?
വരിക നേരെ,യെൻ ജീവസർവ്വസ്വമേ!!"

4—3—1109

— * —



Digitized By Kerala Sahitya Akademi

## ചരിതാൎത്ഥതന്നെ, ഞാൻ

സുഷമ:—

നിശിതമാകുമീ വജ്രായുധത്തിനാൽ
നിഹത ഞാൻ, വിഭോ, നാശമടയുകിൽ,
ഒരു നിഴൽക്കൂടി മാഞ്ഞുപോ,മല്ലാതെ
വരുവാനില്ലിപ്രപഞ്ചത്തിനൊന്നുമേ!

കതിർ പൊഴിച്ചു പ്രഭാതപ്രഭാകരൻ
പതിവുപോൽക്കിഴക്കെത്തിടും പിന്നെയും;
അതുലഹേമന്തയാമിനി മുന്നെപ്പോൽ
പുതുനിലാവിൽ കുളിച്ചുല്ലസിച്ചിടും;
കിളികൾ പാടിടും, വല്ലികളാടിടും,
കുളിരിളംതെന്നൽ പിന്നെയും വീശിടും;
കമനീയാകൃതേ, ഹാ, ഭവാനെക്കാൺകെ-
ക്കമനിമാർ വീണ്ടും കൺകോണെറിഞ്ഞിടും;—
വിരളസൗഭഗ ഞാൻ വിരമിക്കിലും
വിരസതയ്ക്കില്ല മാറ്റ്മൊരിക്കലും!

ഭരിതവേദനം, നിസ്സാരയാമൊരു
ചെറിയ നീർപ്പോള പൊട്ടിത്തകരുകിൽ,
നിയമിതോത്സുകം മുന്നോട്ടു പായുമീ
നിയതിനിമ്നഗയെന്തിനു നില്ക്കണം?

പരിഭവപ്പാഴ്പ്പുകയാലൊരിക്കലും
കരിപിടിയ്ക്കുകില്ലെൻമനോദൎപ്പണം.



Digitized By Kerala Sahitya Akademi

അഴലടക്കുവാനാകാതെയോതു,മെൻ
മൊഴിയിതെല്ലാം ഭവാൻ പൊറുക്കേണമേ!
സരളമേഘകദംബപ്രചുംബിത-
തരളമാമൊരു വാർമഴവില്ലിനെ,
അടവിയിൽപ്പൂത്ത നിഗ്ഗന്ധപുഷ്പമൊ-
ന്നഭിലഷിച്ചുപോയ് മാറോടു ചേക്കുവാൻ!

സുരഭിലസ്വപ്നമോരോന്നു കണ്ടുക-
ണ്ടരനിമിഷം മയങ്ങിയ കാരണം,
നിരുപമാംഗ, നിരാശാഭരിതയായ്
നിരസിതയായ് മടങ്ങുമാറായി മേ!

പുതുമ പൂണ്ടമെന്നാത്മവിപഞ്ചിയിൽ-
പ്പരിലസിച്ചോരദൃശ്യമാം തന്ത്രികൾ,
പ്രണയഗീതങ്ങൾ പിന്നെയും പിന്നെയും
പ്രണവനിർഝരിപോലെ വർഷിക്കവേ;
തവ ലിഖിതമെൻ മാറോടു ചേർത്തുകൊ-
ണ്ടവനതാസ്യയായ് ഞാനിരുന്നീടവേ;
മധുരലോലവികാരവിജൃംഭിത-
വിധുരമാ,മെൻ ഹൃദന്തത്തുടിപ്പുകൾ,
ചെവിയിലേറേറ്റു വിസ്മയസ്തബ്ധരായ്
ദിവി തിളങ്ങുന്ന വാടാവിളക്കുകൾ!—
അവരു മാത്രമാണെൻ ചിത്തമുഗ്ദ്ധത-
യ്ക്കവനിയിങ്കലെനിക്കുള്ള സാക്ഷികൾ!!

കരയുവാനിടയാകരുതെങ്കിലോ
വിരിയരുതൊരു പൂമൊട്ടു പുഷ്പമായ്:



Digitized By Kerala Sahitya Akademi

വികൃതഭ്രംഗകസ്പർശമേല്ക്കാതതു
സുകൃതിയായ്ത്തന്നെ ഞെട്ടററുവീഴണം!!

കരുണയിത്രമേൽ ദുർല്ലഭവസ്തുവായ്
കരുതിയില്ല ഞാനിന്നോളമേതുമേ.
കരരിയേപ്പോൽക്കരഞ്ഞു കരഞ്ഞിനി-
ദ്ധരയിൽ വാഴവാനാശിപ്പതില്ല, ഞാൻ:

കൊടിയ വിസ്മൃതിയിങ്കലെൻരാഗവും
ഝടിതി വീണടിഞ്ഞെയ്ക്കാം, മഹാമതേ!
മുകുളിതകരം യാത്ര ചോദിയ്ക്കു,മീ-
സ്സുഷമയെ,ത്തെല്ലനുഗ്രഹിയ്ക്കേണമേ!!

*　　　*　　　*

ഹൃദയനാഥ, മലിമസം മജ്ജഡം
ചതിയിൽ വീണു ദഹിക്കുമ്പൊളെങ്കിലും,
കരുണയാന്നു, നിൻകണ്ണുനീർത്തുള്ളിയൊ-
ന്നതിരുമെങ്കിൽ, ചരിതാർത്ഥതന്നെ, ഞാൻ!!

10—4—1108

—*—



Digitized By Kerala Sahitya Akademi

# എന്റെ സഖി

ഇളമരുത്തേററു കൊച്ചലച്ചാർത്തുക-
ളിളകിടുന്നൊരിത്താമരപ്പൊയ്കയിൽ,
സഖികളോടുചേർന്നാടിക്കുഴഞ്ഞവ-
ളണവതെന്നിനി കേളിനീരാട്ടിനായ്?
അവളെയിന്നൊന്നു കാണാൻ കൊതിക്കയാ-
ണിവിടെയുള്ളീ മണൽത്തരിപോലുമേ!

പരിണയം കഴി,ഞ്ഞന്നൊരു നാളവൾ
പിരിയുവാൻ വന്നു യാത്രചൊല്ലീടവേ,
ഇവിടെ നില്ക്കുമിപ്പുൽക്കൊടിക്കൂടിയും
വിവശിതയായതിന്നുമോർക്കുന്നു ഞാൻ!

പവിഴമല്ലികപ്പൂവുതിർന്നെപ്പൊഴും
പരവതാനി വിരിച്ചൊരിപ്പുൽത്തടം,
പരിണതോജ്ജ്വലമാണെന്നിരിക്കിലും
പരമശൂന്യമായല്ലി തോന്നുന്നു മേ!

ഇവിടെ നില്ക്കുമീ മാതളത്തയ്യിനി-
ന്നില പൊടിച്ചോരു നൂതനസംഭവം,
അറിയുവാനിടയാവുകി,ലെത്രയി-
ന്നടികയില്ലവളാനന്ദസിന്ധുവിൽ!
അവികലോത്സവമാത്മാധിനാഥനൊ-
ത്തകലെയാണവൾ വാഴ്വതെങ്കിലും.
അലയുവതുണ്ടവളുടെ മാനസ-
മനുനിമേഷമീയാരാമവീഥിയിൽ!



Digitized By Kerala Sahitya Akademi

ഒരുവിധവും മറക്കാറാരുതവൾ-
ക്കരുമയാകുമിപ്പുള്ളിമാൻകുഞ്ഞിനെ!
കിളികളോരോന്നുണർന്നു, ചിറകടി-
ച്ചുദയകാന്തിയിൽപ്പാറിപ്പറക്കവേ,
ശിശിരസുന്ദരലോലനീഹാരക-
യവനിക മന്ദം നീങ്ങിത്തുടങ്ങവേ,
പകുതിയോളം വിടന്ന പൂവിൻ നവ-
പരിമളമിളംകാററിലിളകവേ,
കുസുമസൗരഭമോലുമക്കാറെതിർ-
കുടിലകുന്തളം കെട്ടഴിഞ്ഞങ്ങനെ;
ഇരുവശംനിന്ന ചെമ്പനീർപ്പൂക്കള-
ത്തുടുകവിളിൽ പ്രതിഫലിച്ചങ്ങനെ;
ഒരു മൃദുമന്ദഹാസമച്ചെഞ്ചൊടി-
ത്തളിരി,ലല്പം സ്ഫുരിക്കുമാറങ്ങനെ;
ജലഘടവുമായീ മലർത്തോപ്പിലേ-
ക്കുവൾവരും വരവിന്നുമോർക്കുന്നു, ഞാൻ!
ചലനചിത്രങ്ങൾ കാണിക്കുയാണിദം
ചപലസങ്കല്പമെന്നെപ്പലപ്പൊഴും!
സ്മരണയിങ്കൽത്തെളിഞ്ഞു ഞാൻ കേൾപ്പിത-
ത്തരിവളകൾതൻ സംഗീതമർമ്മരം!!

*　　*　　*

പ്രകൃതിമാതെട്ടത്തോമനിച്ചോളവൾ
പ്രകൃതിയായ് സദാ സല്ലപിച്ചോളവൾ!—
അവളെയാശിച്ചിരുന്നവനല്ല ഞാ-
നവളിലൊട്ടനുരക്തനുമല്ല, ഞാൻ.



Digitized By Kerala Sahitya Akademi

വെറുതെ,യെന്നിട്ടുമെന്തിനോ,കഷ്ട,മീ
വിരഹമോർത്തോർത്തു നീറുന്നിതെന്മനം!
അവളതിമാത്രമാർദ്രയാ,ണായതാ-
ണഴലിനിന്നെനിക്കാദിമകാരണം!

ദിവസവും ഞങ്ങൾ കാണും, പരസ്പര-
മകമഴിഞ്ഞൊന്നു പുഞ്ചിരിക്കൊണ്ടിടും;
അമിതമോദമോടൊന്നുരണ്ടക്ഷര-
മരുളി, യാത്രപറഞ്ഞു പിരിഞ്ഞുപോം;
പരമനിർമ്മലസൗഹൃദമീവിധ-
മനുനിമേഷം വളർന്നു, ഹാ, ഞങ്ങളിൽ!

മധുരശൈശവബന്ധമതററിടാൻ
മമ ജഡമിനി മണ്ണിലടിയണം.
അതു മറക്കുവാനോർക്കിൽ മറക്കുമോ?
മതിയിൽനിന്നതു മാഴ്കുകിൽ മായുമോ?

മിഴികളാലസ്സുരാംഗനാസൗഭഗം
കരളിനാലാപ്പരിശുദ്ധസൗഹൃദം—
ഇവ, യഥേച്ഛ,മൊരുപോൽ നുകരുവാ-
നിട ലഭിച്ചല്ലോ!—ഞാനെത്ര ഭാഗ്യവാൻ!!

30-6-1109



Digitized By Kerala Sahitya Akademi

## അന്നും ഇന്നും

അനഘമാകുമപ്പുവനം കാണുവാ-
നിനിയുമെത്ര ഞാൻ പിന്നോട്ടു പോകണം!
പരമനിർമ്മലസ്നേഹസമന്വിത-
സരളലോലവികാരതരളിതം,
വിവിധചിത്രസമാകുലശ്രീമയ-
വിജനരംഗമാ മംഗളശൈശവം.

നിഹതനായൊരെൻ, ജീവിതവാടിതൻ
കുസുമകാലമേ, നീയിനിയെത്തുമോ?
തവ മനോഹരമന്ദസ്മിതോജ്ജ്വല-
വദനദർശനം സാദ്ധ്യമല്ലെങ്കിലും,
സ്മരണയെന്നെത്തുടക്കംവരേയ്ക്കു, നി-
ന്നരികിലെന്നും പറന്നെത്തു,മെൻമനം!

നവസുഷമകൾ തിങ്ങിത്തുളുമ്പി,യി-
ബ്ഭുവനമന്നെത്ര കാമ്യമായ്ത്തോന്നി മേ!
പരമശൂന്യമീതെന്താ,ലിതിലിദ-
മിരുളുവന്നു നിറഞ്ഞതിന്നെങ്ങനെ?

സഖികളോടുചേർന്നാടിയും പാടിയും
സമയമന്നു കഴിച്ചു ഞാൻ സസ്പൃഹം.
അപരചിന്തകളില്ലന്നു ഞങ്ങളി-
ലമലകേളികളാടുകയെന്നിയെ.
അമരസൌഖ്യങ്ങളാസ്വദിച്ചാസ്വദി-
ച്ചമിതസംതൃപ്തരായുല്ലസിക്കവേ,



Digitized By Kerala Sahitya Akademi

രിതവാത്സല്യമന്നാളിലേവരു-
മരുളി ഞങ്ങൾക്കനുഗ്രഹാശംസകൾ!

അപജയത്തിനടിത്തറകെട്ടു,മി-
ച്ചപലയൌവനമാശിപ്പതില്ല, ഞാൻ:
മധുരശൈശവം വീണ്ടും ലഭിക്കിലീ
മഹിയി,ലെന്തിലും മീതെ ഞാൻ മിന്നുവൻ!
ഇടവിടാതിരുന്നെത്ര ഭജിക്കിലെ-
ന്തിനി വരികയില്ലാ വസന്തോത്സവം!

സതതമാന്നൊരു കൊച്ചുപൂഞ്ചോലപോൽ
മൃദുലഹാസം പൊഴിച്ചു സുഖിച്ചു, ഞാൻ.
ചിറകടിച്ചു ചിലച്ചു ചരിച്ചിടും
കുരുവിപോലെ പറന്നു കളിച്ചു, ഞാൻ.
പരിചിതമല്ലെനിക്കൊരു താപവും
പരവശനല്ല ഞാനൊരു നേരവും.
കപടമെന്തെന്നറിയാത്ത കാരണം
കവിതയാണെന്നു കാണുന്നതൊക്കയും!—
ഇനിയതോരോന്നുമോർത്തോർത്തു, തപ്തനായ്-
ക്കഴികയല്ലാതെയില്ലൊരു മാർഗ്ഗവും!

മഴമുകിലിൽ മണിമേട തീർക്കുവാൻ
മനമുഴറി മരുവുന്നതിൽപരം,
ഒരു ചെറിയ പൂമ്പാററതൻ പിന്നിലൂ-
ടനുഗമിക്കുന്നതാണെനിക്കുത്സവം!

ചെറുതരംഗച്ചുരുളുകൾ ചിന്നു,മീ
ഹൃദയഹാരിയാം നൈതലാമ്പൽക്കുളം,



Digitized By Kerala Sahitya Akademi

സദയമെന്നെ ക്ഷണിപ്പതുണ്ടിപ്പൊഴും
സലിലകേളിക്കു സാക്ഷ്യം വഹിക്കുവാൻ.
പുളകമേകിയില്ലേത്ര,യന്നൊക്കെ,യ-
പ്പുളിനഭൂവിന്നെൻ കാലടിപ്പാടുകൾ!

അലരണിത്തോപ്പി,ലിന്നും ലസിപ്പതു-
ണ്ടരിയ ചന്ദനശീതളച്ഛായകൾ.
എവിടെയിന്നു മറഞ്ഞുപോയ്, കഷ്ടം,മ-
ന്നവിടെ വന്നെത്തുമെൻ കൂട്ടുകാരികൾ?
മൃദുലമഞ്ജുളമഞ്ജീരശിഞ്ജിത-
മുഖരിതമാണവിടമന്നൊക്കയും.
തകരുകയാണു, വാടിക്കരിഞ്ഞൊരീ
ബകുളപുഷ്പങ്ങൾ കാണുമ്പൊളെൻമനം!
അവ പെറുക്കുവാനെന്തു കോലാഹല-
മവിടെ ഞങ്ങൾ നടത്തീല നിത്യവും!

സ്മരണയെത്തട്ടി വീണ്ടുമുണർത്തു,മി-
ശ്ശിശിരവായുവിൻ ശീതളാലിംഗനം,
അശ്രുഭാവിയെനിക്കുണച്ചീടുമെ-
ന്നണുവുമന്നൊന്നുമോർത്തിരുന്നില്ല ഞാൻ.
ഇരുളിനുള്ള മുഖവുരമാത്രമാ-
ണുദയരശ്മിതൻ മന്ദസ്മിതാങ്കുരം!

അതുലമായൊരാ രംഗങ്ങളോർത്തിനി
മതി കരഞ്ഞതെൻ മന്ദഹൃദയമേ!
സുദിനമൊക്കെക്കഴിഞ്ഞു—ഹാ, ദുസ്സഹ-
കദനപൂർണ്ണമിനി മമ ജീവിതം.



Digitized By Kerala Sahitya Akademi

ചിരസമാർജ്ജിതപുസ്തകങ്ങളൊന്നുമേ
കരിയിലപോലെ ശൂന്യമല്ലല്ലി നീ?
എരിയുമാത്മാവിനാശ്വാസമേകുവാ-
നുതകുമെന്നു ഭ്രമിച്ചുപോയ് നിന്നെ ഞാൻ!

ഉലകിനെത്ര രുചിപ്പുമെൻ ജീവിത-
ചലനചിത്രം, കഠിനശോകാത്മകം?
മതി,—യിതെങ്ങാനുമീവിധം നീണ്ടുനീ-
ണ്ടൊടുവി,ലത്യന്തശോകമായെങ്കിലോ!
ഇതിനു പൂർണ്ണവിരാമമിട്ടീടുവാ-
നിനി വിളംബമരുതരുതല്പവും!

വിജയലക്ഷ്മിവന്നെന്നെത്തലോടുവാൻ
ഭജനലോലനായെത്ര നാൾ കാത്തു ഞാൻ!
അവളനുകൂലയല്ലെനി,യ്ക്കാകയാ-
ലവനതാസ്യനായ് പിൻമടങ്ങട്ടെ ഞാൻ!

* * *

ഒരു മരതകപ്പച്ചിലക്കാട്ടി,ലെൻ
മരണശയ്യ വിരിയ്ക്കു സഖാക്കളേ!
വസുധയോടൊരു വാക്കു ചൊന്നിട്ടിതാ
വരികയായി ഞാൻ—അല്പം ക്ഷമിയ്ക്കണേ!!

23—5—1109.

—*—



Digitized By Kerala Sahitya Akademi

# അന്ത്യസമാധാനം

കാമുകൻ:

പറയുകെല്ലാം, മടിക്കേണ്ട, നീ,യതിൽ
പരിഭവിയ്ക്കുവോനല്ല ഞാ,നോമലേ!
തവ ഹൃദയമൊളിവിൽ കവന്നവ-
നലകിടേലവനാ,ണോതുകെന്നോട നീ!

പ്രണയിനി:

മമ മനോരഥദീപമേ, മാമക-
ചാപലതയ്ക്കു നീ മാപ്പനൽകേണമേ!
അതികമതിയാമേകനാ,ലിവിധം
തരള ചിത്ത ഞാൻ വഞ്ചിതയായ്, വിഭോ!
വിവിധവർണ്ണങ്ങൾ വീശുന്നൊരന്തിതൻ
യവനികയ്ക്കു പിൻപൊക്കെത്തമോമയം.
അബല ഞാനെന്തറിയുന്നു?—ലേശവു-
മറിവിയലാത്തൊരേഴയല്ലല്ലി ഞാൻ?
ഒരു മരീചികയാണവൻ, കശ്മലൻ
പുതുനിലാവിൻെറ രൂപമെടുത്തവൻ!

* * *

പ്രണയശീതളം, ഞാനതിരമ്യമാ-
മഭയകേന്ദ്രമൊന്നാരാഞ്ഞുപോകവെ;
'ഇവിടെയോമലേ, പോരിക; പോരികെ'-
ന്നൊരുമധുരക്ഷണംകേട്ടു പിന്നിലായ്.
തല തിരിച്ചു ഞാൻ—എന്തെന്തു വിസ്മയം!
തരുണനേകനാ,ണാകാരകോമളൻ!—



Digitized By Kerala Sahitya Akademi

മൃദുലമന്ദസ്മിതാശ്ലേഷിതാധരൻ
പ്രണയലോലകിരണോൽക്കരോജ്ജ്വലൻ!
മമ മിഴികളാ ദുർല്ലഭകാന്തിതൻ
മധുരചുംബനമേററേററു മങ്ങവേ,
പ്രകടമൂകമാം മാന്ത്രികശക്തിയാൽ
സകലതും, ഹാ, മറന്നു വിശ്വത്തിൽ ഞാൻ!
സ്ഥിതിഗതികൾതൻ സൂക്ഷ്മവിവക്ഷണ-
കുതുകമെന്നിലുദിപ്പതിൻ മുന്നിലായ്,
ഒരു നിമിഷത്തിനുള്ളിലപ്പാപിതൻ
കരവലയത്തിലായിക്കഴിഞ്ഞു ഞാൻ.

* * *

നിമിഷകങ്ങളാം കൊച്ചുനീർപ്പോളകൾ
യുഗസഹസ്രമഹാബ്ധികളാകവെ;
കരളു ഞെട്ടിപ്പിടഞ്ഞൊന്നുണർന്നു ഞാൻ
കഥയിതെ,ന്തവൻ മുന്നിലുണ്ടപ്പൊഴും!
എവിടെയാണെൻ വിമോചനം?—ദുർഗ്ഗമാ-
യെവിടെ നില്പിതെന്നുദ്ധാരണോദ്യമം?
ഇതുവരെ ഞാൻ ശയിച്ചതു ചന്ദന-
ത്തണലിലി,ല്ലെരിവെയ്‌ലിലാണത്ഭുതം!
ഉദയരശ്മിയ,ല്ലയ്യോ, ചപലമാം
നിഴലിനെയാണു പുല്കിയതൊക്കെ, ഞാൻ!
ഇതു വെറും സ്വപ്ന,മെന്നെച്ചതിച്ചു, ഞാൻ
തിരവതെങ്ങിനി നിന്നെ, യാഥാർത്ഥ്യമേ?



Digitized By Kerala Sahitya Akademi

അമൃതകല്ലോലമെന്നോർത്തുപോയി ഞാ-
നതിഭയങ്കരപാഷാണമീപ്സിയെ!

* * *

അകലെ വാരുണദിക്കിലെല്ലാടവു-
മരുണിമ വീശുമന്തിമസന്ധ്യയിൽ
വിവിധചിന്താവിവശയായേകയായ്
വിജനവാടിയിൽ ഞാനിരുന്നീടവേ;
ചൊകചൊകെയായ് വിദൂരത്തു ചിന്നിയ
മുകിൽനിരകൾക്കിടയിലൂടങ്ങനെ,
തെളിയുമാകാശനീലിമയ്ക്കുള്ളിലായ്-
ക്കിളരുമക്കൊച്ചുവെള്ളിനക്ഷത്രവും;
അകലെ,യന്തരീക്ഷത്തിലവ്യക്തമാ-
യിളകുമാവൽച്ചിറകടിയൊച്ചയും,
അരുളുമാറുണ്ടു നിശ്ശബ്ദമെന്നൊട-
ത്യനഘമായീടുമേതോ സമാഗമം.
പിടയുമാറുണ്ടു കെട്ടിപ്പിടിയ്ക്കുവാ-
നിടറിയോടുമൊരു വെളിച്ചത്തെ ഞാൻ!
ഝടിതി കൈ നീട്ടി മുന്നിലേയ്ക്കാഞ്ഞിടാ-
റമ്പറിടാറുണ്ടറിയാതെതന്നെ ഞാൻ!

കാമുകൻ:

പറയുകെല്ലാം, മടിയ്ക്കേണ്ട നീ,യതിൽ
പരിഭവിയ്ക്കുവോനല്ല ഞാ,നോമലേ!
അവിടെ നിന്നെ പ്രതീക്ഷിച്ചുകൊണ്ടു ഞാ-
നണകയാണെന്നറിഞ്ഞിരുന്നില്ലയോ?



Digitized By Kerala Sahitya Akademi

പ്രണയിനി:

അതു ശരിയായ് ഗ്രഹിച്ചു ഞാ,നെങ്കിലു-
മവിടെയപ്പൊഴും നിന്നിതക്കശ്മലൻ.
അവശചിത്തയാ,യാവിലനേത്രയാ-
യവനതാസ്യയായ് നില്ക്കുമെന്നോടവൻ,
അരുളിയാമന്ദമേവം:—"ആരോമലേ,
കിരണമല്ല,തൊരുവെറും പാഴ്നിഴൽ!
അഭയദായകമല്ല നിനക്കതു
പഴതെയേവം ഭ്രമിയ്ക്കായ്ക, കണ്മണി!
അതിഭയങ്കരൻ, ധൂർത്തൻ, വിലക്ഷണ-
നലിവെഴാത്തവ,നത്യന്തകശ്മലൻ—
അവനെയോർക്കരുതങ്ങോട്ടു നോക്കരു-
തമിതശല്യമരുളുവോനാണവൻ.
വരികെഴുന്നേല്ക്കു, സൈ്വരമിക്കോമള-
വനികയിൽ നമുക്കൊന്നിച്ചുലഞ്ഞിടാം!—
ഇതിലുപരിയായ് മേലിൽ നമുക്കിനി-
സ്സുഖവിഭവാനുഭൂതി നുകർന്നിടാം!—"

അനുപദമതും സമ്മതിച്ചക്ഷണ-
മവിടെനിന്നും പിടഞ്ഞെഴുന്നേററു ഞാൻ.
മടുവി,ലെന്തി,നെൻ ബാഹ്യസൗന്ദര്യ,മ-
ക്കപടകാമുകനാസ്വാദനാങ്കമായ്.
അതു മുഴവൻ ക്രമേണ മാഞ്ഞങ്ങനെ
പുതുമയില്ലാത്ത വസ്തുവായ്ത്തീർന്നു ഞാൻ
ചപലനെന്നെ വെടിഞ്ഞുടൻ നിർദ്ദയ-
നെവിടെയോ ചെന്നൊളിച്ചു, ഹാ, ദുർന്നയൻ.



Digitized By Kerala Sahitya Akademi

അവനിനിയും ലഭിയ്ക്കാതിരിയ്ക്കുമോ
ചതിയറിയാത്ത തൈപ്പെൺകൊടികളെ?
മധു നശിച്ച മലരിനെയെന്തിനായ്
മധുകരം പേർത്തും കെട്ടിപ്പുണരണം?

കാമുകൻ:

അമലേ, നീയൊരു പാഴ്മലര,ല്ലവ-
നതുവിധം നിന്നെത്തെററിദ്ധരിച്ചപോയ്,
ക്ഷണികമായ നിൻ ബാഹ്യസൗന്ദര്യമേ
കരുതിയതുള്ളു, കഷ്ട,മാ വഞ്ചകൻ!
കുസുമമല്ലെനി,യ്ക്കായതിന്നുള്ളിലെ-
ക്കുളിർപരിമളം മാത്രമാകുന്നു നീ.
അതു നുകന്നാൽ നശിയ്ക്കുന്നത,ല്ലതിൻ
പുതുമ ലേശവും മായില്ലൊരിയ്ക്കലും!
ഇനി വിഷാദിച്ചിടേണ്ട നീ,യോമനേ,
തവ യഥാർത്ഥകമിതാവിതാ, വന്നു!!

*　　*　　*

അവൾ തല ചായ്ച്ചു;—സൗരഭ്യഥങ്ങളിൽ
വഴികയായൊരു സംഗീതസാന്ത്വനം
• ഇരുളകന്നുടൻ കാലദേശാദിയ-
റെറാരു വെളിച്ചം പരന്നു, മനോഹരം!!

18—2—1110

—*—



Digitized By Kerala Sahitya Akademi

## ആരോ!

ഉദയസൂര്യനെ നോക്കി നോക്കി സ്വയം
ഹിമകണികകൾ മന്ദഹസിക്കവേ;
പ്രണയഗാനങ്ങൾ പാടിയൊഴുകുമീ-
ത്തടിനിതൻതടത്തിങ്കൽ ഞാനേകനായ്,
ഒരു സുമംഗളവിഗ്രഹദർശന-
കുതുകിയായിട്ടിരിക്കയാണെന്തിനോ!

തരിവളകൾതൻ സംഗീതധാരയിൽ
മമ ഹൃദയം മുഴുകുമാറങ്ങനെ,
ജലഘടവും നിറച്ചുകൊണ്ടീ വഴി-
ക്കവൾ വരാത്തതിനെന്തിനു കാരണം?
മധുരനിദ്രയിലെന്നെ മയക്കുമാ
മൃദുലമഞ്ജീരശിഞ്ജിതമെങ്ങു പോയ്?

അമലനീലാംബരത്തിൽ പൊടുന്നനെ-
ക്കരിമുകിൽമാല മൂടിയതെങ്ങനോ?

14—6—1108

—*—



Digitized By Kerala Sahitya Akademi

## എന്റെ ചോദ്യം

അററ നിമിഷമാത്രമാപിലങ്കുരിക്കു-
മതിചപലനിസ്സബ്ദ്ദരോദനങ്ങൾ,
പരവശയായയോമലേ, നീയിരിക്കും
മണിയറയിലെങ്ങനെ വന്നുചേരും?

സുമസുരഭിലാനിലൻ സഞ്ചരിക്കും
വനികകളിലേകാന്തം വാണിടുമ്പോൾ,
ചെറുകിളികൾ മാമരക്കൊമ്പുകളിൽ
മധുമധുരമെത്രമേൽ പാടിയാലും,
ഒരുവിധവും ചിത്തം കുളുത്തിടാതി-
ന്നതിവിവശമെന്തോ തിരഞ്ഞീടുന്നു.

അകലെയൊരു മേടയി,ലാളിമാരൊ-
ത്തമിതരുചി വീശിയ പള്ളിമച്ചിൽ,
മൃദുകുസുമശയ്യയിലുല്ലസിക്കു-
മൊരു കനകവല്ലിയെത്തേടിത്തേടി,
മമ ഹൃദയഭൃംഗം വികാരമൂകം
ചിറകു വിരിച്ചെത്തുന്നു വേഗവേഗം!
അയി മധുരഭാഷിണി, നിന്നെയോർത്തോർ-
ത്തനവരതം നീറുമെന്നാർദ്രചിത്തം,
തവ നികടവർത്തിയായ് നില്ക്കുവേ, ഞാ-
നിവിടെയിരുന്നെമ്മട്ടൊന്നാശ്വസിക്കും?

21-2-1110

—*—



Digitized By Kerala Sahitya Akademi

# നിദ്ദ്രാദശനം

ആകമ്രശീതളചന്ദ്രികാധാര,യ-
ന്നാകാശദേശം കവിഞ്ഞൊഴുകി;
ഉത്തമയാകുമൊരംഗനാരത്നത്തി-
ലുൾത്തങ്കും നിർമ്മലപ്രേമംപോലെ!

പിന്നെയും പിന്നെയും വിണ്ണിലെല്ലാടവും
മിന്നിത്തിളങ്ങി വെൺതാരകകൾ.
അന്യൂനരാഗവിവശരാം കിന്നര-
കന്യകമാർതൻ കിനാക്കൾപോലെ!

സമ്രസമെൻ മലർമെത്തപ്പുറത്തു ഞാൻ
നിദ്രയെക്കാത്തു കാത്താവസിക്കേ,
ജാലകദ്വാരത്തിൽക്കൂടിയിടയ്ക്കിടെ-
ബ്ബാലേന്ദുരശ്മികളെത്തിനോക്കി.

*        *        *

ആരാമലക്ഷ്മിതൻ നിശ്വാസസൗരഭ-
മാ രാവിലെൻ മണിമച്ചിലെത്തി;
ആയിരം നിശ്ശബ്ദസന്ദേശമാലയൊ-
ത്താഗമിച്ചീടും പ്രതീക്ഷപോലെ!
പാതിരാപ്പക്ഷിയൊ,ന്നുന്നതം മുററത്തെ
മാതളക്കൊമ്പിലുണന്നു പാടി.
ഭാവം പകന്നു നിരാശയാലക്ഷണം
നാവനക്കാതെ ഞാനോതിപ്പോയി:—



Digitized By Kerala Sahitya Akademi

"നിത്യം നിനക്കു വഴിപ്പെടുന്നില്ലേ, ഞാൻ
നിദ്രേ, നിനക്കെന്തീ നിർദ്ദയത്വം?"

* * *

മാണിക്യമഞ്ചത്തിൽ വീണുകിടക്കുമെൻ
പ്രാണാങ്കുരത്തിൻെറ പൂങ്കവിളിൽ,
പേർത്തുമിരട്ടിച്ച ശോണമധുരിമ
പാർത്തു ഞാനാ മച്ചിറമ്പിലെത്തി.

രാഗവിവശയായ് വാഴുമവളുടൻ
സ്വാഗതപ്പുഞ്ചിരി തൂകിത്തൂകി,
മന്ദമെഴുന്നേല്ക്കും നൂപുരാമന്ത്രണം
മന്മാനസത്തിൽ തുടിപ്പിയററി.

മന്ദാക്ഷഭാരാവനമ്രമത്തുമുഖം
ചന്ദ്രിക തട്ടിത്തിളങ്ങിമിന്നി.

* * *

മാന്തളിർച്ചെമ്പട്ടുസാരിയുലയവെ
കാന്താളകങ്ങളിടസ്സ്ഖലിക്കെ;
അല്ലണിക്കുന്തലഴിഞ്ഞു, പുറത്തിലും
മുല്ലമലരുകളൂർന്നുവീഴ്കെ;
ചിന്നിപ്പൊടിഞ്ഞ വിയർപ്പിനാൽ, നെററിയിൽ
സിന്ദൂരപ്പൊട്ടല്പം മാഞ്ഞുപോകെ;
എന്തോ പരിഭവമോതുവാൻ വന്നത-
ച്ചെന്തളിരച്ചുണ്ടിൽ തകർന്നുകൊൾകെ: —
മാമകസ്വപ്നമാ നിന്നിലില്ലെന്നുടെ
മാനസം മന്ദം കവർന്നു പാടേ!

* * *



Digitized By Kerala Sahitya Akademi

സുന്ദരമായൊരച്ചിത്രം, ക്ഷണത്തിലെൻ
മന്ദസുഷുപ്തിയിൽ മ[illegible]മായി.

എന്നാലുമെന്നെന്നുമോമലിനായിക്കൊ-
ണ്ടെൻ നാവിലിത്രയും ബാക്കി നിൽപ്പൂ:—
"എൻ മുറിക്കുള്ളിൽ കിടന്നു ഞാൻ നിത്യവും
നിൻമണിപ്പൂമച്ചിലുല്ലസിക്കും.
കാലനക്കേണ്ട, കവാടം തുറക്കേണ്ട,
കാതരേ, നിൻമുന്നിലെത്തിടാൻ മേ!..."

15—7—1108

താഴ്ക, താഴ്ക, തങ്കക്കതിരവ!
പാഴിലീലോകം തലോടിടേണ്ട
നിസ്വാർത്ഥസ്നേഹമില്ലിങ്ങൊരിടത്തുമേ
നിസ്തുലതേജസ്സേ, നിഷ്ക്രമിക്കൂ!
മർത്ത്യനെ മർത്ത്യൻ ചവുട്ടിയരയ്ക്കുന്നു
സത്യപ്രകാശമേ, കണ്ണടയ്ക്കൂ!

20—8—1109

— * —



Digitized By Kerala Sahitya Akademi

## സ്വപ്നം

എന്താണിജ്ജീവിതം?— അവ്യക്തമാ,മൊരു
സുന്ദരമായ വളക്കിലുക്കം.
സംഗീതസുരഭിലം, നൈമിഷികോജ്ജ്വലം—
പിന്നെയോ?—ശൂന്യം! പരമശൂന്യം!!
എന്തിലും മീതെയായ് മർത്ത്യ, നീ നില്ക്കുന്ന-
തെന്തിനു?—നീയെത്ര നിസ്സഹായൻ!
ജീവിതാദ്ധ്യായമൊരിത്തിരി മാററുവാ-
നാവാത്ത നീയോ ഹാ, സാർവ്വഭൗമൻ!

എന്നെ,യിക്കാണും പ്രപഞ്ചത്തിലൊക്കെയു-
മെന്നിൽ പ്രപഞ്ചം മുഴുവനുമായ്,
ഒന്നിച്ചു കാണുന്ന ഞാനിനി വേണെങ്കി-
ലൊന്നും നശിക്കില്ലെന്നാശ്വസിക്കാം!
എന്നാലും—പൂങ്കുല വാടിക്കൊഴിയുമ്പോൾ
മിന്നലെന്നേയ്ക്കും പൊലിഞ്ഞിടുമ്പോൾ;
മഞ്ഞുനീർത്തുള്ളികൾ മിന്നി മറയുമ്പോൾ
മഞ്ജുളമാരിവിൽ മാഞ്ഞിടുമ്പോൾ;
മന്ദഹസിതങ്ങൾ മങ്ങുമ്പോൾ—എന്നാലു-
മെൻമനമൊന്നു തുടിച്ചുപോകും!—
കേവലം ഞാനറിഞ്ഞീടാതെതന്നെ,യെൻ
ജീവനൊന്നയ്യോ, കരഞ്ഞുപോകും!—

ഓമനസ്വപ്നങ്ങൾ! ഓമനസ്വപ്നങ്ങൾ!
നാമറിഞ്ഞി,ല്ലവയെങ്ങു പോയി?—

11—10—1108

—*—



Digitized By Kerala Sahitya Akademi

## വിഫലവൃത്തം

എന്നും ഞാനാരചിച്ചാനന്ദിച്ചീടു,മെൻ
സുന്ദരസങ്കല്പചിത്രമെല്ലാം,
എന്നിലുള്ളതോ പരമരഹസ്യത്തിൻ
ബിംബനകൈതവമായിരുന്നു.
ചക്രവാളാവധിക്കപ്പുറം ചെന്നു ഞാ-
നെപ്പോഴമെന്തോ തിരഞ്ഞിരുന്നു.
ആത്മസംഗീതംപോൽ നിത്യമായ്, സത്യമാ-
യാശപോലത്ര മധുരമായി,
കണ്ണുനീർത്തുള്ളിപോൽ കന്മഷശൂന്യമായ്
നമ്മസല്ലാപംപോൽ സുന്ദരമായ്,
ഏതോ വിശിഷ്ടമാം നിർവൃതിയൊന്നിലെൻ
കേവലജീവനുഴന്നിരുന്നു.

കല്പകവാടിയി,ലേകാന്തനക്ഷത്ര-
പുഷ്പശയ്യാതലം സജ്ജമാക്കി,
ചന്ദ്രികാധാരയിൽ, ചന്ദനച്ഛായയി-
ലെന്നും ഞാനാരെയോ കാത്തിരിക്കേ,
ഏതോ വെളിച്ചം തലോടിത്തലോടി,യെൻ
ചേതന കണ്ണു തുറന്നിരുന്നു.
ഈലോകമൊട്ടക്കലിഞ്ഞലിഞ്ഞങ്ങനെ
യോജിച്ചു ചേർന്നു മധുരമായി,
ഏതോ വികാരതരംഗതരളിത-
നാകസംഗീതസരിൽപ്രവാഹം,



Digitized By Kerala Sahitya Akademi

മാമകാത്മാവിനെച്ചുംബിച്ചു, ശീകര-
ധാരയിലാശ്ലേഷം ചെയ്തിരുന്നു!—
നിർമ്മലരാഗസുരഭിലമാമൊരു
മർമ്മരംകൊണ്ടു പൊതിഞ്ഞിരുന്നു.

*　　　*　　　*

ഭാവനപ്പൂഞ്ചിറകേവം വിരിച്ചു ഞാ-
നേതെല്ലാം ലോകം കടന്നുപോയി!
കണ്ടാലും കണ്ടാലും കൗതുകം തീരാത്ത
വണ്ടണിച്ചെണ്ടുകൾ തിങ്ങിവിങ്ങി,
ലാലസിച്ചീടും പൂവാടികളെത്ര,യെ-
ന്നാലസ്യനിദ്രയ്ക്കഭയമേകി!
എന്തെല്ലാം കണ്ടു ഞാ,നെന്തെല്ലാം കേട്ടു ഞാ
നെന്തിനെല്ലാററിനും സാക്ഷിനിന്നു!
എന്നാലുമേറെ ഞാൻ കാണുവാനാശിച്ച-
തിന്നോളമെൻകണ്ണിലെത്തിയില്ല—
എന്നാലു,മേറെ ഞാൻ കേൾക്കുവാനാശിച്ച-
തിന്നോളമെൻ കാതിലെത്തിയില്ല!—
എന്നാത്മാവേതാണ്ടൊന്നിക്കിളിയാക്കിയി-
ട്ടെങ്ങോ മറഞ്ഞുപോമാ വെളിച്ചം,
ഏതു കാലത്തിനി,യേതു ലോകത്തുവെ-
ച്ചേതൊരു മട്ടിൽ, ഞാൻ കണ്ടുമുട്ടും?
എന്നാത്മതന്ത്രിയിടയ്ക്കൊന്നുണർത്തിക്കൊ-
ണ്ടെങ്ങോ ലയിക്കുമാ മൗനഗീതം,
ഏതു കാലത്തിനി,യേതുലോകത്തുവെ-
ച്ചേതൊരു മട്ടിൽ ഞാനുററുകേൾക്കും?



Digitized By Kerala Sahitya Akademi

പ്രാണനംഴന്നു ഞെരങ്ങും ഞെരക്കത്തിൽ
ഞാനെന്നെത്തന്നെ വെടിഞ്ഞൊടുവിൽ,
നീയായിത്തീരുവാൻ ദിന്നടുത്തെത്തുമ്പോഠം
നീയൊഴിഞ്ഞെമ്മട്ടൊളിച്ചിരിക്കും?
കേവലലീലയിലീവിധം നീയൊരു
ജീവിതപ്പൂമ്പട്ടെനിക്കു നൽകി.
ഞാനതു ചാർത്തിയീ നാടകശാലയിൽ
നാനാതരത്തിൽ നടനമാടി.
പൊട്ടിച്ചിരിച്ചു ഞാൻ, പൊട്ടിക്കരഞ്ഞു ഞാൻ
പെട്ടെന്നു പെട്ടെന്നു മാറിമാറി.
എന്നിരുകൈകളും കൂപ്പിയിരന്നു ഞാ-
നെന്നാ,ലിക്കാണികളെന്തു കൂട്ടർ?
മറെറാന്നും യാചിച്ചതില്ലവരോടു ഞാ-
നിററനുകമ്പയതൊന്നുമാത്രം.
എന്നാലതുച്ഛപ്രതിഫലമെങ്കിലും
തന്നീടാനിങ്ങില്ലൊരാളുപോലും!
എന്തിനിനിയുമീ നിഷ്ഫലനർത്തനം?
എന്തിനിനിയും മദീയഗാനം?
ഹാ, വെറുംകയ്യോടെ, തേങ്ങിക്കരഞ്ഞുകൊ-
ണ്ടാവതെന്തയ്യോ— ഞാൻ പോരികയായ്!

*          *          *

ഇത്തരം കാണികളുള്ളിടത്തേയ്ക്കിനി
യ്ത്തത്തിനെന്നെയയയ്ക്കരുതേ!!

6—1—1110



Digitized By Kerala Sahitya Akademi

## പരാജയം

സംസാരചക്രത്തിരിച്ചിലിൽ തേമാനം
സംഭവിച്ചീടാത്ത സൗരയൂഥം;
ചേതസ്സമാകർഷകങ്ങളായ് മിന്നിടും
ജ്യോതിർമ്മയങ്ങളാം ഗോളജാലം;
ആദിയു,മന്തവു,മില്ലാതപാരമാ-
യാവിർഭവിക്കുമൊരന്തരീക്ഷം;—
ഇത്രമേലത്ഭുതമൊന്നിക്കും ബ്രഹ്മാണ്ഡ-
മെത്ര സഹസ്രങ്ങളുണ്ടിനിയും!
കോടാനുകോടികളായവയേതൊരു
വാടാവിളക്കിൻ സ്ഫുലിംഗകങ്ങൾ?

ഇന്നത്തെശ്ശാസ്ത്രത്തെപ്പോലും പൊടുന്നനെ-
സ്സംഭ്രമിപ്പിച്ചോരജ്ഞാതസത്യം—
എത്ര പരീക്ഷണപാടവംകൊണ്ടു,മൊ-
രെത്തും പിടിയും ലഭിച്ചിടാതെ,
മർത്ത്യനെപ്പേർത്തും ദയനീയസംശയ-
ഗ്രസ്തനായ് മാറ്റും മഹാരഹസ്യം—
ഏത,തിൻ നിത്യപ്രകാശസരിത്തിലെൻ
ചേതനേ, ചെന്നു ലയിക്കുക, നീ!!
ആയതിൻ സൗന്ദര്യബോധലഹരിയി-
ലാനന്ദഗാനമുതിർക്കുക നീ!
എന്തു പരാജയ,മെന്തു ദയനീയം
ബന്ധിതമയ്യോ, പുരോഗമനം!

"സംഭവ്യതതൻ തിരകളിൽ" നിന്നൊട്ടു
മുൻപോട്ടു പോകാത്ത ശാസ്ത്രമേ, നീ,



Digitized By Kerala Sahitya Akademi

വിശ്വം ജയിച്ചെന്നഭിമാനകാഹള-
മിത്ര്യം കാലം മുഴക്കിയില്ലേ?
ഒന്നിനുമൊട്ടും വഴങ്ങാതെ പാഞ്ഞതാം
നിന്നഹങ്കാരമിന്നെങ്ങു പോയി?

സാതപമിന്നു നീ തൂകുമിഗ്ഗദ്ഗദം
ഭാരതം പണ്ടേ, പൊഴിച്ചതല്ലേ?
അന്നതു കേട്ടിട്ടവഗണിച്ചെന്തിനോ
മുന്നോട്ടു നീ, ഹാ, കുതിച്ചു പാഞ്ഞു.

ഇന്നതു നന്നായറിഞ്ഞു കഴിഞ്ഞ നീ
നിന്നിതാ പിന്നെയും സംഭ്രമിപ്പൂ.

തത്വചിന്താബ്ധിതൻ താഴത്തെത്തട്ടിൽനി-
ന്നുത്തമരത്നങ്ങൾ വാരി വാരി,
അന്നാപ്പിതാമഹർ തന്നിരുന്നില്ലെങ്കി-
ലിന്നയ്യോ, പട്ടിണിതന്നെ നമ്മൾ!

മാനസത്തിൻെറ വിശപ്പിനു മാത്രമാ
മാമുനിശ്രേഷ്ഠന്മാർ പിച്ചതെണ്ടി.
അന്നൊരു തത്തയുംകൂടിയൊരത്ഭുത-
ബ്രഹ്മാണ്ഡഗീതമെടുത്തു പാടി.

ആയതിൻ മാറ്റൊലിയല്ലല്ലീ, നമ്മളിൽ
പായുന്നതോരോ ഞെരമ്പുതോറും?
എന്നിട്ടും, കഷ്ടം, പരിഷ്കാരഭാവത്തിൽ
നിന്ദിക്കയാണതു നമ്മളിന്നും!!

* * *

കാലദേശാദിയറ്റുണ്ടല്ലോററിന്നു,മൊ-
രാലംബകേന്ദ്രമാം ശക്തിയേതോ!
സത്യമതല്ലെങ്കിലക്കൈനൊരിക്കലൊ-
ന്നുത്തരദിക്കിലുദിച്ചുകൂടെ?



Digitized By Kerala Sahitya Akademi

കാണാത്തതൊക്കെക്കളവല്ല, കൺമുൻപിൽ
കാണുന്നതെല്ലാം ശരിയുമല്ല.
കല്ലാവ തന്മുമ്പിൽ കൈകൂപ്പി നില്ക്കുവാ-
നൽബോധിപ്പിക്കുവോനല്ലയീ ഞാൻ.
നിന്ദ്യപുരോഹിതൻ നിർമ്മിക്കും ദൈവത്തെ
വന്ദിക്കാനല്ലെൻ നവോപദേശം.
ഏതോ നിരഘനിയമപരിധിയി-
ലേകാന്തയാത്ര തുടരുവോർ നാം—
നശ്വരജീവികൾ നമ്മൾക്കതീതമായ്
വിശ്വത്തിലുണ്ടൊരു നിത്യസത്യം.
ആ നിരഘാത്മീയശക്തിതൻ മുന്നിലി-
ന്നാനതമൗലികളാക, നമ്മൾ!!
ഏതോ വെളിച്ചത്തിലെന്തിനോവേണ്ടി വ-
ന്നാവിർഭവിക്കും നിഴലുകൾ നാം—
നമ്മൾക്കെഴും മാംസദൃഷ്ടികൾക്കപ്പുറം
ചിന്മയജ്യോതിസ്സൊന്നുജ്ജ്വലിപ്പൂ.
ആ നിത്യസത്യത്തിൻ മുന്നിലാത്താദര-
മാനതമൗലികളാക, നമ്മൾ!!
ആ നിർമ്മലാത്മീയജ്യോതിസ്സിൻ മുന്നിലി-
ന്നഞ്ജലിബദ്ധന്മാരാക, നമ്മൾ!!
എന്തിനണഞ്ഞു നാ,മെന്തിനു മാഞ്ഞു നാ-
മെന്തിനീ ലോകത്തിലൊത്തുകൂടി?
എങ്ങുനിന്നീവിധമിങ്ങുവന്നെത്തി നാ-
മെങ്ങോട്ടു പോകയാണെങ്ങു ചെല്ലും?
അജ്ഞാതം! അജ്ഞാതം!—അയ്യോ! ജഗത്തി-
നുത്തരമെന്നിനിച്ചൊല്ലുമാരോ!!

—*— 19—2—1110



Digitized By Kerala Sahitya Akademi

# ശിഥില ചിന്ത

ഒന്നുമില്ലായ്മയിൽനിന്നുമൊരിക്കലീ-
ബ്രഹ്മാണ്ഡം പെട്ടെന്നുദിച്ചുയർന്നു.
കർമ്മപ്രവാഹത്തിൻ കല്ലോലമാലയി-
ലിമ്മട്ടു താലോലമാടിയാടി,
സുന്ദരമാകും പരിപൂർണ്ണതയിലി-
തെന്നൊരു നാളിനിച്ചെന്നുചേരും?

*          *          *

അത്ഭുതസ്വപ്നമണച്ചുകൊണ്ടിന്നോള-
മെത്ര സൗന്ദര്യങ്ങൾ മണ്ണടിഞ്ഞു!
നിസ്തുലനിർവൃതികൊണ്ടു നിറഞ്ഞതാ-
മെത്ര പുളകങ്ങൾ തേഞ്ഞുമാഞ്ഞു!
എന്നിട്ടും—അയ്യയ്യോ! ലോകമേ, ഹാ, നിന-
ക്കെന്നിട്ടുമെന്തിത്തണുത്ത മൗനം?

*          *          *

മാറാത്ത കൂരിരുൾ!—എന്നാലതിലെല്ലാം
നേരിയ തങ്കത്തടില്ലതകൾ!
ഘോരമേഘാരവം! എന്നാലതിലൊരു
ചാരുസംഗീതതരംഗപൂരം!
പാഴ്ക്കൊടുംകാററടി!—എന്നാലതിലൊരു
പൂങ്കുളിർവായുവിൻ ലോലനാളം!... ...

*          *          *



Digitized By Kerala Sahitya Akademi

ചിന്താശക്തിക്കമൊരാകാശ്ചര്യയാകമി-
തെന്തു കപടമാണാരറിഞ്ഞു?
ഈ വിശ്വം നാനാതരത്തിൽ നിഴലിസ്റ്റും
ജീവിതദർപ്പണമുറനോക്കി,
മർത്ത്യ, നീ നിന്നിട്ടും, നിൻകണ്ണിലെത്താത്തോ-
രെത്ര രഹസ്യങ്ങളുണ്ടിനിയും!

*　　　*　　　*

സത്യത്തിനുള്ള വെളിച്ചത്തിലേയ്ക്കൊന്നെൻ
നിത്യതേ, നീയല്പം നീങ്ങിനില്ക്കൂ!—
കാണട്ടെ നിന്നെയെൻ കണ്ണീരിലൂടെ, നിൻ
ചേണെഴും രൂപം ഞാൻ നല്ലപോലെ.
കാണാൻ കഴിഞ്ഞീല പണ്ടൊന്നും,—കണ്ണഞ്ചി-
ച്ചാനന്ദമെന്നെയന്നന്ധനാക്കി!

*　　　*　　　*

പിന്നിട്ട മാർഗ്ഗങ്ങളൊക്കെ പ്രഭാമയം
മുന്നിലൊവിടെയുമന്ധകാരം,
വീതവിരാമമെൻ യാനമൊട്ടുവിലി-
തേതു പാതാളത്തിനുള്ളിലേയ്ക്കോ?
ഇത്ര കുറച്ചേ ഞാൻ പോന്നതുള്ളെങ്കില-
മെത്ര കാൽവയ്പു പിഴച്ചുപോയി!!

*　　　*　　　*

'അയ്യോ, തിമിരം തിമിര!'—മെന്നോതിയെൻ
കൈകാൽ തളൻ ഞാൻ വീണുപോയാൽ



Digitized By Kerala Sahitya Akademi

ആവതെന്തെന്നെ വിഴുങ്ങുവാൻ ഗർത്തങ്ങൾ
വാ പിളർത്തിക്കൊണ്ടു നില്ക്കയല്ലേ?
മണ്ണടിയേണ്ടുമിപ്പുല്ലാങ്കുഴലിനെ-
കണ്ണീരിൽ മുക്കിയിട്ടെന്തു വേണം?

* * *

നില്ക്കാതെ നീണ്ടുപോമെന്നാത്മരോദനം
ചക്രവാളത്തെയതിക്രമിച്ചും,
നിശ്ശൂന്യതയിൽ മറഞ്ഞുകഴിഞ്ഞാലീ
നിസ്സാരചിത്രം പിന്നോർപ്പതാരോ!
ഇന്നത്തെപ്പൂവിന്റെ നാളത്തെസ്സംഭവ-
മെന്നെയും വന്നു ചതിക്കുമല്ലോ!!

20—2—1110

—*—

യമുനാതീരത്തെ പ്രണയസാര,മെൻ
ഹൃദയസൂനത്തിൽ നിറയവെ,
അമരസങ്കല്പസഖികളെൻ ചുറ്റും
പുളകഭിക്ഷയ്ക്കായണയുന്നു.

8—4—1108



Digitized By Kerala Sahitya Akademi

## നിർവ്വാണരംഗം

ഏതൊന്നിലൂടെയുള്ളതോ വെളിച്ചത്തിലൂടെ ഞാൻ
പിന്നിട്ടുപോയീ, ചലിക്കും ജഗത്തിനെ.
അന്ധകാരത്തിൻ മടിക്കുത്തിൽനിന്നൊരു
പൊൻതാരകപ്പൂ വഴിഞ്ഞൂർന്ന മാതിരി,
ക്ഷിപ്രപ്രയാണകമാണെന്നിരിക്കിലും
മൽപ്രേമസാമ്രാജ്യമെത്ര തേജോമയം!
അത്ഭുതജ്യോതിസ്സുയൻറ പരന്നലം
തല്പം വിരിക്കുമാ വൈകുണ്ഠമണ്ഡലം
കണ്ണീർ തളിച്ചു വിശുദ്ധീകരിച്ചൊര
കല്യാണകേന്ദ്രം, വസന്തോത്സവാകരം.
ആ മമ സങ്കേതമന്ദാരകുഞ്ജത്തി-
ലോമലാളെന്നെ പ്രതീക്ഷിച്ചിരിക്കയാം.
എത്ര സല്ലാപങ്ങ,ളെത്ര പുളകങ്ങ-
ളൊത്തു ചേൎന്നുള്ളതാണാ നൃത്തമണ്ഡപം!
അങ്ങോട്ടു പോരാനമാന്തിക്കയല്ല, ഞാ-
നെന്നെയൊന്നാദ്യം മറന്നോട്ടെ,യോമലേ!
കൺമുമ്പിൽ വന്നിട്ടൊളിച്ചുകളിക്കുന്ന
വിണ്ണിൻവെളിച്ചത്തെ നോക്കി നോക്കി സ്വയം
അജ്ഞാതഗാനങ്ങളോരോന്നുരുവിട്ടു
മജ്ജീവനെന്തോ ഭജിക്കയാണെപ്പൊഴും!



Digitized By Kerala Sahitya Akademi

സംസാരചക്രം കടന്നതിൻ ഗദ്ഗദം
സായൂജ്യസീമസ്സുമപ്പുറമെത്തവേ,
അത്ഭുതമില്ലെനിക്കാരോമലേ, നിൻെറ
ചിത്തം തുടിക്കാതിരിക്കുന്നതെങ്ങനെ?
യത്നങ്ങൾകൊണ്ടുമഴിയാത്തൊരായിരം
സ്വപ്നബന്ധത്തിൽ കുടുങ്ങിക്കഴിഞ്ഞ ഞാൻ,
സന്തതം ചിന്താശകലങ്ങളാലൊരു
സങ്കല്പചിത്രം രചിക്കയാണെന്തിനോ!
അക്ഷിക്കമൃതം പകൻ്നുകൊടുക്കുന്ന
നക്ഷത്രരത്നം പതിച്ച നഭസ്ഥലം,
നാമിരുവക്കും വിഹരിക്കുവാനുള്ള
കോമളോദ്യാനമായ് മാറുന്നതെന്നിനി?
എന്മനസ്സ്പന്ദനമന്ധകാരത്തിലും
ദിവ്യസംഗീതമേ, നിന്നെത്തിരകയാം.
കമ്മപ്രപഞ്ചം പകൻ്നു സമ്മാനിച്ച
ചെമ്മുന്തിരിച്ചാറശിച്ചു മദിച്ച ഞാൻ
തെല്ലിട നിന്നെ മറന്നെങ്കിലെൻ പിഴ-
യെല്ലാം പൊറുത്തു നീ മാപ്പു നൽകേണമേ!
ഇന്നിതാ വീണ്ടുമനുശയാധീരനായ്
നിന്മുന്നിൽ നില്പൂ ഞാൻ, പ്രേമസർവ്വസ്വമേ!

21—2—1110



Digitized By Kerala Sahitya Akademi

## രാഗിണി

അന്ധകാരത്തിൻെറ പിന്നിലൊളിച്ചുനി-
ന്നന്തരാത്മാവിനെപ്പുല്കും വെളിച്ചമേ!
എങ്ങു നീയെങ്ങു നീ?—നിൻമൗനമംഗള-
സംഗീതമെപ്പൊഴും കേൾക്കുന്നതുണ്ടു ഞാൻ.
വാടുവാനുള്ളോരിജ്ജീവിതപ്പൂവിലും
പാടലച്ഛായ നീ വീശുന്നതെന്തിനോ?
താവകാലിംഗനമേകുന്നു നിത്യമെൻ
ജീവനാളത്തിനും രോമാഞ്ചകഞ്ചുകം.
അല്പപ്രഭയിൽനിന്നെന്നെ, ക്ഷണത്തിലൊ-
രത്ഭുതചൈതന്യമാക്കിച്ചമച്ചു, നീ!

II

ഈ ലോകഗോളമിട്ടമ്മാനമാടുന്ന
കാലത്തിനോടിന്നസൂയാലുവല്ല, ഞാൻ.
നിൻ മുഖദർശനധ്യാനലഹരിയാൽ
നിർമ്മലരാഗപരവശയാകവെ;
മൽപ്രാണനായക, മാമക ചിത്തത്തിൽ
മറ്റൊരു ചിന്തയ്ക്കിടമില്ലൊരിക്കലും.
വിണ്ണിൻ വെളിച്ചമേ, വ്യർത്ഥമായുള്ളൊരി-
ക്കണ്ണുനീരിന്നു നീ മാപ്പു നല്കേണമേ!

III

ആരാലണഞ്ഞു, നീ നിന്നിടും നേരം,മൊ-
രാനന്ദമൂർച്ഛയിൽ ഞാനടിഞ്ഞെങ്കിലോ!



Digitized By Kerala Sahitya Akademi

നിന്നെക്കുറിച്ചുള്ള ഗാനങ്ങളല്ലാതെ
മന്നിൽ മററൊന്നുമറിഞ്ഞുകൂടെങ്കിലും,
ആദരാൽ നിൻമുഖം കാണുമ്പൊളൊററവാ-
ക്കോതുവാൻപോലുമശക്തയാണിന്നിവൾ!

*          *          *

തഞ്ചും മധുരസം വാർന്നവസാന,മി-
ത്തങ്കച്ചഷകം തകർന്നുപോമെങ്കിലും,
സത്യപ്രകാശമേ, നിൻമടിത്തട്ടിലെൻ
നിത്യസുഷുപ്തി ലയിക്കാതിരിക്കുമോ?

9—9—1108

—*—

ഓരോരോ സന്ദേശമേകുന്നതുണ്ടെനി-
ക്കോരോ ലതയിലെപ്പൂങ്കുലയും!

14-6-1106



Digitized By Kerala Sahitya Akademi

മജ്ജീവനായക, കേളിയറസ്സകം
ലജ്ജാവനമ്രമുഖിയായിരിക്കിലും,
താവകവിഗ്രഹം മാത്രമാണെപ്പൊഴും
താവുന്ന ഭക്തിയാൽ ധ്യാനിപ്പതോമന;
കാലം കരാംഗുലി നീട്ടിപ്പതുക്കെ,യെൻ
ലോലമുഖപടം നീക്കിയാൽ പിന്നെ ഞാൻ,
മുഗ്ദ്ധയ,ല്ലക്ഷണം നിന്നടുത്തെത്തി നിൻ
സ്നിഗ്ദ്ധാനനം ഞാൻ മുകർന്നുകൊള്ളാം, സംശയം.

## II

ദേവ, നിൻ ചിത്രം വരച്ചും തുടച്ചു,മെൻ
ജീവിതച്ഛായം പകുതിയും തീർന്നുപോയ്.
എന്നാലിനിയുമായിട്ടില്ലെനി,ക്കതിൻ
സൗന്ദര്യമെല്ലാം പ്രതിഫലിപ്പിക്കുവാൻ.
ആശങ്കയില്ലാശ്ശയി,ല്ലിതെങ്ങാനുമെ-
ന്നാശയാലല്പം പുകപിടിച്ചെങ്കിലോ!
അന്തരംഗത്തിലെനിക്കാളുമുൽക്കണ്ഠ-
യെന്തിനിനിയും വളർത്തുന്നു നീ, വിഭോ?

## III

നാമിരുവർക്കും നടുക്കൊരു നേരിയ
ധൂമിക നില്ക്കുന്നതു,ണ്ടതു നീങ്ങിയാൽ,



Digitized By Kerala Sahitya Akademi

പിന്നെ നാമങ്ങിങ്ങു നില്ക്കില്ലൊരിക്കലും
പിന്നെ നാമൊന്നിച്ചുതന്നെയാണെപ്പോഴും!

*        *        *

മംഗളസ്വപ്നങ്ങൾ കണ്ടുകണ്ടെന്നെന്നു-
മങ്ങതൻ മാറിൽ തല ചായ്ച്ചുറങ്ങുവാൻ,
ആരാലിവളിതാ പോരികയായി നി-
ന്നാരോമൽ—നിത്യാനുരാഗം നുകരുവാൻ!!

2—1—1108

—*—

ആയിരമായിരം മുല്ലമൊട്ടാ-
ലാകാശപ്പന്തലലങ്കരിക്കാൻ
ആമന്ദമാദരാലാഗമിക്കും
ഹേമന്തയാമിനി നോക്കി നില്ക്കേ,
സ്വപ്നസങ്കേതം ഞാനെത്തിയിട്ടും
മൽപ്രിയനെന്തിത്ര താമസിപ്പൂ?

10—11—1108



Digitized By Kerala Sahitya Akademi

# ശൂന്യതയിൽ

ഘോരഘോരനിരാശയിൽത്തന്നെയെൻ
ജീവനാളം വരണ്ടു വരണ്ടു ഞാൻ,
എത്രനാളിനിപ്പോകണമീവിധം
ചിൽപ്രകാശമേ, നിന്നടുത്തെത്തുവാൻ?
ഞാനൊരു ശിശു, നിന്നെയെങ്ങാനു,മെൻ
ചാപലത്താലനാദരിച്ചെങ്കിലോ!

അന്ധകാരമായ്;—എൻമുന്നിലൊക്കയു-
മന്തമററ കൊടും മണൽക്കാടുകൾ.
കൈയിലില്ലൊരു മൺവിളക്കെങ്കിലും
വയ്യ വയ്യെനി,യ്ക്കേകാന്തഭീരു ഞാൻ!
ആത്തവേദനം ഞാൻ പൊഴിച്ചീടു,മെ-
ന്നാത്മരോദനമാരുണ്ടു കേൾക്കുവാൻ?
നിന്ന നില്പിലിതാ പതിക്കുന്നു ഞാ-
നൊന്നു വന്നെന്നെത്താങ്ങു വെളിച്ചമേ!!

17—4—1108

—*—



Digitized By Kerala Sahitya Akademi

## പാരവശ്യം

മധുരചിന്തകളിളകും, സങ്കല്പ-
മധുവിധുകാലരജനികൾ,
ഹൃദയനാളത്തെത്തഴുകി, മന്ദമെൻ
വിജനശയ്യയിലണയവെ;
ഉദിതതാരകളിരുളിലെമ്പാടു-
മമൃതധോരണി ചൊരിയവെ;
ഇനിയും പൂങ്കുയിൽ മുഴവനാക്കാത്ത
പ്രണയഗാനത്തിൻ ശകലങ്ങൾ
പലതു,മയ്യയ്യോ, ശിഥിലമായൊരീ
മുരളിയിൽ വന്നു നിറയുന്നു.
ഫലമെന്തെന്നാലു,മൊരു രാഗംപോലും
പൊഴിയുവാനതിന്നരുതല്ലോ.
കഴിയണമോരോ ദിനവുമെണ്ണി ഞാ-
നിതുവിധം ഘോരകദനത്തിൽ!

* * *

പുലരിപ്പൊന്നിളവെയിലുലകിനെ-
പ്പുളകപ്പൂമ്പട്ടിൽ പൊതിയവെ;
സുഖദശീകരമിളിതശീതള-
സുരഭിലാനിലനിളകവെ;
മൃദുലനിദ്രതൻ മടിയിൽ നിന്നുമെൻ
വ്രണിതമാം ജീവനുണരവെ;



Digitized By Kerala Sahitya Akademi

അവളെ,ക്കഷ്ട,മെന്നരികിൽ കാണാതെൻ
ഹൃദയം നൊന്തു ഞാൻ കരയുന്നു.
ഒരു കിനാവിലെക്ഷണികസല്ലാപ-
സ്മരണമാത്രമുണ്ടിനിയെന്നിൽ.

പരിധിയില്ലാത്ത പരമശൂന്യത-
യ്ക്കിടയിലുള്ളോരോ ചുഴികളിൽ,
ഇരുളും ഞാനുമായ് തഴുകിയന്യോന്യ-
മിനിയുമെത്ര നാൾ കഴിയണം?

ഹൃദയസങ്കല്പവിപുലസീമയ്ക്കു-
മകലെയുള്ളേതോ വനികയിൽ,
ഭജനലോലയായ് കഴികയാണവൾ
പ്രണയലേഖമൊന്നെഴുതുവാൻ.
വിരഹചിന്തയാൽ വിവശനായൊരെൻ
വിവിധസന്തപ്തസ്മരണകൾ,
ചിറകടിച്ചടിച്ചമരസാമ്രാജ്യ-
പരിധിയും കടന്നുയരിലും,
അവളെന്നെദ്ധ്യാനിച്ചമരും, ചന്ദന-
ത്തണലിലെന്നിനിയണയും, ഞാൻ!
കനകനക്ഷത്രപ്പൊടി വിതറിയ
ഗഗനവീഥിയിൽ മുഴവനും,
ഒരു മനോഹരമണിമേഘത്തേരി-
ലവളെ നോക്കി ഞാൻ പല ദിനം,



Digitized By Kerala Sahitya Akademi

വഴി ചോദിക്കവാനൊരുവനില്ലാതാ
വിജനതയിലൊട്ടുഴറിടേനൻ.
ഒരു കാലത്തിനിയവളോടിക്കഥ
പരിഭവമായിപ്പറയും ഞാൻ!

* * *

മൃദുലപുഷ്പനാസുലഭമായൊര-
കുസുമശയ്യയിലൊരു നാളിൽ,
നറുനിലാവിങ്കലിരുവർ ഞങ്ങളൊ-
ത്തവികലാനന്ദഭരിതരായ്,
അമിതരാഗാർദ്രസരസസല്ലാപ-
കുതുകികളായി മരുവുകിൽ,
വെറുമസൂയയാലൊരു പക്ഷേ, ലോകം
പഴതേ ചൊന്നേക്കാം പരിഭവം!
പ്രണയസുന്ദരകലഹകല്ലോല-
ച്ചുരുളിൽ ഞങ്ങളന്നുരുളുമ്പോൾ,
കൊതിയാകും മന്നിനൊരു കൊച്ചോമന-
മുരളിയായ് മേലിൽ കഴിയുവാൻ
കവനമോഹിനി,യവളെന്നെയൊരു
പുളകമായ് മാററും നിമിഷത്തിൽ,
അറിയും ഞാ,നോരോ കുയിലുമന്നോളം
ചൊരിയും ഗീതത്തിൻ പൊരുളുകൾ.
സതതമെൻമനം തകരു,മാരമ്യ-
സുദിനമെൻ മുന്നിലണവോളം!!

6—9—1109

—— * ——



Digitized By Kerala Sahitya Akademi

# പരിതൃപ്തി

കനകകോമളതരളതാരകാ-
കലികകൾ വാനിൽ വിരിയവെ,
വികലഭാഗ്യ ഞാൻ, ഹൃദയനാഥ, നിൻ
പ്രണയമാശിച്ചു കരയുന്നു.

ഇനിയും മുന്നേപ്പോൽ കഴിയും ഹേമന്ത-
നിശകളോരോന്നും വിഫലമായ്.
മിഴിനീരാലെന്നും വളരുമെന്നാശാ-
ലതികയ്ക്കില്ലൊരു മധുമാസം.

ശരി;-യെന്നാലും തെല്ലരുതല്ലോ, നാഥ,
പിഴതു ദൂരെക്കളയാൻ മേ!

ശശിലേഖ മന്ദഹസിതചന്ദ്രിക
വിതറി വിണ്ണിങ്കൽ വിലസുമ്പോൾ,
ഗളിതബാഷ്പത്തിൻ കണികകളാലി-
പ്രണയലേഖനം നനയുമ്പോൾ

നുകരുന്നുണ്ടു ഞാനകളങ്കാത്മാവി-
ലനുരാഗത്തിൻെറ മകരന്ദം!

ഇനിയും, ജീവേശ, വരുവാനെന്തെനി-
ക്കിതിലും മീതെയായൊരു ഭാഗ്യം?
പ്രണയശൂന്യമാം ഹസിതത്തേക്കാളും
മഹിതം രാഗത്തിൻ ചുടുബാഷ്പം!

അമരലോകത്തേയ്ക്കുയരുവാനെനി-
ക്കനഘമിക്കണ്ണീർ മതിയല്ലോ!

*    *    *

അഭിലഷിപ്പൂ ഞാനിതുമാത്രം:—നിത്യം
തകരാവൂ ചിത്തം, പ്രണയത്താൽ!!

—*—

14-5-1109



Digitized By Kerala Sahitya Akademi

# പ്രഭാതബാഷ്പം

ഉലകിനെച്ചുംബിച്ചുണർത്തും—വിണ്ണിൻ
മഹനീയതേജോവിലാസം,
മമ നയനങ്ങളിൽ മന്ദം—കുളിർ-
മഴവില്ലിൻ ചാറു തളിച്ചു.
സുഖദസുഷുപ്തിയിൽനിന്നെൻ—ജീവൻ
സുരപഥത്തോളമുയൻു.
ഉദയപ്രഭയിൽ കുളിച്ചു—മന്നി-
നുടലാകെക്കോരിത്തരിച്ചു.
പറവകൾ പാടിപ്പറന്നു—പുഷ്പ-
പരിമളമെങ്ങും പരന്നു.
പുലർകാലപ്പൂന്തെന്നൽ വീശി—പ്പിഞ്ചു-
മലരണിവല്ലികളാടി
ഇളവെയിലേററു സുഖിച്ചു—ചിത്ര-
ശലഭങ്ങൾ പാറിക്കളിച്ചു.
കളിചിന്നും പൂക്കളെപ്പുല്കി—പ്പുല്കി-
യളികുലമങ്ങിങ്ങിളകി.

*　　*　　*

അവികലാനന്ദതരംഗ—സംഗ-
മവനിയിലെങ്ങും ഞാൻ കാണ്മൂ.
ഹിമകണവൈഡൂര്യമാല്യം—പിഞ്ചു-
തൃണരാജിക്കേകുമിക്കാല്യം



Digitized By Kerala Sahitya Akademi

അതിദിവ്യനവ്യചൈതന്യം — ഒന്നി-
ക്ഷിതിയിങ്കലെങ്ങും പൊഴിപ്പൂ.
എവിടെയുമാനന്ദനൃത്തം — മന്നി-
ലെതിരറ്റൊരുന്മേഷഭാവം.
ഹതനായി ഞാൻ മാത്രമല്ലേ — എന്റെ
ഹൃദയം തകരുകയല്ലേ?
മിഴിനീരിൽ മുങ്ങി ഞാനെന്നും — എവം
കഴിയണമെന്നാണോ, യോഗം?
ഇനിയുമിതെത്രനാൾ താങ്ങും — തീരെ-
സ്സഹിയാനാകാത്തൊരിത്താപം
സതതം സമാധാനമൂകം — അയ്യോ!
സഹതാപശൂന്യമീ ലോകം!!

* * *

കവനസാമ്രാജ്ഞി, നീയും — കഷ്ടം!
നിഹതനാമെന്നെ മറന്നോ?
വെറുമൊരു ചുംബനം മാത്രം — തന്നാ-
ലമലേ, നിനക്കെന്തു ചേതം?
ഒരുപക്ഷേ, ഞാനതുമൂലം — ഒരു
പൊലിയാത്ത താരമായ് തീരാം.
മമ ജീവനാളം ക്ഷണത്തിൽ — ഒരു
മധുരസംഗീതമായ് മാറാം.
കമനീയസ്വപ്നമേ, ഞാനും — നിന്റെ
കമിതാക്കന്മാരിലൊന്നല്ലേ?
അനുനയലോലനാമെന്നിൽ — നിന-
ക്കനുകമ്പയില്ലാത്തതെന്തേ?



Digitized By Kerala Sahitya Akademi

കപടത മാത്രം നിറഞ്ഞീ—ടുമി-
ബ്ഭുവനമെനിക്കു മുഷിഞ്ഞു.
ഇവിടെനിന്നിക്ഷണമയ്യോ!—ഞാനി-
ന്നെവിടെയൊന്നോടിയൊളിക്കും?

*　　　*　　　*

പല പല ചിന്തകളെന്നും—ഉള്ളിൽ
അലതല്ലിപ്പൊങ്ങുന്നനേരം,
തല ചാച്ചുവാനെൻ തണലും—ദേവി,
തവ മടിത്തട്ടായിരുന്നു!
അതുമിനി ലഭ്യമല്ലെങ്കിൽ—പിന്നി-
ക്ഷിതിയിലെനിക്കെന്തു ഭാഗ്യം?
അതിശുഷ്കം ജീവിതപാത്രം—എനി-
യ്ക്കതുകൊണ്ടിനിയെന്തു കാര്യം?
പരമാത്മസ്നേഹമിപ്പാരിൽ—ഇത്ര
വിരളമാണെന്നാരറിഞ്ഞു?
അതിലൊരു തുള്ളിക്കായെത്ര—കാലം
.സതതമെന്നാത്മാവെരിഞ്ഞു?
ഒരു ഫലമില്ലാതൊടുവിൽ—ഞാനി-
ക്കൊടിയ നിരാശയിൽ നില്പൂ,
ഇവിടെയെല്ലാടമിരുട്ടാ—ണയ്യോ!
എവിടെ,യെവിടെ വെളിച്ചം?—

*　　　*　　　*

മയിലുകൾ ചാഞ്ചാടിയാടും—നീല-
ക്കുയിലുകൾ പഞ്ചമം പാടും;



Digitized By Kerala Sahitya Akademi

തരുനിര പൂത്തും തളിർത്തും—നിന്നു
സുരഭിലമർമ്മരം തൂകും;
ക്ഷിതിയിങ്കലെന്തിനും മോദ—പൂരം
മതിയിൽ നിറഞ്ഞു തുളുമ്പും;
ഇതുമട്ടാണെന്നാലുമെന്നും—ഒരു
ഹൃദയമിരുന്നു കരയും!!—

9—5—1109

ഇനിയും ഞാൻ കേവലമന്യനായി-
ക്കഴിയണമെന്നാൽക്കഴിഞ്ഞുകൊള്ളാം;
പലതും ചപലത ചൊല്ലുമെന്നിൽ-
പ്പരിഭവിക്കേണ്ട നീയോമലാളേ!

8—8—1109



Digitized By Kerala Sahitya Akademi

## കാമുകനെ കാത്ത്

ലോകജീവിതം!—ഹാഹാ! ശോകപൂരിതം, വ്യർത്ഥ-
മാകുമൊരാശാബദ്ധമാന്ത്രികമായാസ്വപ്നം!
ഞാനിതിലോരോ തന്ത്രി മീട്ടിനോക്കയാണെന്നാൽ
ഗാനശൂന്യമീ വീണ;—വിഫലം മമ യത്നം!
ഭാവിതൻ ചുടുതീയിൽ പൂഞ്ചിറകയ്യോ, കരി-
ഞ്ഞാവിലം പിടയ്ക്കുണ്ട പൂമ്പാററയാണെൻ ചിത്തം!

"കാമനേ, മടിയ്ക്കേണ്ട പോരികെ,"ന്നെന്നെ സ്വയം
പ്രേമസല്ലാപത്തിനായ് ക്ഷണിക്കും മരണത്തെ,
ഞാനനാദരിച്ചാലോ?—പാടില്ല; വേഗം ചെന്നെൻ
പാനഭാജനം കൈയിൽ കൊടുപ്പതത്രേ കാമ്യം.
ഞങ്ങൾതൻ പരസ്പരപ്രഥമാശ്ലേഷം!—ഞാനാ
മംഗളരംഗം വെറും മടിയാൽ വൈകിച്ചല്ലോ!

സംഗീതമയം, നിത്യശാന്തിദം, ഭവദീയ-
സംഗമമുഹൂർത്തം, ഞാൻ കാത്തുകാത്തിരിക്കട്ടെ!

17—6—1109



Digitized By Kerala Sahitya Akademi

# രാഗവ്യഥ

കാരിവാർമുകിൽമാല മൂടവേ, കുറച്ചു ഞാൻ
കരയാൻ നോക്കീ, സഖീ;— കണ്ണുനീർ വരുന്നില്ല.
ഇപ്പരിതാപത്തിന്റെ ഘോരമാമെരിതീയി-
ലല്പാല്പമായ് നിശ്ശബ്ദം ദഹിച്ചീടണം ചിത്തം.
കണ്ണുനീർ വരുത്താത്ത കദനം, കദനത്തിൻ
കണ്ണീരിനേക്കാളേറ്റം ഭേദിക്കും ഹൃദയത്തെ!
സതതം വിലപിക്കുമാഴിയേക്കാളും ദുഃഖം
ഹതമായ് കാട്ടിൽ പൂത്ത മൂകപുഷ്പത്തിൽ കാണും!

അനുരാഗത്തിൻ മലർമെത്തയിലുറങ്ങുമ്പോ-
ളനുവാസരം കാണും സ്വപ്നങ്ങൾ, സുഗന്ധികൾ.
അതിനുണ്ടൊരു മായാദർശിനി;— മനോനേത്ര-
മതിലേ പായുംനേരം, പ്രപഞ്ചം മണൽത്തരി!
ഞാനെത്ര ഹതഭാഗ്യയാകിലെ,ന്തിന്നെങ്കിലും
മാനസബാഷ്പത്തിന്റെ മാധുര്യ്യമറിഞ്ഞല്ലോ!!

28—4—1109

—*—



Digitized By Kerala Sahitya Akademi

# ആശ

ഒരു വെൺമുകിൽമാലയായിരുന്നെങ്കിൽ, ചെനാ-
ച്ചെറുതാരകയെ ഞാനിക്ഷണം ചുംബിച്ചേനെ.
കൊതിയുണ്ടെല്ലായ്പ്പൊഴും ചിത്തത്തിനാകാശത്തിൻ
മതിലേഖയെ മന്ദം മാറിലേയ്ക്കണയ്ക്കുവാൻ!
വഴിയേ വന്നെൻ കാല്ക്കൽ നില്പവ കൈവിട്ടു, ഞാൻ
വഴുതും വസ്തുക്കളിൽ കയറിപ്പിടിയ്ക്കുന്നു.
കാലത്തിൻകണ്ണാടിയിൽക്കൂടി ഞാൻ നോക്കീടുമ്പോൾ
കാണുന്നു നാനാവർണ്ണമയമായ് മജ്ജീവിതം.
ഹരിതപ്രഭം പോയതി,പ്പൊഴുള്ളതു പീതം,
വരുവാനിരിക്കുന്നതൊക്കെയും തമോമയം!
നാളെ,യിന്നലെ,യെന്ന പേരെഴുമിരുവർതൻ
തോളിൽ കൈ പിടിച്ചെത്തുമിന്നേ! നീ ബലഹീന!
നിന്നെപ്പോൽ, നിശ്ശൂന്യതയ്ക്കുള്ളിലെത്രപേരിനി-
ച്ചെന്നെത്തിക്കഴിഞ്ഞാലെന്നാശയ്ക്കു വിരമിക്കാം?

1—5—1109

—*—



Digitized By Kerala Sahitya Akademi

# തുഷാരഗീതി

സ്വാഗതം സവിതാവേ, നിർമ്മലാത്മാവേ, സ്വാമിൻ,
ഭാഗധേയത്താലെനിക്കങ്ങയെക്കാണാറായി!
ധന്യനാമവിടത്തെക്കാരുണ്യാതിരേകത്താ-
ലെന്നാത്മാവൊരു കൊച്ചു തേജോമണ്ഡലമിപ്പോൾ.
ഞാനൊരു മഞ്ഞുതുള്ളി—തെററിപ്പോയ് ക്ഷണികത
നാനാത്വങ്ങളിലൊരു നീപ്പോളയേക്കാൾ തുച്ഛം.
ഭൂമിക്കും നാകത്തിനുമൊന്നുപോലൊരു രത്ന-
സീമയായ് നിലകൊള്ളും ചക്രവാളത്തെപ്പോലെ,
നിത്യമല്ലാത്തൊരെന്നിലെന്തിനാണവിടത്തെ
നിസ്തുലപ്രഭാപൂരം ചൊരിഞ്ഞു പാഴാക്കുന്നു?
ഇത്തേജോഭരം തെല്ലും താങ്ങുവാൻ കെല്പില്ലല്ലോ
സത്വരം, സ്വാമിൻ, രാഗമൂക ഞാൻ മൂർച്ഛിച്ചാലോ?

ഒരു കാലത്തും തല പൊക്കിടാത്തിപ്പുൽക്കൊടി-
ക്കൊരു ഭാരവുംക്കൂടിയേററിയെൻ ജനിയാൽ ഞാൻ!
കർമ്മസാക്ഷിയാം ഭവാനെന്നോടു നിശ്ശബ്ദമായ്
നർമ്മസല്ലാപം ചെയ്യതാരുമിന്നറിയേണ്ട.
ഈ നിഗൂഢമാം ദിവ്യപ്രേമമൊന്നല്ലീ, തമോ-
ലീനമായൊരെൻ ജന്മം വെളിച്ചമാക്കിത്തീർത്തു?
അകളങ്കാത്മാവാകുമങ്ങയോടെനിക്കൊട്ടും
പ്രകടിപ്പിക്കാനില്ല ശക്തി,യെൻ കൃതജ്ഞത.
നിസ്തുലരാഗത്താലെൻ ഹൃദയം വികസിക്കെ
നിർജ്ജീവവസ്തുക്കൾക്കും സൗന്ദര്യമായ് ഞാൻപോലും.



Digitized By Kerala Sahitya Akademi

അവസാനിച്ചീടാത്ത പുളകാങ്കുരത്തിനാ-
ലവനീദേവി നിത്യമൂകയായ് നിലകൊൾകെ,
പരിപാവനയാമജ്ഞനാനി കാണ്കെക്കാണ്കെ-
പ്പരിപൂർണ്ണതയിങ്കൽ ചെന്നു ഞാൻ ലയിക്കാവൂ!

പക്ഷികൾ മനോജ്ഞമാം പഞ്ചമഗാനങ്ങളാൽ,
വൃക്ഷങ്ങൾ മധുരമാം മർമ്മരാരവത്തിനാൽ;
ലതകൾ നൃത്തത്തിനാൽ, പുഷ്പങ്ങൾ സുഗന്ധത്താൽ,
സതതം ചിത്തം തുടിച്ചെന്നെന്നുമാനന്ദിക്കും.
നിസ്സാരമാകും, ക്ഷണം മാഞ്ഞുപോ,മൊരു വെറും
നിശ്ശബ്ദമന്ദസ്മിതം മാത്രമാണെന്നാനന്ദം.
ആയതിൻ പരിധിയാണെന്നുടെ പരിപൂർത്തി
മായണമതിങ്കൽ ഞാനൊത്തിയാലപ്പോൾത്തന്നെ!
അലംഘ്യപ്രഭയോലും, തവ ദിവ്യാംശുവൊന്നി-
ലലിഞ്ഞു ചേർന്നിടുവാൻ വെമ്പലായി മേ, ദേവ!
മായുന്നതെന്തിനായ് ഞാൻ?—തന്മൂലം ഭവദ്രശ്മി
മാമകാഭയാലല്പം മിന്നിക്കാനായാ,ലായി!
രാഗചുംബിയാം തുച്ഛജീവിതം മദീയം ഹാ!
ത്യാഗത്തിലെത്തിപ്പൂ ഞാൻ!—വിരമിക്കട്ടെ, നാഥാ!!

12—2—1109



Digitized By Kerala Sahitya Akademi

വനികാംഗനയാൾതൻ മന്ദഹാസാങ്കുരങ്ങൾ
തനിയേ കവർന്നവൾ കുമ്പിളിൽ നിറയ്ക്കുന്നു.
അയൽവീട്ടിലെ സഖിയെത്തിടാൻ നേരം വൈകു-
ന്നതിലുണ്ടവൾക്കല്പം താപവുമുൽക്കണ്ഠയും.
കന്നനാളത്തെത്തിരിച്ചവളെ പ്രതീക്ഷിച്ചു
കൺമണി കൂടക്കൂടെക്കണ്ണയയ്ക്കുന്നു; നോക്കൂ!
ആർത്തിയാർന്നാററിലേയ്ക്കു പോകുവാനായ്, തൻകൂട്ടു
കാത്തു നിന്നീടുമൊരു മാൻകിടാവിനെപ്പോലെ.

തഴുകീ തരുണാർക്കൻ തങ്കരശ്മിയാ,ലെന്നാൽ
മുഴുവൻ മാഞ്ഞിട്ടില്ല മൂടൽമഞ്ഞെല്ലാടവും.
തണലും വെയിലുമില്ലെങ്ങുമേ;—സുഖം തരും
തണുവുള്ളൊരു കാററു വീശുന്നുണ്ടിടയ്ക്കിടെ,
ലജ്ജയിൽ മടിച്ചാദ്യമായിത്തൻ നാഥൻ വാഴും
മച്ചിലേയ്ക്കൊരു മുഗ്ദ്ധ പോയിടുന്നതുപോലെ.
തോളത്തുനിന്നപ്പപ്പോളിഴിയും നീരാളപ്പൂ-
ഞ്ചേലത്തുമ്പിളംകരവല്ലിയാലൊതുക്കിയും;
മഞ്ജുളമണിനൂപുരാരവം വീശുംപടി
കഞ്ജകോമളമായ കാലിണ ചലിപ്പിച്ചും;
സമ്പന്നവസന്തത്തിൻ നൃത്തമണ്ഡപമായ
ചെമ്പനീരലർക്കാവിൽ വാഴുന്നു വിലാസിനി.

നീലക്കാറൊളിച്ചുരുളളകം മേലേ ചിന്നി
ലോലഫാലകം സ്വേദാങ്കുരത്താൽ പേർത്തും മിന്നി.



Digitized By Kerala Sahitya Akademi

അവൾതൻ കരാംഗുലിസ്പർശനസൗഭാഗ്യത്താ-
ലതിധന്യരായ്ത്തീരും കുസുമങ്ങളെ നോക്കി;
യെത്തിടുമസൂയയാൽ യുവതാപം തുളുമ്പീടു-
മെത്രയോ ഹൃദയങ്ങൾ തുടിച്ചിട്ടുണ്ടാകില്ല!
ഉഷസ്സും ലജ്ജിച്ചിട്ടു,ണ്ടോമലിൻ കണ്ണഞ്ചിക്കും
സ്വച്ഛമാം മുകുരത്തിൽ, തന്മുഖം നിഴലിക്കെ!
മഞ്ഞുതുള്ളികളേററു കുളുത്ത പനീർപ്പൂവിൻ-
മഞ്ജിമ സവിശേഷമുടലാന്നതുപോലെ;
രമ്യമാം മധുവിധുകാലത്തെ സ്വപ്നംപോലെ-
യമ്മലർത്തോപ്പിലതാ ലാലസിക്കുന്നു, ഹേമ!!

അരികത്തൊരു കൊച്ചുപൂഞ്ചോല പാടിപ്പാടി
നുരയാൽ ചിരിച്ചുകൊണ്ടൊഴുകിപ്പോയീടുന്നു.
സൽപ്രേമസമ്പന്നയാമൊരു പെൺകൊടിയുടെ
സുപ്രഭാമയമായ ജീവിതത്തിനെപ്പോലെ!
അതിൻെറ തടത്തിങ്കലേയ്ക്കതാ വന്നെത്തുന്നു
മതിമോഹനാകാരരാം രണ്ടു യുവാക്കന്മാർ.
ഒരുവനുടൻ നിത്യമുണ്ടായിടുംപോ,ലന്നു-
മൊരു തൂമിന്നൽപ്പിണർ പായുകയാ,യുൾത്താരിൽ!
ഹേമ, പൂ പറിക്കുവാനെത്തിടും സമയ,മി-
താണെന്നു നന്നായവനറിയാം, പണ്ടേതന്നെ.

അവളെ, ഭ്രൂവല്ലിയാൽ ചൂണ്ടിക്കാണിച്ചു മന്ദ-
മവനോതുന്നു, തൻെറ വിശ്വസ്തസുഹൃത്തൊടായ്:—
“എന്നെന്നുമെനിക്കൊരു പുളകാങ്കുരം നല്കാ-
നെന്നാശാലതികതൻ, വസന്തമതാ നില്പൂ!!.........”

4-7-1108

—*—



Digitized By Kerala Sahitya Akademi

## സല്ലാപം

മധുരസ്വരത്തിലെൻ കാമുകൻ ചോദിക്കുന്നു:—
"മദിരോത്സവം നിനക്കോമലേ മതിയായോ?
മതിയായെങ്കിലൊന്നു തല ചായ്ക്കണ്ടേ?—പനീർ-
മലർചിന്നിയോരെന്റെ മാർത്തടം പോരേ? പോരു!
അവശേ, നീയിന്നെന്തിനിത്രമേൽ പരുങ്ങുന്ന-
തവിടെക്കിടന്നോട്ടേ, ശൂന്യമത്തങ്കക്കിണ്ണം.
മേദുരാമോദം നിന്നെ നിശ്ശബ്ദമോരോ പാട്ടു
സാദരം പാടിപ്പാടിയുമ്മവെച്ചുറക്കാം ഞാൻ!
പരിചോടെന്നും നിനക്കത്യനർഘമാമോരോ
പരമാനന്ദസ്വപ്നം കണ്ടുകണ്ടുറങ്ങീടാം.
കാലത്തിൻ ചിറകടിയൊച്ചകേട്ടുണരാതെ
ലോല നീയെൻമാറത്തു പൂവുപോൽ കിടക്കുമ്പോഴും,
പുളകോൽഗമകാരിയായ നിന്നംഗസ്പർശം
മിളിതോത്സവം ഞാനുമാസ്വദിച്ചാനന്ദിക്കാം.
അങ്ങനെയന്യോന്യസംസിക്തമാമനുരാഗ-
മംഗളമലർവല്ലി പുഷ്പിച്ചു ലസിക്കട്ടെ!
എന്തിനാണെന്നോ? ദിവ്യമാമതിൻ സുഗന്ധമി-
ന്നെന്തിനെങ്കിലുമൊരു സാന്ത്വനമായാലായി.
ഇന്നു നീയുറങ്ങുന്നതൊക്കെയും മറക്കുവാൻ
പിന്നെ നീയുണരുന്നതൊക്കെയും പുതുക്കുവാൻ.
ഈവിധം മറവിയും, പിന്നത്തെ സ്മരണയും
കേവലം നാം തമ്മിലുള്ളൊളിച്ചുകളി മാത്രം!



Digitized By Kerala Sahitya Akademi

നിനക്കെന്തിനാണിനിശ്ശൂന്യമാം ചഷകം?—ആ
നിരഘാസവമെല്ലാമൂററി നീ കുടിച്ചല്ലോ!
എറിഞ്ഞു വലിച്ചതു ദൂരെ;—നീയിനിയതു
വെറുതേ കണ്ണീരിലിട്ടെന്തിനു കഴുകുന്നു?—
പോരികെൻ മാറത്തേ,ക്കെന്നോമനയല്ലേ? ബാഷ്പ-
ധാര ഞാൻ തുടച്ചോളാം, നാണമെ,ന്തയ്യോ,പോരൂ!... ”

*　　　*　　　*

പ്രേമപൂർണ്ണമായൊരിസ്സല്ലാപം!—ഹാഹാ, നോക്കു
രോമാഞ്ചത്താലെൻ തനുവല്ലരി തളിർത്തല്ലോ!
കാമുക, വരുന്നു ഞാ,നാ വിശാലമാം മാറിൽ
കാമദമായിട്ടുമെൻ ചുംബനം വിതറുവാൻ!!

7-1-1108

—*—

എവിടെയും കാൺമൂ മഹിതമാമൊരു
പരമാനന്ദത്തിൻ നിഴലാട്ടം
ഹതഹൃദയമേ, സതതം നീമാത്രം
കദനഗർത്തത്തിലടിയുന്നോ?

5-2-1108



Digitized By Kerala Sahitya Akademi

പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാണ്മൂ
പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ.
ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി-
ട്ടെത്ര കാലമാ,യെന്നാലിനിയും തീർന്നില്ലല്ലോ!
ഓരോരോ ദിവസവുമത്യനല്പമായിട്ടും
ചാരുതയൊന്നീലോകഗോളത്തെപ്പൂശുന്നു.
അല്ലെങ്കിൽ, പ്രാപഞ്ചികജീവിതത്തിനെ, നമ്മ-
ളെല്ലാരു,മിതിൻമുൻപേ വെറുത്തു കഴിഞ്ഞേനെ!
പൂർവ്വദിങ്മുഖത്തിങ്കൽ സിന്ദൂരപൂരം പൂശി-
പ്പൂവിനെച്ചിരിപ്പിച്ചു വന്നെത്തും പുലരിയും,
മുല്ലമൊട്ടുകൾ വാരി വാനിങ്കൽ വിതറിക്കൊ-
ണ്ടുല്ലാസഭരിതയായണയും സന്ധ്യാശ്രീയും;
വാനിലുല്ലസിച്ചിടും വാർമതിയൊഴുക്കുന്ന
പൂനിലാവിങ്കൽ കുളിച്ചെത്തിടും രജനിയും;—
എന്തിനിപ്രകൃതിയിൽ സൗന്ദര്യമയമായു-
ള്ളെന്തും, ഹാ, ജീവിതത്തെ മധുരിപ്പിച്ചീടുന്നു!
കുളിർത്ത മണിത്തെന്നൽ സൗരഭോന്മാദംപൂണ്ടു
തളിർത്ത തരുക്കളെത്തഴുകിത്തളരവെ;
അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി-
ത്തൻതിരകളാൽ താളം പിടിച്ചു പാടിപ്പാടി.
പാറക്കെട്ടുകൾതോറും പളുങ്കുമണി ചിന്നി-
യാരണ്യപ്പൂഞ്ചോലകളാമന്ദമൊഴുകവെ;
മരന്ദം തുളുമ്പുന്ന മലരിൻ ചുററും കൂടി
മുരളും തേനീച്ചകൾ പറന്നു കളിക്കവെ;



Digitized By Kerala Sahitya Akademi

വല്ലികാനടികൾ നൽപല്ലവാകുലമായ
ചില്ലക്കൈയുകളാട്ടി നർത്തനം ചെയ്തീടവെ;
അറിയാതവരോടുകൂടി നമ്മളുമേതോ
പരമാനന്ദപ്രവാഹത്തിങ്കൽ മുഴുകുന്നു.
ഈവിധം മനോഹരവസ്തുക്കളെല്ലാം, നമ്മെ-
"ജ്ജീവിക്ക, ജീവിക്ക"കെ,ന്നുൽബോധിപ്പിപ്പൂ നിത്യം.
"നുകരൂ, നുകരൂ, മൽസൗന്ദര്യം!"—നമ്മോടിളം-
മുകുളം വികസിച്ചു നെടുവീർപ്പിട്ടോതുന്നു.
"മുറുകെ മുകർന്നീടുകോമനേ, പിന്നെപ്പിന്നെ
മറവിക്കകത്തേയ്ക്കു വീണടിയേണ്ടോരെന്നെ!"
പാടലദലാധരം ചേർത്തുമുച്ചലിക്കെ,ച്ചെ-
റ്റാടലാർന്നളിയോടു പനിനീർപ്പൂവതീറ്റപ്പൂ.
ജീവിതലഘുകാവ്യത്തിൻ പകർപ്പവകാശം
കേവലം മരണത്തിനുള്ളതാണെങ്കിലാട്ടെ;
നിത്യസുന്ദരമാകും, സ്നേഹഗീതിയാലതു
നിസ്തുലമാക്കിത്തീർക്കാനാവുകി,ലതേ കാമ്യം!
സായാഹ്നരാഗംപോലെ സർവ്വവും, തേയാം, മായാം
പോയാലോ പോയീ;—പിന്നെയൊന്നുമി,ല്ലെല്ലാം
(ശൂന്യം!
ഇന്നു നാമുള്ളോ,രില്ലാത്തവരായ്ത്തീർന്നീടേണം
പിന്നാലെ വരുന്നോർക്കൊരന്ധാന്വേഷണത്തിനായ്
ഇന്നലെ,ത്തേങ്ങിത്തേങ്ങിയെന്തിനോ കരഞ്ഞു ഞാ-
നിന്നിനിച്ചിരിക്കട്ടെ;—നാളെ ഞാനൊഴിഞ്ഞേയ്ക്കാം!
പുളുമേ, വീണ്ടും വീണ്ടും പുൽകുക ലോകത്തെ നീ
'മതി!'—യെന്നവളെക്കൊണ്ടോതിക്കാതൊരിക്കലും!

27—3—1108.



Digitized By Kerala Sahitya Akademi

കേവലമാശാമയസ്വപ്നമാത്രമാ,മെൻെറ
ഭാവനാസാമ്രാജ്യത്തിൽത്തന്നെ,ഞാനിരുന്നോട്ടെ!—
തിമിരം ലേശംപോലും തീണ്ടാത്തൊ,രക്കൽഹാര-
കമനീയോദ്യാനത്തിൽത്തന്നെ, ഞാൻ കഴിഞ്ഞോട്ടെ!—
അവിടെ-സ്വച്ഛന്ദമായൊന്നു ഞാൻ വിഹരിച്ചാ-
ലതിനും കയർക്കുന്നതെന്തിനാണാവോ, ലോകം!
ഒന്നുമില്ലെനി,ക്കെന്നാലീ നിരാശയിൽപ്പോലും
മന്നിനെന്തസൂയ!—ഞാനിനിയെങ്ങോടിപ്പോകും?

പൊന്നിനാലുന്മാദംപൂണ്ടുലകം, പുരോഗതി-
ക്കെന്നു ചൊന്നതുമാത്രം മുന്നോട്ടു കുതിക്കുമ്പോൾ,
ശരിയാ,ണതേ; വാടിപ്പോയ പൂവിനെ നോക്കി-
ക്കരയാനൊരുമ്പെട്ടും ഞാനൊരു വെറും മൂഢൻ
കാണുന്നതെല്ലാംതന്നെ നശ്വരമല്ലേ?—പിന്നെ
ഞാനതു നോക്കിത്തേങ്ങിക്കരഞ്ഞാ,ലതോ കുററം?
മാനവൻ മഹാരഥൻ!—ഭേദമെന്തെന്നാൽ, കഷ്ടം!
ഞാനുമപ്പൂന്തോപ്പിലെപ്പനിനീർപ്പൂവും തമ്മിൽ?
നാളത്തെപ്പുലർകാലമായതിൻ ലാവണ്യത്തെ
നാമെല്ലാം കാൺകെത്തന്നെ, നിർദ്ദയം നശിപ്പിക്കും;
ഇന്നു നാമതു നോക്കിപ്പുഞ്ചിരിയിട്ടന്നെന്തി-
നിന്നത്തെ നമ്മെപ്പോലും നാളെയാരോർക്കുന്നാവോ!

അത്യന്തം ദയനീയമാകു,മീ മറവിയോ-
ത്തെത്ര യത്നിച്ചാലെന്തു വററുമോ കണ്ണീരല്ലും?



Digitized By Kerala Sahitya Akademi

ജീവിതകാവ്യം തീൎക്കുമക്കലാകാരൻതന്നെ
കേവലം ശോകാത്മകലോലനായിരിക്കണം.
ഇല്ലല്ലോ ലവലേശ,മായതിലാകെക്കൂടി
വല്ല ഭാഗത്തെങ്ങാനൊരാനന്ദഗാനംപോലും.
നിസ്സഹായതയിങ്കൽ നമ്മളെപ്പിടിച്ചിട്ട
"നിശ്ശബ്ദ!"മെന്നോതുവാൻ നിയതി തുനിഞ്ഞാലോ!
ഇനിയും കരഞ്ഞതു പോരാ നാം; മറെറാന്നിനും
തുനിയാൻ നമുക്കില്ല തെല്ലുമിന്നവകാശം.
ഏകാന്തം നിരാശതൻ കണ്ണാടിച്ചില്ലിൽക്കൂടി
ലോകത്തെ നോക്കിക്കാണും മനസ്സിൻ നയനങ്ങൾ
എത്രമേൽ ബാഷ്പാവിലമാകിലെന്തതിൽ പേൎത്തും
സദ്രസം നിഴലിപ്പൂ സത്യത്തിൻ കിരണങ്ങൾ.

ഈ വിശപ്പംതന്നെ,യേതോ തീരാത്ത നിരാശതൻ
ഭാവമൂകമാം ബാഹ്യരൂപമല്ലെന്നാർ കണ്ടു?
കോലാഹലത്തിൽ പൊതിഞ്ഞുള്ളൊരീ നിശ്ശബ്ദത-
യ്ക്കാലംബകേന്ദ്രം വെറും നൈരാശ്യ,മിച്ഛാഭംഗം.
എന്തിലുമപൂൎണ്ണതയല്ലാതെ കാണ്മീലിങ്ങു
ചിന്തിക്കി,ലെല്ലാംതന്നെ നിൎജ്ജീവം, വെറും ജഡം!
മന്ദഹാസവുംകൂടി മാറാത്ത മാലിൻ ചിഹ്നം
മഞ്ജുസംഗീതം തപ്തചിന്തയാൽ തരംഗിതം.
നാനാപാന്ഥന്മാൎക്കല്പം വിശ്രമിക്കുവാൻ മാത്രം
സ്ഥാനമുള്ളൊരീ ലോകം, ഹാ, വെറും വഴിസ്സത്രം!
നാമെല്ലാമൊരുപോലെ നിസ്സഹായന്മാർ, മൎത്ത്യ-
നാമാക്കളാകും വെറും യന്ത്രങ്ങൾ, മൽപിണ്ഡങ്ങൾ!



Digitized By Kerala Sahitya Akademi

അപ്രമേയാത്ഭമാകും വൈദ്യുതപ്രവാഹമൊ-
ന്നത്ഭുതാവഹം നമ്മെയീവിധം ചലിപ്പിപ്പൂ.
ആയതിൻ സമാപ്തിയിൽ സർവ്വവും നിശ്ചഞ്ചലം
ഹാ, മർത്ത്യ, നിൻഭൂതലം മായികച്ഛായാതലം!

ദയനീയമാമൊരു ഗദ്ഗദ,മവ്യക്തമാ-
മൊരു രോദന,മാണീ ജീവിതം നിരാലംബം!
ഫലശൂന്യമാമതു ചെന്നുചെന്നവസാനം
ഫലശൂന്യതയിൽത്താനല്ലല്ലീ വിലയിപ്പൂ!
എന്തൊരു ശോച്യാവസ്ഥ!— വിസ്മയമെന്തി,ന്നതു
ചിന്തിച്ചു ചിന്തിച്ചെൻെറ കണ്ണിണ നിറഞ്ഞെങ്കിൽ!

സതതം ജോലിത്തിരക്കാർന്നൊരെൻ ജഗത്തേ, നീ
കുതികൊള്ളുക മുന്നോട്ടെ,ന്നെ നീ ഗൗനിക്കേണ്ട.
ഞാനൊരു വെറും ശോചനീയത, നിനക്കെൻെറ
ദീനരോദനം, പക്ഷേ, ദുസ്സഹമായിത്തോന്നാം!
അതു നീ പൊറുത്താലുമുള്ളലിഞ്ഞെ,നിക്കെൻെറ
ഹൃദയം നോവുന്നു, ഞാനിത്തിരി കരഞ്ഞോട്ടെ!

*          *          *

കേവലമാശാമയസ്വപ്നമാത്രമാ,മെൻെറ
ഭാവനാലോകത്തേയ്ക്കുതന്നെ, ഞാൻ പൊയ്ക്കൊള്ളട്ടെ:
തിമിരം ലേശംപോലും തീണ്ടാത്തൊ,രക്കൽഹാര-
കമനീയോദ്യാനത്തിൽനിന്നെന്നെ വിളിക്കൊല്ലേ!

17—11—1109.

—*—



Digitized By Kerala Sahitya Akademi

## വനബാല

കാനനച്ഛായയിൽത്തന്നെ കഴിച്ചു
കാതരേ, നീ നിന്റെ ശൈശവകാലം;
പച്ചച്ചെടികളും, പൂക്കളുമോരോ
കൊച്ചുകിളികളുമൊത്തു നീ വാണു;
ചന്ദനക്കാടിനു രോമാഞ്ചമേകും
മന്ദസമീരണൻ നിന്നെപ്പുണർന്നു.
അന്നവസ്തുക്കളോരകൃത്രിമമാകും
സൗന്ദര്യമൊക്കെയും നിന്നിൽ പകർന്നു.
മിന്നുന്നതെന്തു നിൻ പൊന്നിളംമെയ്യി-
ലിന്നാ നിരഘസുഷമയല്ലാതെ?

II

അന്നു പടിഞ്ഞാറു ചായുന്ന സൂര്യൻ
ചിന്നിച്ചിതറുന്ന പൊന്നിൻപൊടികൾ,
നൽത്തളിർച്ചാർത്തിൽ പൊഴിഞ്ഞതുതന്നെ-
യിത്തുടുപ്പുങ്കവിൾത്തട്ടിലും കാണ്മൂ;
കാന്താളകേ, നിന്നെ മന്ദം നടക്കാൻ
പൂന്തെന്നലാകാം പഠിപ്പിച്ചതാദ്യം;
കൊച്ചുപൂഞ്ചോലയെപ്പോൽ, നീ ചിരിക്കെ,
മച്ചിത്തമിന്നും തുടിക്കുന്നു ബാലേ!
അന്നാ വനത്തിന്റെ സൗന്ദര്യമെല്ലാ-
മിന്നും തെളിഞ്ഞു ഞാൻ കാണുന്നു നിന്നിൽ.



Digitized By Kerala Sahitya Akademi

## III

നീലാംബരത്തിൽ പ്രതിബിംബമേന്തും
നീരണിത്താമരപ്പൂമ്പൊയ്കപോലെ,
അത്ര തെളിഞ്ഞതാണാരോമലേ, നി-
ന്നത്തപ്രേമം തുളുമ്പും ഹൃദയം.
അൻപോടനുരാഗസൗരഭം വീശും
ചെമ്പനിനീരലർതന്നെ നീ നൂനം.
വാനിൻ വിശുദ്ധിയും ഭൂവിൻ ക്ഷമയും
കാനനപുഷ്പമേ, കാൺമൂ ഞാൻ നിന്നിൽ!
ഹാ, "വനബാല"യാം നീ മാത്രമാണെൻ
ജീവിതാനന്ദം;—ജയിച്ചു ഞാൻ ധന്യൻ!!

2—6—1107

—*—



Digitized By Kerala Sahitya Akademi

# വിശ്രാന്തി

ചുടുവെയിലിതു മനുഷ്യഹൃത്തിലെ-
ക്കഠിനതയെക്കാളതിവ ശീതളം.
ഇവിടെ,യീ മരത്തണൽച്ചുവട്ടിലൊ-
ന്നിനിയൊരിത്തിരി തല ചായ്ക്കട്ടെ, ഞാൻ!
വിവശനായൊരെൻ, വിവിധചിന്തയി
വിജനതയിൽ തെല്ലടങ്ങിയെങ്കിലോ!

കളകളസ്വരമുഖരകണ്ഠരായ്
വരികരികിലെൻ കിളിക്കിടാങ്ങളേ!
അസഹ്യമല്ലെനി,ക്കണുവു,മിപ്പൊഴീ
വരണ്ട വായുവിൻ പരുത്ത ചുംബനം.
പരിസരമെല്ലാം പരുഷമാമോരോ
പരിഭവസ്വരം തിരയടിച്ചിടും,
ഹൃദയശൂന്യമാം മണിയറയിലെ-
സ്സുമശയനത്തിൽ കൊതിപ്പതില്ല, ഞാൻ!
തണലുകൾ തിങ്ങി നിറയുമീ വെറും
മണലിലീവിധം കിടന്നിടുംനേരം,
ഒരു പദത്തിനും വഴങ്ങിടാത്തതാ-
മൊരു സമാധാനമനുഭവിപ്പു, ഞാൻ!

വെറുമസൂയയാൽ കരി പിടിച്ചതാ-
മൊരു മുഖവുമില്ലടുത്തൊരേട്ടവും.



Digitized By Kerala Sahitya Akademi

പരിഭവമില്ല, പരാതിയുമില്ല,
വിരസതയില്ല, വിലാപവുമില്ല;
വെറും പൊള്ളച്ചിരിപ്പുടപ്പുകളില്ല;
പരപരിഹാസലഹരികളില്ല;
കരാളശാസനാവചനങ്ങളില്ല;
കഠോരമാമോരോ കലഹങ്ങളില്ല;
നിശാന്തരീക്ഷംപോൽ പ്രശാന്തസുന്ദരം
നിഹതജീവി ഞാൻ കിടക്കുമിസ്ഥലം!!

പരമശാന്തി,യെന്നരികിലൂടെ,യൊ-
രരുവിയായ് മന്ദമൊഴുകിടുന്നിതാ!
പരിചോടായതിൽ പരിസ്ഫുരിച്ചിടും
പരിമൃദുലമാം മധുരമർമ്മരം,
തെരുതെരെയെടുത്തെറികയാണൊരു
പുളകത്തിലേയ്ക്കെൻ വ്രണിതജീവനെ!
പടർന്ന പാദപപടലിയിൽ, പാറി-
പ്പറന്നു പാടിടും പതംഗപാളികൾ,
മരിക്കുവോളവും മറക്കാനാകാത്ത
നിരഘതതാനങ്ങളെനിക്കു നല്കുന്നു!
ചലദലാകുലവിലാസിനികളാം
പലപല സുമസുരഭിലാംഗികൾ,
അമിതകൗതുക,മണിയണിയായി-
ന്നമലസുസ്മിതം പൊഴിച്ചിതാ, നില്പൂ!



Digitized By Kerala Sahitya Akademi

ഇനിയെന്തുവേണം, മമ മിഴിയിണ-
യ്ക്കിതിലുപരിയൊരനഘദർശനം!!
അകലെക്കാണുമ,ച്ചെറുഗിരികൾതൻ
പുറകിൽ നിന്നോരോ വിജനസ്വപ്നംപോൽ,
ലളിതനീലിമ പരന്ന വാനിലേ-
യ്ക്കിഴഞ്ഞുകേറുമക്കരിമുകിലുകൾ,
അലസമായ് നോക്കിയിരിക്കയാണെനി-
ക്കവനിയി,ലെന്തു സുഖത്തിലും സുഖം!
അരചനായിടേ,ണ്ടരമനയും വേ-
ണ്ടൊരു കിരീടവും തലയിൽ ചൂടേണ്ട!
മനോജ്ഞസംഗീതമസൃണ,മേകാന്ത
മഹിതശാന്തിദം, മദീയസങ്കേതം!
മഹാമഹിമകളെഴുന്നൊരീ വിശ്വ-
മഹാകാവ്യം, മുമ്പിൽ നിവർത്തിവെച്ചിദം,
മനസ്സിലാകാത്ത പലതു,മൊന്നിനി
മനസ്സിലാക്കുവാൻ മുതിർന്നിടട്ടെ, ഞാൻ!!

8—1—1108

—•—

ഹൃദയങ്ങൾ തമ്മിൽ പുണർന്നിടുമ്പോ-
ളിളകുന്നൊരവ്യക്തമർമ്മരമേ!
വിയദതിവിസ്തൃതശാന്തമായി
വിലസുമൊരാനന്ദമല്ലയോ, നീ?

5—12——1108



Digitized By Kerala Sahitya Akademi

# വ്രണിതഹൃദയം-

പരമധന്യയാമുലകിനെന്തിനെൻ
ഹൃദയബാഷ്പത്തിൽ നനഞ്ഞ ചിന്തകൾ?
കപടലോകത്തിൻ നടുവിലീവിധം
കദനഭീരുവായ് കഴിഞ്ഞിടുന്ന ഞാൻ,
നിരർത്ഥജല്പനം പൊഴിപ്പതൊക്കെയു-
മസഹ്യമായേക്കാം പലർക്കുമെപ്പൊഴും
“ക്ഷമിക്ക”കെന്നതിനുരച്ചുകൊണ്ടിതാ
നമിച്ചിടുന്നു ഞാനതിവിനീതനായ്!
വിവിധചിന്തയാൽ ഹൃദയവീണതൻ
മൃദുലതന്ത്രികൾ ശിഥിലമാകയാൽ,
നിരുപമാനന്ദമധുരിമയെഴു-
മൊരു ഗാനംപോലുമുദിപ്പതില്ലതിൽ!
മദീയമാനസം മഥിത,മീവിധം
വിററലഗദ്ഗദം പൊഴിക്കാറു മേലും!!

19—2 1108



Digitized By Kerala Sahitya Akademi

# പുതിയ പുസ്തകങ്ങൾ

1. ശ്രീമൽഭഗവദ്ഗീത—സവ്യാഖ്യാനം—
(വ്യാഖ്യാതാവ്: പണ്ഡിതരാജൻ പി. എസ്സ്.
അനന്തനാരായണശാസ്ത്രി) വില 10ക.

2. ശ്രീദേവീമാഹാത്മ്യം—ശുദ്ധമായ പാഠം,
പരിഭാഷ, പാഠാന്തരങ്ങൾ, മന്ത്രവിഭാഗം ഇവ
യോടുകൂടിയ പുതിയ പരിഷ്കരിച്ച പതിപ്പ്. പ
ണ്ഡിതരാജൻ പി. എസ്സ്. അനന്തനാരായണ
ശാസ്ത്രികളെഴുതിയത്. വില 2ക. 8ണ.

3. പൊലിഞ്ഞ ദീപം—ഗദ്യനാടകം—നാഗ
വള്ളി ആർ. എസ്സ്. കുറുപ്പ്. വില 1ക. 4ണ

4 ദീനാമ്മ—കേശവദേവിന്റെ വികാരോത്തേ
ജകങ്ങളായ അഞ്ചു ചെറുകഥകൾ. വില 1ക. 4ണ.

5. കൊച്ചനുജത്തി—സുപ്രസിദ്ധ ചെറുകഥാകാ
രനായ കാരൂർ അവർകളുടെ പുരോഗമനപര
മായ 8 ചെറുകഥകൾ. വില 1ക. 4ണ.

6. കാളവണ്ടി—വി. വി. എന്ന തൂലികാനാമ
ധേയത്താൽ പ്രസിദ്ധനായ ശ്രീ. വള്ളത്തോൾ വാ
സുദേവമേനോൻ എഴുതിയ 7 ചെറുകഥകൾ. വില 1ക. 8ണ.
തേന്തുള്ളികൾ—പി.സി. കുട്ടികൃഷ്ണന്റെ ചെ
റുകഥാസമാഹാരം. പേജ് 204. വില 2ക.

8. കർപ്പൂരചരിതഭാണം—മഹാകവി വള്ള
ത്തോളിന്റെ തർജ്ജമ വില 10ണ.

9. പുള്ളിമാൻ—എസ്സ്. കെ. പൊറ്റെക്കാട്. വില 1ക. 8ണ.

11. നിമിഷം—ജി. ശങ്കരക്കുറുപ്പ് വില 1ക.

ആവശ്യപ്പെടേണ്ടും മേൽവിലാസം:

മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ കൃതികൾ

| | | | |
|---|---|---|---|
| രമണൻ | 1 | 8 | 0 |
| സ്പന്ദിക്കുന്ന അസ്ഥിമാടം | 2 | 0 | 0 |
| അപരാധികൾ | 1 | 0 | 0 |
| കളിത്തോഴി | 2 | 8 | 0 |
| ദേവഗീത | 2 | 0 | 0 |
| ദിവ്യഗീതം | 1 | 8 | 0 |
| ബാഷ്പാഞ്ജലി | 1 | 8 | 0 |
| രക്തപുഷ്പങ്ങൾ | 1 | 4 | 0 |
| സങ്കല്പകാന്തി | 1 | 4 | 0 |
| സാഹിത്യചിന്തകൾ | 1 | 0 | 0 |
| ആരാധകൻ | 0 | 8 | 0 |
| വത്സല | 0 | 8 | 0 |
| മോഹിനി | 0 | 8 | 0 |
| തിലോത്തമ | 0 | 8 | 0 |
| ദേവത | 0 | 8 | 0 |
| ചൂഡാമണി | 1 | 0 | 0 |
| ശ്രീതിലകം | 1 | 0 | 0 |
| കലാകേളി | 0 | 12 | 0 |
| ആകാശഗംഗ | 1 | 0 | 0 |
| വിവാഹാലോചന | 0 | 8 | 0 |
| അനശ്വരഗാനം | 0 | 8 | 0 |
| കരടി | 0 | 8 | 0 |
| നവഭാവന (ശ്രീദേവി ചങ്ങമ്പുഴ) | 0 | 8 | 0 |
| ഇടപ്പള്ളി രാഘവൻപിള്ളയുടെ കൃതികൾ | 5 | 0 | 0 |

മംഗളോദയം ലിമിറ്റഡ്,

തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi